


ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന രേഖ

അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്

സമഗ്ര വികസനരേഖ

1996

❑

ചീഫ് എഡിറ്റർ

വിജയലക്ഷ്മി സദാനന്ദൻ

❑

എഡിറ്റർ

ഒ.എസ്. സുബ്രഹ്മണ്യൻ

❑

പത്രാധിപസമിതി അംഗങ്ങൾ

പി.ജി. അലക്സാണ്ടർ

വി.എസ്. അബ്ദുൾ റഹ്മാൻ

കെ.പി. ശെൽവരാജ്

എം.ആർ ആന്റണി

പി.എസ്. മുരളീധരൻ

പി. മുരളീധരൻ

വി.ജെ. ജൂഡ്

വി.ജെ. ജെയ്സൺ

❑

മുഖ്യ ഉപദേഷ്ടാവ്

ഷാജു പള്ളൻ

❑

മുഖച്ചിത്രം

"വികസനത്തിന്റെ സൂര്യോദയം"

കെ. ഡി. ദയാലു, ഇടയക്കുന്നം

❑

മുദ്രണം: ലിറ്റിൽ ഫ്ളവർ പ്രസ്സ്, മഞ്ഞുമ്മൽ

അക്ഷരവിന്യാസം : കിപ്സ് കമ്പ്യൂട്ടേഴ്സ്, കളമശ്ശേരി

ചിത്രസജ്ജീകരണം: കളർ ലിങ്ക്സ്, കലൂർ


"പഞ്ചായത്ത് രാജ്
സ്ഥാപിക്കപ്പെട്ടു കഴിയുമ്പോൾ
അക്രമത്തിന് ഒരിക്കലും
നേടാൻ കഴിയാത്തത്
പൊതുജനാഭിപ്രായത്തിന്
നിർവ്വഹിക്കാൻ കഴിയും"

-മഹാത്മാഗാന്ധി -

ജില്ലാ ഭൂപടം

TRICHUR
IDUKKI
ALLEPPEY
KOTTAYAM
ARABIAN SEA
COCHIN
ALWAYE TALUK
PARUR TALUK
KUNNATHUNAD TALUK
KANAYANNUR TALUK
COCHIN TALUK
ERNAKULAM
MUVATTUPUZHA TALUK
KOTHAMANGALAM TALUK
ANGAMALY MUNICIPALITY
ALWAYE MUNICIPALITY
PARUR MUNICIPALITY
PERUMBAVUR MUNICIPALITY
COCHIN CORPORATION
TRIPPUNITHURA MUNICIPALITY
MUVATTUPUZHA MUNICIPALITY
KOTHAMANGALAM MUNICIPALITY
FORT COCHIN
Willingdon Island
Vembanad Lake
To Trichur
To Alleppey
To Kottayam
To Idukki
To Thodupuzha

ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത്





വിജയലക്ഷ്മി സദാനന്ദൻ

പ്രസിഡന്റ്



പി. ജി. അലക്സാണ്ടർ

വൈസ് പ്രസിഡന്റ്



പോൾ പൈലി

സ്റ്റാൻഡിങ്ങ് കൗൺസിൽ ചെയർമാൻ



വിജയകുമാരി ടീച്ചർ

മെംമ്പർ



അംബികാവേണു

മെമ്പർ



എം. ആർ. ആന്റണി

മെംമ്പർ



എം. എ. മാത്യു

മെമ്പർ



കെ. പി. ശെൽവരാജ്

മെംമ്പർ



വി. എസ്. അബ്ദുൾ റഹ്മാൻ

മെംമ്പർ



സരസ്വതി മേനോൻ

മെംമ്പർ



ഷാജു പള്ളൻ

കൺവീനർ



എൽസമ്മ കൊയിലൊ

സെക്രട്ടറി

ഉള്ളടക്കം

1. ആമുഖം 9
2. പഞ്ചായത്ത് പൊതു വിവരണം 12
3. ചരിത്രതാളുകൾ മറിക്കുമ്പോൾ 13
4. ഭൂപ്രകൃതി – ജനപ്രകൃതി 18
5. സാമൂഹ്യ- സാമ്പത്തിക മേഖലകൾ 21
   - (1) കൃഷിയും ജലസേചനവും 23
   - (2) മൃഗസംക്ഷണവും മത്സ്യബന്ധനവും 33
   - (3) വ്യവസായം 38
   - (4) ഗതാഗതം, ഊർജ്ജം, മാർക്കറ്റ് 41
   - (5) വിദ്യാഭ്യാസം 51
   - (6) കുടിവെള്ളവും പൊതുജനാരോഗ്യവും 58
   - (7) പാർപ്പിടവും സാമൂഹ്യക്ഷേമവും 65
   - (8) സംസ്ക്കാരം 71
   - (9) വനിതാക്ഷേമം 75
   - (10) സഹകരണം 80
   - (11) പട്ടിക ജാതി- പട്ടിക വർഗ്ഗക്ഷേമം 86
   - (12) വിഭവസമാഹരണം 91
6. നന്ദിയോടെ, ആദരവോടെ 102

1
ആമുഖം

ആയിരത്തിത്തൊള്ളായിരത്തി നാൽപത്തിയേഴ് ആഗസ്റ്റ് പതിനഞ്ച് വെള്ളിയാഴ്ച.

അടിമത്വത്തിന്റെ വർണപ്പതാക മാറ്റി സ്വാതന്ത്ര്യത്തിന്റെ ത്രിവർണ്ണ പതാക ഉയർത്തപ്പെട്ട സുവർണ്ണദിനം.

പക്ഷേ, വിദേശീയനിൽ നിന്നും സ്വദേശീയനിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട ഭരണ വ്യവസ്ഥയുടെ പ്രയോജനം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങളിൽ പൂർണ്ണമായി എത്തിക്കാൻ നമുക്ക് കഴിഞ്ഞില്ല.

നാടിന്റെ സമഗ്ര വികസനത്തിനായി 1951 ൽ ഭാരത സർക്കാർ പഞ്ചവത്സര പദ്ധതികൾക്ക് രൂപം നൽകി.

എട്ടു പഞ്ചവത്സര പദ്ധതികളും ഇടക്കാലത്തുള്ള വാർഷിക പദ്ധതികളും വഴി നേട്ടങ്ങൾ ഉണ്ടായെങ്കിലും പദ്ധതി വിഹിതം പലതും എത്തേണ്ടിടത്ത് എത്തിയില്ല എന്ന വസ്തുത ഗൗരവപൂർവ്വം മനസ്സിലാക്കേണ്ടതുണ്ട്. ജനങ്ങൾക്കും നാടിനും യോജിച്ച പദ്ധതികൾ തയ്യാറാക്കപ്പെട്ടില്ല. പദ്ധതികൾ തയ്യാറാക്കുന്നതിലോ, അവ നടപ്പാക്കുന്നതിലോ അതിന്റെ ഗുണഭോക്താക്കൾക്ക് യാതൊരു

പങ്കാളിത്തവും ഉണ്ടായിരുന്നില്ല. മാത്രമല്ല പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും തങ്ങളുടെ താത്പര്യം സംരക്ഷിക്കപ്പെടുന്ന രീതിയിൽ യഥേഷ്ടം ഇടപെടാൻ ഇടനിലക്കാർക്ക് ധാരാളം അവസരങ്ങളുണ്ടായിരുന്നു. അശാസ്ത്രീയമായ പദ്ധതികൾ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെത്തന്നെ സാരമായി ബാധിച്ചു.

കാർഷിക രാജ്യമായ ഭാരതത്തിന്റെ കാർഷികോത്പാദനം ഗണ്യമായി കുറഞ്ഞു. തൊഴിലില്ലായ്മയും വിലക്കയറ്റവും രൂക്ഷമായി വർദ്ധിച്ചു. നാണയപ്പെരുപ്പനിരക്കും പിടിച്ചു നിർത്താനാവാത്തതോതിൽ ഉയർന്നു.

ഈ പ്രശ്നങ്ങളുടെ പ്രതിഫലനം കേരളത്തിലും സ്ഥിതിഗതികൾ രൂക്ഷമാക്കി. വ്യാവസായിക മുന്നേറ്റം അസാധ്യമായ രീതിയിൽ വ്യാവസായിക രംഗമാകെ മുരടിച്ചു. അഭ്യസ്തവിദ്യർ കൂടുതലുള്ള കേരളത്തിൽ തൊഴിലില്ലായ്മ പെരുകി. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ ഉപഭോഗത്തിൽ ഊന്നിയുള്ള ഒരു പ്രത്യേക ഉപഭോഗസംസ്ക്കാരം തന്നെ കേരളത്തിൽ വളർന്നു വന്നു. കാർഷിക വ്യവസായിക രംഗത്തെ മാന്ദ്യത്തോടൊപ്പം തൊഴിലില്ലായ്മയും വിലക്കയറ്റവും ജനജീവിതത്തെ ബാധിച്ചപ്പോൾ ഊർജ്ജ പ്രതിസന്ധി കേരളത്തിന്റെ വികസന രംഗത്ത് വൻവെല്ലുവിളി ഉയർത്തുന്ന പ്രശ്നമായി മാറി.

73-ാം ഭരണഘടനാ ഭേദഗതിയോടെ നിലവിൽവന്ന പഞ്ചായത്ത് രാജ് നിയമം ഗ്രാമപഞ്ചായത്ത് ഭരണത്തിന് പുതിയ മാനം നൽകുന്നവ ആയിരുന്നു. എങ്കിലും അധികാരങ്ങൾ വേണ്ട രീതിയിൽ വിഭജിക്കപ്പെട്ടില്ല. ആവശ്യമായ ഫണ്ട് ലഭിക്കാതെ പഞ്ചായത്തുകളിലെ വികസനം വഴിമുട്ടി നിന്നു.

ഇത്തരം ഒരു സാഹചര്യത്തിലാണ് 1996 ൽ അധികാരത്തിലേറിയ ഇടതു പക്ഷ ജനാധിപത്യ മുന്നണി സർക്കാർ വികസന രംഗത്ത് ഒരു നൂതന അധ്യായം കുറിച്ചുകൊണ്ട് 9-ാം പദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചത്. ആസൂത്രണം താഴെ തട്ടിൽ നിന്നും നടപ്പിലാക്കുക

വഴി മഹത്തായ ജനാധിപത്യ വ്യവസ്ഥയ്ക്ക് പുത്തൻ സമവാക്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് നാടിന്റെ വികസന ഭാഗധേയം നിർണ്ണയിക്കുവാനുള്ള അവസരം ജനങ്ങൾക്ക് വിട്ടുകൊടുക്കുവാനാണ് കേരള സർക്കാർ നിശ്ചയിച്ചത്. ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥയുടെ തങ്കത്താളുകളിൽ വർണ്ണ ലിപികളാൽ എഴുതിച്ചേർക്കേണ്ട ഈ അധികാര കൈമാറ്റം ലോക ജനതയ്ക്ക് തന്നെ മാതൃകയാകും വിധത്തിലുള്ള ചരിത്ര മുഹൂർത്തമായി മാറുകയാണ്.

ജനകീയ ആസൂത്രണ പരിപാടി നടപ്പിലാക്കാൻ 25.9.96 – ൽ പഞ്ചായത്ത് ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. പത്ത് വാർഡിൽ നിന്നുമായി 72 പേർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

ഗ്രാമസഭയുടെ പഞ്ചായത്തുതല ഉദ്ഘാടനം ഒക്ടോബർ 2–ാം തീയതി 2–ാം വാർഡിൽ ചിറ്റൂർ സെന്റ് മേരീസ് യു.പി. സ്കൂളിൽ വച്ച് നടന്നു.

ഗ്രാമസഭ നടന്ന തീയതിയും പങ്കെടുത്തവരുടെ വാർഡ് തിരിച്ചുള്ള എണ്ണവും പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

ഗ്രാമസഭയുടെ വിവരങ്ങൾ

വാർഡ് നമ്പർ	ഗ്രാമസഭ നടന്ന തീയതി	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	2	3	4	5
I	6.10.96	60	35	95
II	2.10.96	44	24	68
III	6.10.96	57	1	58
IV	13.10.96	98	29	127
V	13.10.96	102	33	135
VI	12.10.96	59	19	78
VII	13.10.96	55	11	66
VIII	13.10.96	81	9	90
IX	6.10.96	80	2	82
X	13.10.96	70	38	108
ആകെ		706	201	907

ജനപങ്കാളിത്തം കുറവായിരുന്നുവെങ്കിലും നാടിന്റെ വികസന പ്രശ്നങ്ങൾ ഗ്രാമസഭയിൽ സജീവമായി ചർച്ച ചെയ്യപ്പെട്ടു.

രണ്ടാംഘട്ടം പരിശീലന പരിപാടിയിൽ 113 പേർ പങ്കെടുത്തു. ഗ്രാമസഭകൾക്കു ശേഷം 11-10-96 മുതൽ 27-11-96 വരെ ദ്വിതീയ വിവരശേഖരണം നടത്തി. ശാരാശരി പതിനെട്ടുപേരുടെ 756 പ്രവർത്തി ദിനങ്ങളുടെ അദ്ധ്വാനം ഇതിനായി ചിലവഴിച്ചിട്ടുണ്ട്.

വിവിധ ഓഫീസുകളിലെ വിവരങ്ങൾ പലതും അടിസ്ഥാന രഹിതമായതിനാൽ ഇക്കാര്യത്തിൽ കാര്യമായ ശ്രമം നടത്തേണ്ടി വന്നു.

പഞ്ചായത്തിലെ മുഴുവൻ വ്യാപാരി- വ്യവസായികളുടേയും കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യബന്ധനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരുടേയും രാഷ്ട്രീയ പാർട്ടികളുടേയും സന്നദ്ധസാംസ്ക്കാരിക സാമുദായിക സംഘടനകളുടേയും യോഗങ്ങൾ വിളിച്ചു ചേർക്കുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അതിനെക്കുറിച്ച് വിലയിരുത്തുവാനും പരമാവധി ശ്രമിച്ചിട്ടുണ്ട്.

29.11.96, 30.11.96 തീയതികളിലായി പഞ്ചായത്തിലെ മുഴുവൻ വീടുകളും കയറിയിറങ്ങി ഗ്രാമ സർവ്വെ നടത്തി. ഇരുന്നൂറോളം പ്രവർത്തകർ ഇതിനായി അവിശ്രമം പരിശ്രമിച്ചു. സർവ്വെ മൂലം ലഭിച്ച വിവരങ്ങൾ വിലമതിക്കാനാവാത്തതാണ്.

2.12.96 തീയതി ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി വായിച്ച് അംഗീകരിച്ച ഈ റിപ്പോർട്ട് പഞ്ചായത്തിന്റെ സമഗ്രവികസന രേഖയായി മാറുകയാണ്.

സമൃദ്ധിയുടെ ആർപ്പുവിളികൾ ഉയരുന്ന പുരോഗതിയുടെ വെള്ളപ്പൂക്കൾ വിരിയുന്ന, ഐശ്വര്യത്തിന്റെ ശംഖൊലി മുഴങ്ങുന്ന ഒരു നല്ല നാളേക്കായി നമുക്ക് ഒറ്റക്കെട്ടായി മുന്നേറാം.

2

പഞ്ചായത്ത് പൊതു വിവരണം

പഞ്ചായത്തിന്റെ പേര്	–	ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത്
പഞ്ചായത്തിന്റെ സ്ഥാനം	–	സ്പെഷൽ ഗ്രേഡ്
പഞ്ചായത്തിന്റെ കാറ്റഗറി	–	താഴ്ന്ന പ്രദേശം
ഉൾപ്പെടുന്ന വില്ലേജ്	–	ചേരാനല്ലൂർ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	–	1. ചേരാനല്ലൂർ 2. ചിറ്റൂർ
ബ്ലോക്ക് പഞ്ചായത്ത്	–	ഇടപ്പള്ളി
താലൂക്ക്	–	കണയന്നൂർ
ജില്ല	–	എറണാകുളം
അസംബ്ലി മണ്ഡലം	–	തൃപ്പൂണിത്തുറ
വിസ്തീർണ്ണം	–	10.59 ചതു. കിലോമീറ്റർ
അതിരുകൾ:		
വടക്ക്	–	ഏലൂർ ഗ്രാമപഞ്ചായത്ത്
കിഴക്ക്	–	കളമശ്ശേരി മുൻസിപ്പാലിറ്റി
തെക്ക്	–	കൊച്ചിൻകോർപ്പറേഷൻ
പടിഞ്ഞാറ്	–	കടമക്കുടി, വരാപ്പുഴ ഗ്രാമപഞ്ചായത്തുകൾ
ജനസംഖ്യ		21,407 (1991-ലെ സെൻസസ്)
സ്ത്രീകൾ		10,801
പുരുഷന്മാർ		10,606
കുടുംബങ്ങൾ		4,106 (1991 -ലെ സെൻസസ്)
വാർഡുകൾ		10
പ്രസിഡന്റ്		ശ്രീമതി. വിജയലക്ഷ്മി സദാനന്ദൻ
വൈസ് പ്രസിഡന്റ്		ശ്രീ. പി.ജി അലക്സാണ്ടർ
സ്റ്റാൻഡിംഗ് കൗൺസിൽ ചെയർമാൻ		ശ്രീ. പോൾ പൈലി
അംഗങ്ങൾ		1. ശ്രീമതി. അംബികാ വേണു 2. ശ്രീമതി. വിജയ കുമാരി ടീച്ചർ 3. ശ്രീ. എം.ആർ. ആന്റണി 4. ശ്രീ. കെ.പി. ശെൽവരാജ് 5. ശ്രീമതി.സരസ്വതി മേനോൻ 6. ശ്രീ. എം.എ. മാത്യു 7. ശ്രീ. വി.എസ്. അബ്ദുൾ റഹ്മാൻ

3

ചരിത്രതാളുകൾ മറിക്കുമ്പോൾ

ചേരാനല്ലൂർ .... !

ചരിത്രരഥ്യയിൽ ഇടതടവില്ലാതെ വിരാജിക്കുന്ന വർണ്ണാക്ഷരങ്ങളിൽ നമ്മുടെ ഗ്രാമത്തിന്റെ പുരാഗീതങ്ങൾക്കും ഒരിടമുണ്ടായിരുന്നോ ? ഗ്രാമത്തിന്റെ ഗതകാല ശീലുക്കളിൽ സഹസ്രങ്ങളുടെ കഥകളുറങ്ങുന്നുണ്ടായിരിക്കുമോ ?

കൂർമ്മാന്വേഷണങ്ങൾ ഇനിയുമേറെ പടവുകൾ കയറേണ്ടിയിരിക്കുന്നു !

കൊച്ചി രാജ്യത്തെ ഇടപ്രഭുക്കന്മാരായിരുന്ന അഞ്ചിക്കൈമൾമാരിൽപ്പെട്ട കർത്താവിന്റെ ആസ്ഥാനമായിരുന്ന ഗ്രാമം.... !

കേരളത്തിന്റെ നവോത്ഥാനമണ്ഡലത്തിൽ സൂര്യതേജസ്സുയർത്തിയ കവിതിലകൻ പണ്ഡിറ്റ് കെ.പി. കറുപ്പൻ പിറന്ന ഭൂമി.....!

പ്രസിദ്ധ വൈജ്ഞാനിക സാഹിത്യകാരനായ ശ്രീ. വി.വി.കെ. വാലത്തിന്റെ ജന്മനാട്....!

ഒരുപക്ഷേ ഇതിൽ കൂടുതലൊന്നും ചരിത്ര സത്യങ്ങളെ ആധാരമാക്കി ചേരാനല്ലൂർ ഗ്രാമത്തെക്കുറിച്ച് പറയാനാവില്ല.

സ്ഥലനാമപുരാണം:

നെല്ലും തെങ്ങും സമൃദ്ധിയായി വളരുന്ന ഊര് എന്ന അർത്ഥത്തിലാണ് ചേരാനല്ലൂരിന്റെ സ്ഥലനാമോല്പത്തി എന്ന് കോമാട്ടിൽ അച്ചുതമേനോൻ പറയുന്നുണ്ട്. പക്ഷേ, തെങ്ങ് സമൃദ്ധിയായി കൃഷി ചെയ്യാതിരുന്ന കാലടിക്കടുത്തുള്ള കിഴക്കൻ ചേരാനെല്ലൂരിനെ കുറിച്ചും ഈ സ്ഥലനാമോല്പത്തി പറയേണ്ടി വരുമെന്നതിനാൽ അച്ചുതമേനോന്റെ വാദം അംഗീകരിക്കാനാവില്ല.

പ്രാചീന തമിഴകത്തിലെ ചേരം-ചോളം-പാണ്ടി എന്നീ മൂന്നു ഘടക രാജ്യങ്ങളെ സംബന്ധിച്ച് തമിഴ് സംഘം കൃതികളിൽ മികച്ച വിവരണങ്ങൾ നൽകുന്നുണ്ട്. കേരളം തമിഴകത്തിന്റെ ഭാഗമായിരുന്ന കാലത്ത് അറിയപ്പെട്ടിരുന്നത് "ചേരം" എന്ന പേരിലായിരുന്നു. അതുകൊണ്ട് ചേരശബ്ദ വാചിയായ സ്ഥലനാമങ്ങൾ കേരളത്തിന് അന്യമല്ലാതെ വരുന്നു.

ചേരമാൻ പെരുമാളിന്റെ "നല്ല ഊര്" ലോപിച്ചാണ് ചേരാനല്ലൂർ എന്ന പേര് ഉണ്ടായത് എന്ന ശ്രീ. V.V.K. വാലത്തിന്റെ വാദമേ അംഗീകരിക്കാനാവു.

ചരിത്രപശ്ചാത്തലം

വർഷങ്ങളുടെ കൃത്യത ക്ലിപ്തപ്പെടുത്താൻ ആവില്ലെങ്കിലും കടലുവച്ച കരയാണ് ചേരാനല്ലൂർ എന്ന നിരീക്ഷണ വാദത്തിന് ഭൂസ്ഥിതികൾ ദൃഷ്ടാന്തമേകുന്നു. കടലു വച്ച വൈപ്പിൻ ദ്വീപിന്റെ (A.D.1343) ഉത്ഭവ കാലത്തിന് അനേകകാലം മുമ്പേ ഈ ഗ്രാമ ഭൂപരിധി യാഥാർത്ഥ്യമായി കഴിഞ്ഞിരുന്നു. A.D. 14-ാം ശതകം, കോകസന്ദേശ കാലത്ത് കോഴിക്കോട്ടു നിന്ന് ഇടപ്പള്ളിയിലേക്കും അവിടെ നിന്ന് തെക്കോട്ട് കൊല്ലത്തേക്കും പോയിരുന്ന പെരുവഴിയിലാണ് ചേരാനല്ലൂർ സ്ഥിതി ചെയ്യുന്നത് എന്നു കാണുന്നു. ചേരാനല്ലൂരിൽ കൂടി

പെരുവഴി നീണ്ടു പോകുന്നതു കൊണ്ട് വഴിയിൽ ഇരുവശത്തും തണൽ മരങ്ങളും വഴിയാത്രക്കാർക്ക് ദാഹശമനത്തിനായി സംഭാരം കൊടുക്കുന്ന തണ്ണീർപന്തലുകളും വഴിവക്കിലെ വലിയ ചതുരക്കുളങ്ങളും അന്നത്തെ വികസന പദ്ധതിയിൽപെട്ടിരുന്നു.

കോകസന്ദേശകാരനായിരുന്ന കവി ചേരാനല്ലൂരിനെ ഇങ്ങനെ വർണ്ണിക്കുന്നു.

'ചേരാനല്ലൂർ വഴി കുറുതിത-
ക്കാൽ നടപ്പോമവർക്കും
ചേരുന്നല്ലീ നഭസ്സിപതതാം
ത്വദൃശാം കാകഥൈവ?
ആരാൽ കാണാമവിടെ വഴിമേൽ
മാഹിഷേ മൂർധ്നിതിർക്കാ-
ലാരാച്ചേരും നിഖില ഭുവനാ-
തങ്ക സിദ്ധൗഷധം തേ!"

കോഴിക്കോട്ടു നിന്ന് കൊച്ചി ആക്രമിക്കാൻ ചെന്ന സാമൂതിരി സൈന്യം അന്ന് സാമൂതിരി പക്ഷത്തായിരുന്ന ഇടപ്പള്ളി രാജാവിന്റെ സൈന്യവുമായി ചേരാൻ ഇടപ്പള്ളിയിലേക്ക് പടനീക്കം നടത്തിയത് ഈ വഴിക്കായിരുന്നു. ഈ പടനീക്കത്തെ പ്രതിരോധിക്കാൻ കൊച്ചിയുമായി തിരുവിതാംകൂർ നടത്തിയ ഉടമ്പടി പ്രകാരം കെട്ടിയ കോട്ടകളിൽ ഒന്ന് ചേരാനല്ലൂരിന്റെ വടക്കേ അറ്റത്തായിരുന്നു. 50 വർഷം മുമ്പു വരെ അതിന്റെ അവശിഷ്ടം കാണാമായിരുന്നു.

കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ മാന്ത്രികനായ ചേരാനല്ലൂർ കുഞ്ചുകർത്താവിനെ സംബന്ധിച്ച് പ്രസ്താവിച്ചിട്ടുണ്ട്. ചേരാനല്ലൂർ കർത്താവ് കൊച്ചി രാജാവിന്റെ സൈനിക തലവനും ദേശവാഴിയുമായിരുന്നു. അതുകൊണ്ടു തന്നെ കർത്താവിന് പ്രത്യേക രാജപദവികൾ ലഭിച്ചിരുന്നു.

നാണയ വ്യവസ്ഥ നടപ്പാക്കുന്നതിനുമുമ്പ് ചരക്കുകൈമാറ്റ സമ്പ്രദായമാണ് ഇവിടെ ഉണ്ടായിരുന്നത്. ഇതിനു കൈമാറ്റമെന്നു പേരു പറയും. വിഷുനാൾ മാത്രം നടത്തുന്ന ചന്തയായ വിഷുമാറ്റം ഈ അടുത്തകാലം വരെ ദൃശ്യമായിരുന്നു.

കോകസന്ദേശത്തിൽ പരാമർശവിഷയമാകുന്നില്ലെങ്കിലും ചേരാനല്ലൂരിലെ ചിരപുരാതനമായ ക്ഷേത്രം മാരാപ്പറമ്പ് ക്ഷേത്രമാണ്. എന്നാൽ ചേരാനല്ലൂർ ഭഗവതി ക്ഷേത്രത്തെ സംബന്ധിച്ച് കോകസന്ദേശകാരൻ വ്യക്തമായ സൂചനകൾ നൽകുന്നുണ്ട്. മാരാപ്പറമ്പ് ക്ഷേത്രത്തിന്റെ കരിങ്കൽത്തറയുടെ പ്രത്യേക നിർമ്മിതിയുടെ ശില്പരീതി വച്ച് ആദിയിൽ അത് ജൈനക്ഷേത്രവും പിന്നീട് ശിവക്ഷേത്രവുമായി മാറിയതാണെന്ന് പറയുന്നു.

വർണ്ണാധിഷ്ഠിതമായ സാമൂഹ്യബന്ധത്തിനകത്ത് ജാത്യാചാരത്താൽ പിന്തള്ളപ്പെട്ടിരുന്നു, മഹാഭൂരിപക്ഷവും. ഭരണകൂടവുമായി ബന്ധപ്പെട്ടിരുന്ന ഒരുപിടി ജന്മിമാരും കുടുംബക്കാരുമാണ് സാമൂഹ്യ ജീവിതത്തെ നിയന്ത്രിച്ചിരുന്നത്. സമൂഹത്തിന്റെ ഉല്പാദനാത്മകമായ പ്രവർത്തനവുമായി ബന്ധപ്പെട്ടു കഴിഞ്ഞിരുന്ന കീഴാളവർഗ്ഗത്തിന് പ്രധാന പെരുവഴികൾ നിഷിദ്ധമായിരുന്നു. കീഴ്ജാതിക്കാർക്കുവേണ്ടി പ്രത്യേകം പ്രത്യേകം വഴികൾ ഉണ്ടായിരുന്നത് ഇന്നും ചേരാനല്ലൂരിൽ കാണാം.

ചരിത്രത്തിന്റെ ഏടുകൾ കൂട്ടി വായിക്കുമ്പോൾ പുരാതന ചേരാനല്ലൂർ ഗ്രാമത്തിന്റെ ജീവിതത്തെ കുറിച്ച് കിട്ടുന്ന ശ്ലഥബിംബങ്ങൾ ഇതൊക്കെയാണ്.

നവോത്ഥാന കാലഘട്ടം

നവോത്ഥാന കാലഘട്ടത്തിൽ കേരളക്കരയാകെ പുത്തനുണർവ്വിന്റെ വേലിയേറ്റത്തിൽ പരിവർത്തന വിചിന്തനത്തിന് പാത്രീഭവിക്കുമ്പോൾ ചേരാനല്ലൂർ ഗ്രാമം ആലസ്യത്തിലാണ്ടു കിടക്കുകയായിരുന്നു. നവോത്ഥാന നായകന്മാരിൽ ഒരാളായ കവി തിലകൻ പണ്ഡിറ്റ് കെ.പി. കറുപ്പന്റെ ജന്മനാടായിരുന്നു ചേരാനല്ലൂർ ഗ്രാമം എന്ന സവിശേഷത മാത്രമാണ് ഇതിനൊരപവാദമായി നിന്നിരുന്നത്.

അരുവിപ്പുറത്തിന്റെ ആഴങ്ങളിൽ മുങ്ങിത്തപ്പിയെടുത്ത കരിങ്കൽച്ചീള് ഈഴവശിവനായി പ്രതിഷ്ഠിച്ച് സാമൂഹ്യമണ്ഡലത്തിലാകെ ശ്രീനാരായണ ഗുരുദേവൻ ജാത്യാചാരങ്ങൾക്കെതിരെ ഒരു കൊടുങ്കാറ്റുതന്നെ ഉയർത്തി വിട്ടു. നാടിന്റെ നവോന്മേഷ കാഹളം കേട്ട് പിന്തിരിഞ്ഞു നില്

ക്കാതെ പിന്നോക്കക്കാരന്റെ മുന്നണിക്കാരനായി ചരിത്ര മുഹൂർത്തത്തിൽ വെള്ളിനക്ഷത്രമായി കവി തിലകൻ ജ്വലിച്ചുയർന്നത് ഈ ആവേശം ഉൾക്കൊ ണ്ടായിരുന്നു.

1885–ൽ (കൊല്ലവർഷം 1060 ഇടവം 16) "അത്തോ പൂജാരി" എന്നു വിളിക്കുന്ന ചേരാനല്ലൂർ കണ്ടത്തി പ്പറമ്പിൽ അയ്യന്റേയും കൊച്ചു പെണ്ണമ്മയുടേയും രണ്ടാമത്തെ മകനായി കറുപ്പൻ ജനിച്ചു. ജാതീയ മായി പിന്നോക്കം നിന്നിരുന്ന അവശ സമുദായമാ യിരുന്നു അദ്ദേഹത്തിന്റേത്. വിദ്യാർത്ഥിയായിരിക്കു മ്പോൾ തന്നെ അദ്ദേഹം ജാതിചിന്തയ്ക്കെതിരെ പ്രവർത്തിക്കാനുറച്ചു. വിദ്യ അഭ്യസിക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധാലുവായ കറുപ്പനെ വരേണ്യ വിഭാഗത്തിലെ ചിലരെങ്കിലും അംഗീകരി ക്കാൻ തയ്യാറായി. 1905 ൽ കൊടുങ്ങല്ലൂർ കോവില കത്തു ചെന്ന് വിദ്യാഭ്യാസം നടത്തി. കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ, കുട്ടൻ തമ്പുരാൻ മുതലായ വരുടെ കീഴിൽ വൈദ്യവും തർക്കശാസ്ത്രവും പഠിച്ചു. കൊല്ലവർഷം 1080 ൽ എറണാകുളം സെന്റ്. തെരാസസിൽ സംസ്കൃതം മുൻഷിയായും കൊച്ചി സർക്കാർ ഫിഷറീസ് വകുപ്പിൽ ഗുമസ്തനായും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആരംഭിച്ച അധ: കൃത സംരക്ഷണ വകുപ്പിൽ അധ:സ്ഥിതോപ സംര ക്ഷകനായും ഹരിജൻ വെൽഫയർ ഡിപ്പാർട്ടു മെന്റിൽ ഉപാദ്ധ്യക്ഷനായും കൊച്ചി നിയമസഭാ സമാജികനായും കറുപ്പൻ പ്രവർത്തിച്ചു. 1932 മുതൽ മഹാരാജാസ് കോളേജിൽ ലക്ച്ചററായി പ്രവർത്തിച്ചിരുന്ന അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസ പരിഷ്ക്കരണ കാര്യദർശി, നാട്ടുഭാഷാ സൂപ്രണ്ട്, ഭാഷാ പരിഷ്ക്കരണ കമ്മറ്റി കാര്യദർശി, മദിരാശി യൂണി വേഴ്സിറ്റി ബോർഡ് മെംബർ, ചെയർമാൻ എന്നീ ബഹുമുഖ രംഗ ങ്ങളിൽ തിളങ്ങി നിന്നു.

സ്വാതന്ത്ര്യസമരത്തിന്റെ ആദ്യഅലകൾ കേരള ത്തിലും കേൾവികൊള്ളാൻ തുടങ്ങിയ കാലഘട്ട ത്തിൽ കറുപ്പൻ ഭാരതത്തിന്റെ ഭാവി ശ്രേയസ്സ് കൺമുമ്പിൽ കണ്ടു. രാജ്യഭരണ വിഷയങ്ങളിൽ ജനായത്ത സമ്പ്രദായങ്ങൾ നടപ്പാക്കണമെന്ന് അധികാരികളെ അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ഗുരുദേവൻ സൃഷ്ടിച്ച സാമൂഹ്യ അലയൊലി കളിൽ അനുഭാവം പൂണ്ട് കറുപ്പൻ പിന്നോക്ക വിഭാഗത്തിന്റെ സംഘടിത രൂപത്തിനു വേണ്ടി പ്രവർ ത്തനപഥത്തിലിറങ്ങി. സ്വന്തം കുടിലിന്റെ മുറ്റത്തു പോലും ഒത്തുകൂടാൻ അനുവാദം കൊടുക്കാതി രുന്ന അധികാരവൃന്ദങ്ങളുടെ നടപടികൾക്കെതിരെ കൊച്ചിക്കായലിൽ വള്ളങ്ങൾ ചേർത്തുകെട്ടി ചങ്ങാടമുണ്ടാക്കി പുലയമഹാസമ്മേളനം വിളിച്ചു കൂട്ടാൻ നേതൃത്വം കൊടുത്തു.

കുമാരനാശാനു മുമ്പുതന്നെ ജാതിചിന്തയ്ക്കെ തിരെ തൂലിക ചലിപ്പിച്ച കവിയായിരുന്നു K.P. കറുപ്പൻ. ജാതിക്കുമ്മിയും ഉദ്യാനവിരുന്നും ബാലക ലേശം നാടകവും ഉൾപ്പെടേ ഒട്ടേറെ കൃതികൾ അദ്ദേ ഹം രചിച്ചിട്ടുണ്ട്. 1938 മാർച്ച് 24 നാണ് പണ്ഡിറ്റ് കെ.പി.കറുപ്പൻ ദിവംഗതനായത്.

പണ്ഡിറ്റ് കറുപ്പന്റെ പ്രവർത്തനപഥം കേരളക്കര യാകെ നിറഞ്ഞു നിന്നിരുന്നെങ്കിലും ചേരാനല്ലൂരി ന്റെ സാമൂഹ്യ രംഗത്ത് ഇതൊന്നും കാര്യമായ പ്രതി ഫലനം സൃഷ്ടിച്ചിരുന്നില്ല. സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ചരിത്ര സംഭവങ്ങളിൽ പങ്കാളിയാവുന്ന പശ്ചാത്തലവും ഈ ഗ്രാമത്തിന്റെ രാഷ്ട്രീയ ചിത്രങ്ങളിൽ കാണുന്നില്ല. ചിറ്റൂരും, ചേരാനല്ലൂരും രണ്ടു ചർക്കാസംഘങ്ങൾ ഉണ്ടായിരുന്നത് സ്വാത ന്ത്ര്യ സമര കാലത്താണെന്നുള്ളത് ഒരു പ്രത്യേകത യാണ്. ഇതിനും കുറേ നാളുകൾ കഴിഞ്ഞ് കരം തീരുവ ഉള്ളവർക്കു മാത്രമായി വോട്ട വകാശം നൽകി ക്കൊണ്ടുള്ള തിരുക്കൊച്ചി സംസ്ഥാനത്തു നടന്ന തിരഞ്ഞെടുപ്പ് ചേരാനല്ലൂർ ഗ്രാമത്തിന്റെ രാഷ്ട്രീയ പ്രവർത്തന രംഗത്ത് ചെറിയ രീതിയിൽ ചലനം സൃഷ്ടിച്ചതായി പറയുന്നു. അവിടെ പ്രകടിപ്പിച്ച വീറും വാശിയും പഞ്ചായത്തിന്റെ രാഷ്ട്രീയ തല ത്തിൽ പുതിയൊരു രാഷ്ട്രീയ വിചിന്തനത്തിന് വിത്തു പാകാൻ സഹായകമായി.

പഞ്ചായത്തിന്റെ ചരിത്രം

കൊല്ലവർഷം 1083 ലെ വില്ലേജ് സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 3464 ഏക്കർ 52 സെന്റ് വിസ്തീർ ണ്ണമുള്ള പ്രദേശമായിരുന്നു ചേരാനല്ലൂർ. ചേരാന ല്ലൂർ, ചിറ്റൂർ, എടയക്കോണം (ഇടയക്കുന്നം), വടു തല (ഇപ്പോൾ കൊച്ചി കോർപ്പറേഷൻ) ഇങ്ങനെ 6

റവന്യൂദേശങ്ങളാണ് അന്ന് ചേരാനല്ലൂർ വില്ലേജിൽ ഉൾപ്പെട്ടിരുന്നത്. എറണാകുളം പ്രവർത്തിയിൽ ഉൾപ്പെട്ടിരുന്ന 3 വില്ലേജുകളിൽ ഒന്ന് ചേരാനല്ലൂർ വില്ലേജ് ആയിരുന്നു. അന്ന് ഈ വില്ലേജിൽ 1162 സർവ്വെനമ്പരുകളും അവയിൽ 900 നും സബ്ബ് ഡിവിഷനുകളും ഉണ്ടായിരുന്നു.

1891 ലെ സെൻസസിൽ ചേരാനല്ലൂർ വില്ലേജിൽ ആകെ ഉണ്ടായിരുന്നത് 1759 വീടുകളാണെങ്കിൽ 1901 ലെ സെൻസസിലൂടെ അറിവായത് 1763 എണ്ണമാണ്. അതായത് 10 കൊല്ലംകൊണ്ട് വർദ്ധിച്ചത് വെറും നാലു വീടുകൾ മാത്രമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

സെറ്റിൽമെന്റ് ഡെപ്യൂട്ടി പേഷ്കാർ കസ്തൂരിരംഗ അയ്യർ 1083 ചിങ്ങം 20 ന് റവന്യൂ സെറ്റിൽമെന്റ് പ്രകാരം വരവ് രേഖപ്പെടുത്തിയിരിക്കുന്നത് കാണുന്നത് കൗതുകകരമായിരിക്കും.

ഇനം	നാളികേരം	അടയ്ക്ക	ചക്ക
പണ്ടാരംവക വെറും പാട്ടം	4857	282	42
പണ്ടാരംവക കാണം	377	–	–
പുറംവക	62560	5789	1106
ആകെ	69150	5615	1197

ഭാരതത്തിൽ പഞ്ചായത്ത് ഭരണത്തിന്റെ സാമ്പ്രദായിക രൂപങ്ങൾക്ക് ചിരപുരാതന കാലത്തോളം തന്നെ പഴക്കമുണ്ട്. കൂട്ടായ്മയുടെ വിചിന്തനങ്ങൾക്ക് വേദകാലത്ത് കുലവും ഗോത്രവും ശ്രേണിയും സംഘവും നില നിന്നതായി പുരാണങ്ങൾ ഉദ്ഘോഷിക്കുന്നു. ഘോഷം, ഗ്രാമം എന്നിങ്ങനെ തിരിച്ചുള്ള ഗണരൂപങ്ങളെ സംബന്ധിച്ച് രാമായണത്തിൽ സൂചനകളുണ്ട്. ലിഖിത ശാസനങ്ങളിൽ അധിഷ്ഠിതമായി മാറിയ ഈ പൗരാണിക ഭാവങ്ങൾ സിംഹാസനങ്ങൾ മാറിമറിഞ്ഞിട്ടും സമൂല ജീവിത മണ്ഡലത്തിൽ നിന്ന് പിഴുതെടുക്കുവാൻ കഴിയാതെ വന്നു.

കാലാന്തരങ്ങളിൽ ഒരുനാൾ, ഫിലിപ്പ് രാജാവിന്റെ പുത്രൻ അലക്സാണ്ടർ, ഗ്രീസിൽ നിന്ന് [illegible] ജൈത്രയാത്ര നടത്തി ഗാന്ധാരവും സിന്ധും തക്ഷശിലയും കീഴടക്കിയിട്ടും പിന്നീട് സെല്യൂക്കസ് വീതിച്ചെടുത്തിട്ടും ചന്ദ്രഗുപ്തനും കൗടില്യനും ചേർന്ന് ആധിപത്യം ഉറപ്പിച്ചിട്ടും ഈ നാട്ടാരുടെ സംവാദസംഗമം യാതൊരു ഉലച്ചിലും തട്ടാതെ തുടർന്നു കൊണ്ടേയിരുന്നു. ആത്മാവിലലിഞ്ഞ ലയ മാധുര്യം പോലെ ഭാരതം ഈ മൂല്യകല്പനയെ നെഞ്ചേറ്റി നടന്നു. എങ്കിലും ഈ നാട്ടുപൗര സമാഗമവേദിക്ക് ന്യൂനതയുണ്ടായിരുന്നു എന്നു വ്യക്തം. അത് ജന്മിമാരുടെ സഭയായിരുന്നു. മണ്ണിൽ വിയർപ്പൊഴുക്കുന്നവന് അത് അപ്രാപ്യമായിരുന്നു. തദ്ദേശ ഭരണത്തിന്റെ ചുമതല ഏറ്റെടുത്ത ഗ്രാമണിയുടെ അധികാര ചരിതം വിപുലമായിരുന്നു. നമ്മുടെ ഗ്രാമസഭയുടെ പൂർവ്വരൂപ കഥ അങ്ങനെയായിരുന്നു.

കൊച്ചിരാജ്യത്ത് ക്ഷേത്രഭരണ സമിതിയുമായി ബന്ധപ്പെട്ട് ഗ്രാമത്തിന്റെ സാമൂഹ്യ ജീവിതത്തിൽ സ്വാധീനം ചെലുത്തിയിരുന്ന തറക്കൂട്ടങ്ങളായിരുന്നു നമ്മുടെ പഞ്ചായത്തിന്റെ മുൻഗാമി. ഈ ഗ്രാമസമിതികളെ തറക്കൂട്ടമെന്നു മാത്രമല്ല അയനൂറ്, നാട്ടുക്കൂട്ടം, കഴകം എന്നീ പല പേരുകളിൽ അറിയപ്പെട്ടിരുന്നു. ഈ ഗ്രാമണിയും തറക്കൂട്ടങ്ങളും നാട്ടുക്കൂട്ടങ്ങളും അസ്തമിച്ചത് ബ്രിട്ടീഷുകാരന്റെ ആധിപത്യത്തോടു കൂടിയാണ്.

പിന്നീട് 1913 ലാണ് കൊച്ചിയിൽ വില്ലേജു പഞ്ചായത്തുകൾ രൂപീകൃതമായത്. 1914 ൽ വില്ലേജ് പഞ്ചായത്ത് ആക്ട് നിലവിൽ വരികയും ഒരു താലൂക്കിൽ ഒന്ന് എന്ന കണക്കിൽ 5 പഞ്ചായത്തുകൾ രൂപീകരിക്കുകയും ചെയ്തു. സർക്കാർ നിർദ്ദേശിക്കുന്ന 4 പേരും എക്സ് ഓഫീഷ്യോ എന്ന പേരിലറിയുന്ന വില്ലേജ് ഓഫീസറും ഉൾപ്പെടുന്ന 5 അംഗസമിതിയാണ് പഞ്ചായത്ത് നിയന്ത്രിച്ചിരുന്നത്. അംഗീകൃത സർവ്വകലാശാല ബിരുദധാരികൾക്കും 50 രൂപയുടെ കരം തീരുവയുള്ളവർക്കും പഞ്ചായത്ത് അംഗങ്ങളാകാമായിരുന്നു. 3 സംവത്സരങ്ങൾക്കുശേഷം പഞ്ചായത്തുകൾക്ക് നീതിന്യായാധികാരങ്ങൾ നൽകി.

തിരുക്കൊച്ചി സംയോജനത്തെ തുടർന്ന് 1950-ൽ തിരുക്കൊച്ചി പഞ്ചായത്ത് ആക്ട് നിലവിൽ വന്നു. നിലവിലുള്ള പഞ്ചായത്തുകളുടെ സംയോജിതവും പരിഷ്കൃതവുമായ രൂപമായിരുന്നു ഇത്. 1956 നവംബർ 1 കേരളാ പിറവി ദിനത്തിൽ സംസ്ഥാനത്തൊട്ടാകെ 892 പഞ്ചായത്തുകളുണ്ടായിരുന്നു. 1959-ൽ സംസ്ഥാന ഗവൺമെന്റ് നിയമിച്ച കമ്മീഷന്റെ റിപ്പോർട്ട് പരിഗണിച്ച് 1962 ജനുവരിയിൽ 922 പഞ്ചായത്തുകൾ രൂപീകൃതമാകുകയും പഞ്ചായത്തുകളിൽ ചിലതിനെ വിഭജിക്കുകയും ചിലത് മുനിസിപ്പാലിറ്റിയാവുകയും ചെയ്തു. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളെ തരംതിരിച്ച് 990 പഞ്ചായത്തുകൾ നിലവിൽ വന്നു.

1914 ൽ വില്ലേജ് പഞ്ചായത്ത് ആക്ട് നിലവിൽ വന്നതു പ്രകാരം കൊച്ചി രാജ്യത്ത് നിലവിൽ വന്ന 5 വില്ലേജ് പഞ്ചായത്തുകളിൽ ഒന്ന് ചേരാനല്ലൂർ പഞ്ചായത്ത് ആയിരുന്നു. നീതിന്യായാധികാരങ്ങളോടു കൂടിയ ഈ വില്ലേജ് പഞ്ചായത്തിന്റെ പ്രസിഡന്റ് 1930 കളിൽ മാ.രാ.രാ. കണവുള്ളിൽ നാരായണമേനോൻ അവർകൾ ആയിരുന്നു എന്ന് രേഖകൾ വെളിപ്പെടുത്തുന്നു. അന്ന് പി.കെ. കുട്ടി ആയിരുന്നു വൈസ് പ്രസിഡന്റ്. 1950 ൽ തിരുക്കൊച്ചി പഞ്ചായത്ത് ആക്ട് നിലവിൽ വന്നതിനുശേഷം കടമക്കുടിയും ഇന്നത്തെ കൊച്ചി കോർപ്പറേഷന്റെ 3 ഡിവിഷനുകളും ഉൾപ്പെടെ 11 വാർഡുകളുണ്ടായിരുന്ന ചേരാനല്ലൂർ വില്ലേജ് പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡന്റായി ശ്രീ V.K. കുട്ടി സാഹിബിനെ നോമിനേറ്റ് ചെയ്തു. പിന്നീട് ഫ്രാൻസിസ് സവറൻസ് പ്രസിഡന്റായിരിക്കുമ്പോൾ ചേരാനല്ലൂർ വില്ലേജ് പഞ്ചായത്തിൽ നിന്ന് 3 വാർഡുകൾ ചേർത്താണ് കോർപ്പേറേഷൻ രൂപീകരിച്ചത്.

ഇന്നത്തെ പഞ്ചായത്ത് ഭൂപരിധി വരുന്നതിന് മുമ്പും പിമ്പും ഭരിച്ച പഞ്ചായത്ത് പ്രസിഡന്റുമാർ ശ്രീമാൻമാർ മാ.രാ.രാ. കണവിള്ളിൽ നാരായണമേനോനും, V.K. കുട്ടി സാഹിബിനും ഫ്രാൻസിസ് സവറൻസിനും ശേഷം P. ഭാസ്കരമേനോൻ, M.R. റോക്കി, K. ചീക്കുട്ടി, K. ചീതൻ, വി.എ. നൈന (അബ്ബാസ്), K.A. ജോർജ്ജ്, M.A. മാത്യു എന്നിവരായിരുന്നു.

1995 ഒക്ടോബർ മാസം 4-ാം തീയതി ശ്രീമതി. വിജയലക്ഷ്മി സദാനന്ദൻ പ്രസിഡന്റായുള്ള 10 അംഗ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. 9-ാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റുന്ന സംസ്ഥാന സർക്കാരിന്റെ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിന്റെ സർവ്വതോന്മുഖ വികസന പ്രവർത്തനം സാക്ഷാത്കരിക്കുന്നതിന് ശ്രീമതി. വിജയലക്ഷ്മി സദാനന്ദന് കരുത്തേകാൻ നമുക്ക് കൂട്ടായ്മയോടെ യത്നിക്കാം.

4

ഭൂപ്രകൃതി - ജനപ്രകൃതി

സമുദ്രനിരപ്പിൽ നിന്ന് ഏറെ ഒന്നും ഉയരെ അല്ലാത്ത ഭൂതല പ്രദേശമാണ് ചേരാനല്ലൂർ പഞ്ചായത്ത്. കടൽ രൂപപ്പെടുത്തിയെടുത്ത ഈ സമതല പ്രദേശത്തിന്റെ ഉത്ഭവ കഥയ്ക്ക് സഹസ്രങ്ങളുടെ പഴക്കമില്ല. സമുദ്ര നിരപ്പ് മൂന്നോ നാലോ മീറ്റർ ഉയർന്നാൽ ഗ്രാമതലത്തിന്റെ ഭൂരിപക്ഷഭാഗവും വെള്ളത്തിലാണ്ടു പോകും. മൂന്നു വശവും വെള്ളത്താൽ ചുറ്റപ്പെട്ടിരിക്കുന്ന ഗ്രാമത്തിന്റെ മധ്യഭാഗം മാത്രമേ ഉയർന്ന പ്രദേശമായി കണക്കാക്കാനാവു. 10.59 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ ഭൂപ്രദേശത്ത് കുന്നുകളോ ചെരിവുകളോ ഇല്ല.

മണ്ണ്

രണ്ടുതരം മണ്ണാണ് ചേരാനല്ലൂർ പ്രദേശത്ത് കണ്ടുവരുന്നത്. ചെളി നിറഞ്ഞതും പശിമയുള്ളതുമായ മണ്ണാണ് ഒരിനം (സലൈൻ ഹൈഡ്രോ മോർഫിൻ സോയിൽ). പശിമ കുറഞ്ഞ മണൽ മണ്ണാണ് മറ്റൊരിനം (സാന്റി സോയിൽ). രണ്ടും കൃഷിക്ക് ഉപയുക്തമാകുന്ന മണ്ണാണ്.

പൊക്കാളി കൃഷിക്ക് അനുയോജ്യമായ സലൈൻ ഹൈഡ്രോ മോർഫിൻ സോയിൽ പഞ്ചായത്തിന്റെ ചിറ്റൂർ, ഇടയക്കുന്നം പ്രദേശത്താണ് കൂടുതലുള്ളത്. തെങ്ങ്, കവുങ്ങ്, റബ്ബർ മറ്റ് ഇടവിളകൾ കൃഷിചെയ്യുന്നതിന് ഉപയുക്തമായ മണ്ണാണ് സാന്റിസോയിൽ. ഇത് ചേരാനല്ലൂരിന്റെ കിഴക്കൻ പ്രദേശത്ത് കൂടുതലായി കാണപ്പെടുന്നു.

മഴക്കാലത്ത് പൊതുവേ നല്ല മഴകിട്ടുന്ന പ്രദേശമാണ് ചേരാനല്ലൂർ. പൊതുവേ ജലക്ഷാമം അനുഭവപ്പെടാത്ത പ്രദേശമാണ് ചേരാനല്ലൂർ എങ്കിലും പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമായി തുടരുന്നു.

പഞ്ചായത്ത് അതിർത്തിയിൽ മൊത്തം 21 കിണറുകളും രണ്ട് വലിയ പൊതു കുളങ്ങളും അമ്പലങ്ങളോടു ചേർന്ന് അഞ്ച് അമ്പലക്കുളങ്ങളും ഉൾപ്പെടെ 172 കുളങ്ങളും 12 തോടുകളുമാണ് ഉള്ളത്.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറു ഭാഗത്തും വടക്കു കിഴക്കു ഭാഗങ്ങളും ഒരുകാലത്ത് സമൃദ്ധിയായി വിളയുന്ന നെൽപ്പാടശേഖരമായിരുന്നു. ഇന്നും കൃഷിക്കനുകൂലമായ മണ്ണാണെങ്കിലും ഉല്പാദന ചെലവിന്റെ പേരിൽ കൃഷിയിറക്കാതെ പാടശേഖരമെല്ലാം പായലു പിടിച്ചു കിടക്കുകയാണ്. പാടങ്ങൾ നികത്തി നഗരസംസ്ക്കാരത്തിന്റെ ഭാഗമായ ഫ്ളാറ്റ് നിർമ്മാണം വ്യാപിച്ചിരിക്കുന്നു.

പഞ്ചായത്തിന്റെ കിഴക്കുഭാഗത്തും വടക്കു ഭാഗത്തും ഫാക്ടറികളിൽ നിന്നും വമിക്കുന്ന വിഷലിപ്തമായ വാതകം മൂലം തെങ്ങുകൃഷി പ്രധാനമായും നടത്താൻ സാധിക്കാതെ വരികയാണ്. അന്തരീക്ഷ മലിനീകരണ വെല്ലുവിളി ഉയർത്തുന്ന ഈ ഭാഗത്ത് ധാരാളം സ്ഥലം ഇപ്പോഴും കിടപ്പുണ്ട്. അന്തരീക്ഷ മലിനീകരണത്തിന്റെ രൂക്ഷത ജീവജാലങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുന്ന സ്ഥിതിയുണ്ട്.

ജനപ്രകൃതി

പഞ്ചായത്തിലെ ആകെ ജനസംഖ്യ 21407 ആണ്. (1991 ലെ സെൻസസ് പ്രകാരം). ഇതിൽ സ്ത്രീകളുടെ എണ്ണം 10801 ഉം പുരുഷന്മാർ 10606

എണ്ണവും ആണ്.

ജനസാന്ദ്രത കൂടിയ പ്രദേശം ചേരാനല്ലൂർ പഞ്ചായത്തിന്റെ വടക്കു ഭാഗങ്ങളാണ്. മൊത്തം കുടുംബങ്ങൾ 4206 ആണ്. പട്ടികജാതി പട്ടിക വർഗ്ഗ ജനസംഖ്യ 1797 ആണ്. മൊത്തം ജനസംഖ്യയിൽ ഇവർ 8.4 ശതമാനം ആണ്. സ്ത്രീകളുടെ എണ്ണം 905 ഉം പുരുഷന്മാരുടെ എണ്ണം 888 ഉം ആണ്. (91 ലെ സെൻസസ്).

ആകെ ജനസംഖ്യയിൽ എണ്ണം കൊണ്ട് സ്ത്രീകളാണ് നമ്മുടെ പഞ്ചായത്തിൽ മുന്നിൽ. കുട്ടികളുടെ എണ്ണവും ഇതിന് ആനുപാതികമായ രീതിയിൽ തന്നെയാണ്.

ജനപ്രകൃതി സംബന്ധിച്ചുള്ള വിശദമായ വിവരം പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

പട്ടിക – 1

ജനസംഖ്യ

മൊത്തം ജനസംഖ്യ			ആറുവയസ്സിൽ താഴെയുള്ള കുട്ടികൾ			പട്ടിക ജാതി			പട്ടിക വർഗ്ഗം			സാക്ഷരർ		
പുരുഷന്മാർ	സ്ത്രീകൾ	ആകെ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ
10,606	10801	21,407	1,149	1,215	2,364	888	905	1793	2	2	4	9, 239	8,867	18,106

ആകെ കുടുംബങ്ങളുടെ എണ്ണം : 4,106

അവലംബം – കാനേഷുമാരി 1991

പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 70 ശതമാനത്തിനു മേൽ ആണ്. സ്ത്രീകളുടെ നിലയെ അപേക്ഷിച്ച് പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് ഇതിനും മേലെയാണ്.

പഞ്ചായത്ത് നിവാസികളുടെ തൊഴിൽ പങ്കാളിത്ത നിരക്കിന്റെ കാര്യം വളരെ ശോചനീയമാണ്. അസംഘടിത മേഖലകളിൽ കുറഞ്ഞ നിരക്കിൽ പട്ടണങ്ങളിൽ തൊഴിൽ ചെയ്യുന്ന ധാരാളം പെൺകുട്ടികൾ ഈ പഞ്ചായത്തിലുണ്ട്. ഉല്പാദനപരമായ പ്രവർത്തന യൂണിറ്റുകൾ ഈ പഞ്ചായത്തിൽ വളരെ കുറവായതുകൊണ്ടാണ് പെൺകുട്ടികൾ കുറഞ്ഞ കൂലിക്ക് പുറത്തു പോയി തൊഴിലിലേർപ്പെടേണ്ടി വരുന്നത്.

കാർഷിക രംഗത്തുള്ള പണി നിലച്ചു നിൽക്കുകയാണ്. കർഷകത്തൊഴിലാളികൾ ഉപജീവനത്തിനായി മറ്റു തൊഴിൽ മേഖലകൾ തേടി പോയികഴിഞ്ഞിരിക്കുന്നു.

പഞ്ചായത്തിലെ തൊഴിലെടുക്കുന്നവരുടെ വിവരം, പട്ടിക 2- ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

തൊഴിലെടുക്കുന്നവരുടെ എണ്ണം

വിഭാഗം	സ്ത്രീകൾ	പുരുഷന്മാർ	ആകെ
മുഖ്യതൊഴിൽ	975	4,938	5913
ഭാഗിക തൊഴിൽ	115	391	506
മൊത്തം	1090	5,329	6419

അവലംബം – കാനേഷുമാരി – 1991

വിവിധ കൈത്തൊഴിലുകളിൽ വിദഗ്ധരായ സ്ത്രീകൾ ചേരാനല്ലൂർ പഞ്ചായത്തിലുണ്ട്. കാർഷികതൊഴിൽ മേഖലകളോട് ആഭിമുഖ്യമില്ലാത്ത വരാണെങ്കിലും സാങ്കേതിക പഠനങ്ങളും തൊഴിലധിഷ്ഠിത പരിശീലനവും നേടിയ ഒട്ടുവളരെ പേർ പഞ്ചായത്തിലുണ്ട്.

അടുത്തുകിടക്കുന്ന വ്യവസായ മേഖലകൾ പഞ്ചായത്തിൽ ഉയർത്തുന്ന മലിനീകരണത്തിന്റെ തോത് ഭീതിതമാണ്. ജനസംഖ്യയുടെ ചെറിയൊരു ശതമാനം മാത്രമേ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെടുന്നുള്ളു. കൈത്തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരും ചരൽ വാരൽ, കെട്ടിട നിർമ്മാണ തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവരാണ് പുരുഷന്മാരിൽ ഭൂരിപക്ഷവും.

പഞ്ചായത്തിലെ മുഖ്യതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിശദമായ വിവരങ്ങൾ പട്ടിക 3 -ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ വിവിധ തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ടിരിക്കുന്നവരുടെ ഏകദേശ ചിത്രം ഇതാണ്.

പട്ടിക 3

തൊഴിലെടുക്കുന്നവരുടെ വിവരങ്ങൾ


തൊഴിൽ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	ശതമാനം
കൃഷിക്കാർ	120	18	138	
കർഷകത്തൊഴിലാളികൾ	208	52	260	
മൃഗസംരക്ഷണം/മത്സ്യബന്ധനം	272	19	291	
ഖനനം/പാറപൊടിക്കൽ	16	–	16	
കുടിൽ വ്യവസായം	51	15	66	
കുടിലേതര വ്യവസായം	1211	144	1355	
നിർമ്മാണത്തൊഴിലാളികൾ	999	40	1039	
വ്യാപാരി-വ്യവസായികൾ	726	183	909	
ഗതാഗതം/വാർത്താവിനിമയം	582	24	606	
മറ്റുസേവന മേഖലകൾ	753	480	1233	
ആകെ തൊഴിലെടുക്കുന്നവർ	4938	975	5913	
ഭാഗികമായി തൊഴിൽ ചെയ്യുന്നവർ	391	115	506	
പണി ഇല്ലാത്തവർ	5277	9711	14,988	
ആകെ ജനസംഖ്യ	10,606	10801	21407	

അവലംബം – കാനേഷുമാരി – 1991

5

സാമൂഹ്യ - സാമ്പത്തിക മേഖലകൾ

- കൃഷിയും ജലസേചനവും
- മൃഗസംരക്ഷണവും മത്സ്യബന്ധനവും
- വ്യവസായം
- ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
- വിദ്യാഭ്യാസം
- കുടിവെള്ളവും പൊതുജനാരോഗ്യവും
- പാർപ്പിടവും സാമൂഹ്യക്ഷേമവും
- സംസ്കാരം
- വനിതാക്ഷേമം
- സഹകരണം
- പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം
- വിഭവസമാഹരണം



1. കൃഷിയും ജലസേചനവും

കൃഷി

ചേരാനല്ലൂർ തികച്ചും ഒരു കാർഷിക ഗ്രാമ മായിരുന്നു. നോക്കെത്താ ദൂരത്തോളം പരന്നു കിട ക്കുന്ന വയലേലകളും, നിറയെ കായ്ച്ചു നിൽ ക്കുന്ന കല്പക വൃക്ഷങ്ങളും

ഇതൊരു പഴംകഥ.....

ഇന്ന്.....

നെൽകൃഷി ഈ നാടിന് ഒരു പരിധി വരെ തീർ ത്തും അന്യമാണ്. കാറ്റു വീഴ്ചയും മഞ്ഞളിപ്പും ബാധിച്ച തെങ്ങുകൾ ഒരു ചോദ്യചിഹ്നം പോലെ കർഷകനെ പരിഹസിക്കുന്നു. കുറെ ഏറെ നെൽ പാടങ്ങൾ നികത്തപ്പെട്ടു. ബാക്കിയുള്ള പാടങ്ങളിൽ അധികവും വർഷങ്ങളായി കൃഷി ഇറക്കാതെ ആഫ്രിക്കൻ പായലും കൂളവും വള്ളിക്കാടുകളും പിടിച്ച് വികൃതമായിരിക്കുന്നു.

കാലാവസ്ഥ

നല്ലപോലെ മഴ ലഭിക്കുന്ന ഒരു പ്രദേശമാണ് ചേരാനല്ലൂർ. ജൂൺ ജൂലായ് മാസങ്ങളിലാണ് മഴ ലഭിക്കുന്നത്. മഴയുടെ ലഭ്യത സംബന്ധിച്ച വിശദ വിവരങ്ങൾ ചിത്രം ഒന്നിൽ കൊടുത്തിരിക്കുന്നു.


മഞ്ഞുകാലം ആരംഭിക്കുന്നത് നവംബർ അവ സാനത്തോടെയാണ്. നവംബർ മുതൽ ജാനുവരി മാസം പകുതി വരെ മഞ്ഞുകാലമാണ്. അതു കഴി ഞ്ഞാൽ വേനൽക്കാലം വരവായി അന്തരീക്ഷ ഊ ഷ്മാവ് സംബന്ധിച്ച വിവരങ്ങൾ ചിത്രം 2 ൽ കാണി ച്ചിരിക്കുന്നു.

ഭൂവിനിയോഗം

നെല്ലും തെങ്ങുമാണ് ഇവിടുത്തെ പ്രധാന വിളകൾ. കുരുമുളക്, മരച്ചീനി,റബ്ബർ,പൈനാപ്പിൾ, പച്ചക്കറികൾ തുടങ്ങിയവയും ചെറിയ തോതിൽ കൃഷി ചെയ്യപ്പെടുന്നുണ്ട്. 523 ഹെക്ടറോളം വരുന്ന നെൽപ്പാടങ്ങളിൽ ഇരുപ്പു കൃഷി ചെയ്യാവുന്ന 18 ഓളം ഹെക്ടർ കരനിലം ഒഴിച്ചാൽ ബാക്കി മുഴുവൻ പൊക്കാളിപാടങ്ങളാണ്. വർഷകാലത്ത് നെൽ കൃഷി ചെയ്യുന്ന ഈ പാടശേഖരങ്ങൾ വേനൽ ക്കാലമായാൽ ചെമ്മീൻ കൃഷിക്കുവേണ്ടി സജ്ജമാ ക്കിയിരുന്നു. ചെമ്മീൻ കൃഷിയിൽ നിന്നുള്ള ആദാ യം തുടർന്നു നടത്തുന്ന നെൽകൃഷിക്കുള്ള ചിലവു വഹിക്കാൻ കർഷകനെ സഹായിച്ചിരുന്നു. എന്നാൽ ഇപ്പോൾ പെരിയാറിൽ നിന്നുള്ള ശുദ്ധജലപ്രവാഹം


ചിത്രം 1

മഴയുടെ തോത്


RAINFALL - COCHIN
1400
1200
1000
800
600
400
200
0
MILLIMETER
1258 in 1924
Annual - 3099 mm
253 on 28th 1933
JAN
FEB
MAR
APR
MAY
JUN
JUL
AUG
SEP
OCT
NOV
DEC
MONTH
MEAN
HIGHEST
DAILY HIGHEST

ചിത്രം 2

അന്തരീക്ഷ ഊഷ്മാവ് സംബന്ധിച്ച വിവരങ്ങൾ



ഈ പ്രദേശങ്ങളിലെ ഓരുവെള്ളത്തിന്റെ ലഭ്യതയെ ഇല്ലാതാക്കുന്നതും, ഫാക്ടറികളിൽ നിന്നും ഒഴുകിയെത്തുന്ന മലിനജലം മത്സ്യങ്ങളുടെ വംശനാശത്തിന് ഇടയാക്കുകയും, ആദായകരമായ ചെമ്മീൻ കൃഷി അസാധ്യമാക്കി ത്തീർക്കുകയും ചെയ്യുന്നു. ഓരുവെള്ളം മൂലം നശിച്ചു പോകേണ്ട ആഫ്രിക്കൻ പായൽ കൂളം വിവിധ കളകൾ എന്നിവ തഴച്ചു വളർന്നു നെൽകൃഷിയെ ഇല്ലാതാക്കുന്ന അവസ്ഥയും ഇതുമൂലം ഉണ്ടാകുന്നു.

പഞ്ചായത്തിലെ ഭൂമിയെ സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക 1 -ൽ കൊടുത്തിരിക്കുന്നു.

പട്ടിക – 1
ഭൂമിയെ സംബന്ധിച്ചുള്ള വിവരങ്ങൾ

ഇനം		വിസ്തീർണ്ണം
നിലം	കരനിലം	18 ഹെക്ടർ
	ചാൽനിലം	505 ഹെക്ടർ
പുരയിടം		404.96 ഹെക്ടർ
പുറംപോക്ക്		84.88 ഹെക്ടർ
കൃഷിയോഗ്യമല്ലാത്ത തരിശ്		–
ആകെ		1012.84 ഹെക്ടർ

523 ഹെക്ടർ കൃഷിനിലം ഉണ്ടെങ്കിലും കഴിഞ്ഞവർഷം കൃഷിയിറക്കിയത് ഏകദേശം 75 ഹെക്ടറിൽ മാത്രമാണ്. ഇതിൽനിന്നു തന്നെ പഞ്ചായത്തിലെ നെൽകൃഷിയുടെ ചിത്രം സ്പഷ്ടമാണല്ലോ. കൃഷിപ്പണി ലാഭകരമല്ലാത്ത ഒരു തൊഴിലായി മാറിയപ്പോൾ കർഷകത്തൊഴിലാളികൾ ഇതര തൊഴിൽ മേഖലയിലേയ്ക്കു കടന്നു. ഓരുജലം കയറാത്ത അവസ്ഥയിൽ നെൽപ്പാടങ്ങളിൽ കൂളം പടർന്നപ്പോൾ കൃഷിയിറക്കാനുള്ള ഭാരിച്ച പണച്ചിലവോർത്ത് ഭൂവുടമകൾ കൃഷി ചെയ്യാതായി. മഹാനഗരത്തോട് ചേർന്നു കിടക്കുന്ന സ്വച്ഛന്ദമായ ഗ്രാമത്തിന്റെ ശീതളിമയിലേയ്ക്ക് നഗരവാസികൾ കൂട്ടത്തോടെ ചേക്കേറാൻ തുടങ്ങിയപ്പോൾ വഴിയോരങ്ങളിലെ നെൽപ്പാടങ്ങൾ കനത്ത വിലയ്ക്കു വില്ക്കപ്പെട്ടു. നാഗരിക ജീവിതം പറിച്ചു നടാനുള്ള വ്യഗ്രതയിൽ സ്വകാര്യ വ്യക്തികളും കമ്പനികളും മത്സരബുദ്ധിയോടെ നെൽപ്പാടങ്ങൾ വാങ്ങിക്കൂട്ടി നികത്തി കോൺക്രീറ്റ് സൗധങ്ങൾ പടുത്തുയർത്തി ഇതോടെ ഗ്രാമത്തിന് നെൽപ്പാടങ്ങളുടെ ഹരിത ഭംഗി നഷ്ടമായി. വർദ്ധിച്ച തോതിലുള്ള ജലമലിനീകരണം ഈ നാശത്തിന് ആക്കം കൂട്ടി.

വളരെ കുറച്ചു പേർ മാത്രമാണ് ഈ പഞ്ചായത്തിൽ കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നത്. ഭൂരിപക്ഷം പേർക്കും കൃഷി ഒരു ഉപവരുമാനം മാത്രമാണ് ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു.

പട്ടിക – 2
ഭൂമിയുടെ ഉടമസ്ഥത

ഭൂമിയുടെ വീസ്തീർണ്ണം	ഉടമസ്ഥരുടെ എണ്ണം
1–10 സെന്റ്	1620
10–50 സെന്റ്	305
50–100 "	156
1 ഏക്കർ – 2 ഏക്കർ	78
2 ഏക്കർ – 5 ഏക്കർ	65

മേൽപറഞ്ഞ ഭൂവുടമകളിൽ 138 പേർ മാത്രമാണ് കർഷകരായിട്ടുള്ളത്. പഞ്ചായത്തിലെ ആകെ കർഷകത്തൊഴിലാളികളുടെ എണ്ണം 260 ആണ്.

തെങ്ങുകൃഷി

പഞ്ചായത്ത് അതിർത്തിയിൽ ആകെ 58450 തെങ്ങുകളാണ് ഉള്ളത്. ഇതിൽ 39275 എണ്ണമാണ് കായ്ക്കുന്നത്. 19175 തെങ്ങുകൾ കായ്ക്കാത്ത വയാണ്.

കാറ്റു വീഴ്ച മഞ്ഞളിപ്പ് എന്നിവകൂടാതെ ഫാക്ടറികളിൽ നിന്നും വമിക്കുന്ന വിഷപ്പുകയും തെങ്ങു കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ മൊത്തം വിളയും അതിന്റെ വിസ്തീർണ്ണവും പട്ടിക 3 -ൽ കാണിച്ചിട്ടുണ്ട്.

പട്ടിക - 3
വിളയുടെ വിവരങ്ങൾ

വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഉല്പാദന ക്ഷമത
നെല്ല് 1-ാം വിള	523 ഹെക്ടർ	112.5 MT	1500 Kg/ഹെ.
2-ാം വിള	15 ഹെക്ടർ		
3-ാം വിള	3 ഹെക്ടർ		
പയർ	2 ഹെക്ടർ		
എള്ള്	-		
പച്ചക്കറികൾ	5 ഹെക്ടർ		
വാഴ	5 ഹെക്ടർ		
തെങ്ങ്	390 ഹെക്ടർ		2500/ഹെ.
മരച്ചീനി	2 ഹെക്ടർ		
കുരുമുളക്	2 ഹെക്ടർ		
പ്ലാവ്	0.5 ഹെക്ടർ		
കശുമാവ്	1.5 ഹെക്ടർ		
മാവ്	1.25 ഹെക്ടർ		
റബ്ബർ	3 ഹെക്ടർ		
കവുങ്ങ്	5 ഹെക്ടർ		
പൈനാപ്പിൾ	2 ഹെക്ടർ		

കാർഷിക വികസന രംഗത്ത് കൃഷിഭവന്റെ സേവനം വിലമതിക്കാനാവാത്തതാണ്. കർഷകരിലേയ്ക്ക് നൂതന കാർഷിക വിദ്യകളും പദ്ധതികളും എത്തിക്കുന്നതിൽ കൃഷിഭവന് വലിയൊരു പങ്കുണ്ട്. നിർഭാഗ്യവശാൽ ചേരാനല്ലൂർ കൃഷിഭവന്റെ സേവനം തൃപ്തികരമാണെന്ന് പറയാൻ തീരെ നിർവ്വാഹമില്ല. 7 ഗ്രാമസഭകളിൽ നിന്നും കൃഷിഭവന്റെ പ്രവർത്തനങ്ങളെ കുറിച്ച് ആക്ഷേപങ്ങൾ ഉയർന്നിട്ടുണ്ട്. പഞ്ചായത്തിന്റെ ഒരറ്റത്താണ് കൃഷിഭവൻ സ്ഥിതി ചെയ്യുന്നതെന്നതിനാൽ പ്രവർത്തനം ആ ഭാഗങ്ങളിൽ മാത്രം കേന്ദ്രീകൃതമാവുന്ന സ്ഥിതി വിശേഷമുണ്ട്. കൂടേക്കൂടി ജനസമ്പർക്ക പ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമേ കൃഷിഭവന്റെ പ്രവർത്തനം മെച്ചപ്പെടുത്താനാവു. 8-ാം പഞ്ചവത്സരപദ്ധതിയുടെ പ്രയോജനത്തെക്കുറിച്ച് ഈ അവസരത്തിൽ വിലയിരുത്തുന്നത് നന്നായിരിക്കും. പട്ടിക 4 കാണുക.

പട്ടിക - 4

8-ാം പദ്ധതി പ്രയോജനം ലഭിച്ച കർഷകരുടെ വിവരങ്ങൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	നേരിട്ട് പ്രയോജനം ലഭിച്ചവർ
1.	ഫലവൃക്ഷ കൃഷി വികസന പദ്ധതി	129
2.	കൊക്കൊ വികസനപദ്ധതി	12
3.	കശുമാവ് വികസന പദ്ധതി	20
4.	കുരുമുളക് വികസന പദ്ധതി	56
5.	ബയോഗ്യാസ് പ്ലാന്റ്	23
6.	യുവജന പദ്ധതി	105
7.	പട്ടികജാതി/വർഗ്ഗ വികസന പദ്ധതി	262
8.	പ്രകൃതിക്ഷോഭം സാമ്പത്തിക സഹായപദ്ധതി	112
9.	പച്ചക്കറി കൃഷി പദ്ധതി	4110
10.	ഫാമേർഡ് ക്ലബ്	1492
11.	മഹിളകൾക്കുള്ള പച്ചക്കറി കൃഷി	928
12.	കിഴങ്ങുവർഗ്ഗ കൃഷി വികസന പദ്ധതി	8

കാർഷിക സംരംഭങ്ങൾ

പഞ്ചായത്തിൽ പ്രധാനമായി പ്രവർത്തിക്കുന്ന കാർഷിക സംഘടനകൾ താഴെ പറയുന്നവയാണ്.

1. കർഷക സംഘം
2. കേര വികസന സമിതി

മേൽപ്പറഞ്ഞ രണ്ടു സമിതികൾ മാത്രമേ ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുള്ളു.

സേവന വേതന വ്യവസ്ഥകൾ

തൊഴിലാളികളുടെ ദൗർലഭ്യം രൂക്ഷമാണ് ഗ്രാമസഭകളിൽ കാർഷികോല്പാദന വർദ്ധനവിന് തടസ്സമായി നിൽക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നായി ഈ കാര്യം ഉയർന്നു വന്നിട്ടുണ്ട്. പാടത്തു കിളയ്ക്കുന്നതിന് സ്ത്രീകൾക്ക് 50 കയും [illegible] ന്മാർക്ക് 90 കയും, ഞാറു നിരത്തുന്നതിന് സ്ത്രീകൾക്ക് 40 കയും പുരുഷന്മാർക്ക് [illegible] വരുന്നു. കൂലിയുടെ കാര്യത്തിൽ [illegible] പുരുഷന്മാരേക്കാൾ വളരെ കുറഞ്ഞ തുകയാണ നൽകി വരുന്നത്.

വായ്പാ സഹകരണ സംഘങ്ങൾ

ഈ മേഖലയിൽ കാർഷിക വികസന ബാങ്കിന്റെ സേവനം ശരിയായ രീതിയിൽ കർഷകർക്ക് ലഭിക്കുന്നില്ല. പഞ്ചായത്ത് അതിർത്തിക്ക് പുറത്താണ് കാർഷിക വികസന ബാങ്ക് സ്ഥിതി ചെയ്യുന്നത്. 95-96 കാലഘട്ടത്തിൽ ബാങ്ക് ഈ പഞ്ചായത്തിൽ ആകെ 33 കർഷകർക്കാണ് വായ്പ വിതരണം

ചെയ്തിട്ടുള്ളത്. ഇതിൽ നിന്നുതന്നെ ബാങ്കിന്റെ പ്രവർത്തനം ഈ പഞ്ചായത്തിലെ കർഷകർക്ക് പ്രയോജനപ്പെടുന്നില്ല എന്നു മനസ്സിലാക്കാവുന്നതാണ്. വായ്പാ വിതരണ രംഗത്ത് ബോധപൂർവ്വമായ ഇടപെടലുകൾ ഉണ്ടായാൽ മാത്രമേ കാർഷിക മേഖലയിലെ വികസനം ഒരു പരിധി വരെയെങ്കിലും മുന്നേറ്റത്തിലെത്തിക്കാൻ കഴിയൂ.

പ്രശ്നങ്ങൾ

1. പാടശേഖരങ്ങൾ വൻതോതിൽ നികത്തപ്പെടുന്നു.
2. മൂടക്കുമുതലും വരുമാനവും തമ്മിലുള്ള അന്തരം
3. തൊഴിലാളികളുടെ ദൗർലഭ്യം.
4. കൂലിക്കുറവ് ജോലി അനാകർഷകമാക്കുന്നു.
5. ജോലിയുടെ സ്ഥിരതക്കുറവ്.
6. എലിശല്യം, പക്ഷിശല്യം, പുഴുക്കേട് ഇവ വിളകൾ നശിപ്പിക്കുന്നു.
7. ആഫ്രിക്കൻ പായലും, കൂളവും, വളരുന്നത് കൃഷിപ്പണി ചിലവേറിയതും ദുഷ്ക്കരവുമാക്കുന്നു.
8. ഫാക്ടറികളിൽ നിന്നും പുറം തള്ളുന്ന മലിന ജലം കൃഷിയെ നശിപ്പിക്കുന്നു.
9. ഓരുജലം കയറാത്തതുമൂലം കൂളവും മറ്റു കളകളും നശിക്കുന്നില്ല.
10. നീർവാർച്ചക്കുറവ്
11. കൃഷിഭൂമിയുടെ അന്യവല്ക്കരണം.
12. ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ ലഭിക്കുന്നില്ല.
13. വർദ്ധിച്ചതോതിലുള്ള കീടബാധയും കാറ്റു വീഴ്ചയും മഞ്ഞളിപ്പും.
14. ഫാക്ടറികളിൽ നിന്നുള്ള അന്തരീക്ഷ മലിനീകരണം.
15. രൂക്ഷമായ വെള്ളക്കെട്ട്.
16. തെങ്ങുകയറ്റത്തൊഴിലാളികളുടെ അഭാവം.
17. കൃഷിഭവന്റെ സേവനം തൃപ്തികരമല്ല.

സാധ്യതകൾ

1. പാടശേഖരങ്ങൾ നികത്താതിരിക്കുന്നതിന് കർശനമായ നിയമ നിർമ്മാണം നടപ്പിലാക്കുക.
2. കർഷകർക്ക് കൃഷിയിറക്കുന്നതിനായി വിവിധ തരത്തിലുള്ള സബ്സിഡികൾ അനുവദിക്കുക.
3. കാർഷികമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. അത് സ്ഥിരമായി നിലനിർത്തുന്ന രീതിയിൽ കാർഷികമേഖല പുനഃസംഘടിപ്പിക്കുക.
4. കൃഷിയെ ബാധിക്കുന്ന രോഗങ്ങൾ തടയുവാനുള്ള നടപടികൾ സ്വീകരിക്കുക.
5. ആഫ്രിക്കൻ പായലും കുളവും നശിപ്പിക്കുന്നതിനുള്ള കീടനാശിനികൾ ലഭ്യമാക്കുക.
6. ഫാക്ടറികളിൽ നിന്നുള്ള ജലമലിനീകരണം കർശ്ശനമായി തടയുക. ഇതിനായി പാതാളം മേഖലയിൽ നേരത്തെ കെട്ടിയിരുന്ന ബണ്ട് പുനഃസ്ഥാപിക്കുക.
7. സർക്കാർ പലിശയില്ലാ വായ്പ നൽകി കർഷകരെ സഹായിക്കുക.
8. നെൽകൃഷി ലാഭകരമാക്കാൻ സൗകര്യമുള്ള ഇടങ്ങളിൽ മൂപു കൃഷി സമ്പ്രദായം നടപ്പാക്കുക.
9. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നടപ്പാക്കുക.
11. നീർവീഴ്ചാ സൗകര്യങ്ങൾ പുനഃസ്ഥാപിക്കുക.
12. ഓരുജലം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.
13. അന്തരീക്ഷ മലിനീകരണം കർശ്ശനമായി തടയുക.
14. ചുരുങ്ങിയത് വാർഡുകൾതോറും 100 വീടുകളിൽ എങ്കിലും പച്ചക്കറി കൃഷി നടപ്പിലാക്കുക.
15. അടുക്കളത്തോട്ടത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മറ്റും ബോധവൽക്കരണം നടത്തുക.
16. വിത്ത്, വളം, കീടനാശിനികൾ മരുന്ന് തളിക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും, ഉല്പന്നങ്ങളുടെ വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

17. പൈനാപ്പിൾ കൃഷി നടത്തുവാൻ വിത്തിനങ്ങളും മറ്റും വിതരണം ചെയ്യുകയും വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.
18. ആധുനിക കൃഷികളായ ഹോർട്ടികൾച്ചർ കുറ്റിമുല്ല, കൂൺ, ഔഷധ സസ്യങ്ങൾ എന്നിവയും, പ്രചാരമേറി വരുന്ന തേക്ക് മാഞ്ചിയം എന്നിവയും കൃഷിചെയ്യുന്നതിനുള്ള വിത്ത്, വളം, സാങ്കേതിക ഉപദേശം എന്നിവ ലഭ്യമാക്കുക. കൂടാതെ ആന്തൂറിയം, ഓർക്കിഡ് എന്നിവയുടേയും കൃഷിക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക. ഇതിനായി ഒരു ക്ലബ്ബ് രൂപീകരിക്കുക.
19. റോഡരിക്, പഞ്ചായത്ത് പുറംപോക്ക്, പുഴയോരങ്ങൾ എന്നിവിടങ്ങളിൽ തേക്ക്, മാഞ്ചിയം പോലുള്ള മരങ്ങൾ നട്ടു പിടിപ്പിക്കുക.
20. മണ്ണു പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
21. ഇടവിള കൃഷി വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക.

ജലസേചനം

പഞ്ചായത്തിൽ 172 കുളങ്ങളും 12 തോടുകളും ഉണ്ട്. 49,52,391 രൂപ തൻ വർഷം പഞ്ചായത്തിലെ ചെറുകിട ജലസേചന തോടുകൾ സംരക്ഷിക്കുന്നതിനായി ചിലവഴിച്ചിട്ടുണ്ട്. എങ്കിലും ജലസേചനത്തിന്റെ കാര്യത്തിൽ തൃപ്തികരമായ ഒരു നിലവാരത്തിലേയ്ക്ക് ഉയരാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ആനാട്ടു മുട്ടുതോട്, തട്ടാംതോട് വാടത്തോട്, മാട്ടുമ്മൽ ഇടയ്ക്കുന്നംതോട് മുണ്ടകപ്പാടം തോട് മുണ്ടുപാലം തോട്, കേനാപ്പാടം തോട്, കണ്ണിപ്പുറത്ത് ചാൽതോട്, മുണ്ട്യാത്ത് തോട്, ബ്ലായിത്തോട് എന്നിങ്ങനെ ഒട്ടേറെ തോടുകൾ ശരിയായ വിധത്തിൽ നീർ വാഴ്ചയില്ലാത്ത തോടുകളാണ്. പരിസര വാസികളുടെ അനധികൃതമായ കൈയ്യേറ്റം മൂലം പലതോടുകളുടേയും ഒട്ടേറെ ഭാഗങ്ങൾ നികന്നു പോയിരിക്കുന്നു. നല്ല രീതിയിൽ ചിറകെട്ടി സംരക്ഷിച്ചാൽ ജലസേചന പ്രശ്നത്തിന് ഒട്ടൊക്കെ പരിഹാരം കാണാൻ കഴിയും.

പ്രശ്നങ്ങൾ

1. നീർവാർച്ചക്കുറവ്
2. അനധികൃത കൈയ്യേറ്റം മൂലം തോടുകൾ നികന്നു പോയിരിക്കുന്നു.
3. ചിറകെട്ടി സംരക്ഷിക്കാത്തതിനാൽ മണ്ണിടിഞ്ഞ് തോടിന്റെ ആഴം കുറയുന്നു.

സാധ്യതകൾ


1. മാട്ടുമ്മൽ ഇടയക്കുന്നം തോടിന്റെ നീർവാഴ്ച പുനഃസ്ഥാപിച്ച് തോട്ടിലേയ്ക്ക് വച്ചിരിക്കുന്ന കക്കൂസുകളിൽ നിന്നും മാലിന്യങ്ങൾ വരാതിരിക്കുവാൻ നടപടി സ്വീകരിക്കുക.
2. മുണ്ടകപ്പാടം തോട് ആഴവും വീതിയും കൂട്ടി ചിറകെട്ടി സംരക്ഷിക്കുക.
3. യശോറാം കോളനിയിൽ നിന്നും തുടങ്ങുന്ന തോട് ഇടയക്കുന്നം പാലം വരെ ആഴവും വീതിയും കൂട്ടുക. കൂടാതെ അനുബന്ധ കൈവഴികളുടെ ആഴം കൂട്ടുക.
4. മുണ്ടുപാലം തോട് ആഴം കൂട്ടുക വീതി കൂട്ടുക, ചിറകെട്ടി സംരക്ഷിക്കുക.
5. കേനാപാടം മുതൽ വാടത്തോടു വരെയുള്ള തോടിന്റെ ഭാഗം ചിറകെട്ടി സംരക്ഷിക്കുക. വാടത്തോട് ആഴംകൂട്ടുക.
6. ഏഴാം വാർഡിന്റെ പടിഞ്ഞാറു വശത്തുള്ള കണ്ണിപ്പുറം ചാൽതോട് ചിറകെട്ടി സംരക്ഷിക്കുക.
7. തോടുകളുടെ ഇരുവശവും സ്വകാര്യ വ്യക്തികൾ കൈയേറുന്നത് കർശ്ശനമായി സൂക്ഷിക്കുക.
8. കൃഷിക്കുവേണ്ട ശുദ്ധജലം കിട്ടുവാൻ ഇപ്പോൾ ടി.സി.എം. കമ്പനിയുടെ ഭാഗത്തു നിർമ്മിക്കുന്ന ബണ്ട് മഞ്ഞുമ്മൽ കടത്തു കടവിൽ നിർമ്മിക്കുക.
9. വളരെക്കാലമായി വെറുതെ കിടക്കുന്ന കണ്ണൻ കുളം രാമൻകുളം എന്നിവ പഞ്ചായത്ത് ഏറ്റെടുത്ത് ശുദ്ധജല പദ്ധതി ഉണ്ടാക്കുക.
10. ലിറ്റിൽ ഫ്ളവർ സ്കൂളിനു തെക്കുവശത്തുള്ള പഞ്ചായത്തു കിണർ, തണ്ണീർ പന്തൽ കിണർ

തുടങ്ങി പഞ്ചായത്തിലെ എല്ലാ പൊതുകിണറുകളും കുളങ്ങളും തേകി വൃത്തിയാക്കി ഉപയോഗപ്രദമാക്കണം.

11. വീടുകളിൽ കിണറുകൾ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ വാങ്ങുന്നതിന് കൂടി 10 സെന്റ് ഭൂമിയുള്ളവർക്കു പോലും സബ്സിഡി ലഭ്യമാക്കണം.

12. ജലസേചനത്തിനു വേണ്ട വൈദ്യുതിയുടെ ലഭ്യത ത്വരിതപ്പെടുത്തണം.

13. മഞ്ഞുമ്മൽ പുഴയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കണം.



2. മൃഗസംരക്ഷണവും മത്സ്യബന്ധനവും

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണത്തിനുള്ള സാധ്യത വളരെ പ്രസക്തമാണ്. പക്ഷേ, വളരെ കുറച്ചുപേർ മാത്രമേ ഈ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുള്ളു. ഭൂരിഭാഗം വീടുകളിലും ഒരു തരത്തിലുള്ള മൃഗപരിപാലനവും നടക്കുന്നില്ല എന്നാണ് കണ്ടെത്തുവാൻ കഴിഞ്ഞിട്ടുള്ളത്. മൃഗപരിപാലനം സംബന്ധിച്ചുള്ള വിശദമായ കണക്ക് പട്ടിക 1 ൽ കൊടുക്കുന്നു.

പട്ടിക – 1

കന്നുകാലി, കോഴി, താറാവ് എന്നിവ വളർത്തുന്ന കുടുംബങ്ങളുടെ എണ്ണം (ശതമാനം)

പശുക്കളെ വളർത്തുന്ന വീടുകൾ	ആടുകളെ വളർത്തുന്ന കുടുംബങ്ങൾ	പന്നികളെ വളർത്തുന്ന കുടുംബങ്ങൾ	കോഴികളെ വളർത്തുന്ന കുടുംബങ്ങൾ	താറാവിനെ വളർത്തുന്ന കുടുംബങ്ങൾ
9.4 %	10.86 %	1.2 %	11.6 %	3.9 %

പട്ടിക 1 ൽ കാണിച്ചിരിക്കുന്ന കണക്കുകളിൽ നിന്നും മൃഗപരിപാലനത്തിന്റെ ചിത്രം സ്പഷ്ടമാണല്ലോ.

കന്നുകാലികളുടെ ഇനം തിരിച്ചുള്ള കണക്ക് പട്ടിക 2 ൽ

പട്ടിക 2

പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെ എണ്ണം

1	2	3	4	5	6	7	8	9	10	11	12	13	14	15
വാർഡ് നമ്പർ	കാളനാടൻ		കാളസങ്കരം		പശുനാടൻ		പശുസങ്കരം		എരുമ		പോത്ത്		ആട്		പട്ടി		ആന
	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	[illegible]		[illegible]						
	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	227	159	ഇല്ല		ഇല്ല		446		326		ഇല്ല

രണ്ടോ അതിലധികമോ കന്നുകാലികളെ വളർത്തുന്ന കുടുംബങ്ങളുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്തിൽ മാതൃക ഡയറി ഫാമുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. 750 ലിറ്റർ പാലാണ് ഒരു പഞ്ചായത്തതിർത്തിയിൽ ഉള്ള പാൽ വിതരണകേന്ദ്രങ്ങൾ വഴി വിറ്റഴിക്കുന്നത്. ഇതിൽ 60 ലിറ്റർ പാൽ ഒഴികെ മറ്റെല്ലാം പഞ്ചായത്തിനു പുറത്തുള്ള മിൽമ, പി.ഡി.ഡി.പി. മുതലായ പാൽ വിതരണ ഏജൻസികളാണ് വിറ്റഴിക്കുന്നത്.

രണ്ടു ക്ഷീരോൽപാദന സഹകരണ സംഘങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഈ ക്ഷീരോത്പാദന സഹകരണ സംഘങ്ങളുടെ പാൽശേഖരണവും വിതരണവും സംബന്ധിച്ചുള്ള ഒരു വർഷത്തെ വിവരം പട്ടിക 3 ൽ ചേർത്തിരിക്കുന്നു.

പട്ടിക 3

ക്ഷീരോത്പാദക സഹകരണ സംഘങ്ങളുടെ ഒരു വർഷത്തെ പാൽ ശേഖരണ, വിതരണ കണക്ക്

സഹകരണ സംഘത്തിന്റെ പേര്	മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ വിൽക്കുന്നത്	പുറത്തേയ്ക്ക് അയയ്ക്കുന്നത്
ഇടയക്കുന്നം ക്ഷീരോത്പാദക സഹകരണ സംഘം	65700 ലിറ്റർ	7300 ലിറ്റർ	58400 ലിറ്റർ
ചേരാനല്ലൂർ ക്ഷീരോത്പാദക സഹകരണ സംഘം	65700 ലിറ്റർ	14600 ലിറ്റർ	51100 ലിറ്റർ
	1,3,1,400 ലിറ്റർ	21,900 ലിറ്റർ	1,09,500 ലിറ്റർ

പ്രതിവർഷം ശരാശരി 1,31,400 ലിറ്റർ പാലാണ് മേൽപ്പറഞ്ഞ സഹകരണ സംഘങ്ങൾ ശേഖരിക്കുന്നതെങ്കിലും 21,900 ലിറ്റർ മാത്രമേ പഞ്ചായത്തിൽ വിതരണം ചെയ്യുന്നുള്ളു. പാൽ ഉത്പാദനസഹകരണ സംഘത്തിൽ നല്കുന്ന പാലിന് ഒരു ലിറ്ററിന് ശരാശരി 8 രൂപയോളമാണ് ലഭിക്കുന്നത്. മിൽമയുടെ വില്പന വില ലിറ്റർ ഒന്നിന് 11 രൂപയാണ്. അതായത് പാലുത്പാദകന് ലിറ്റർ ഒന്നിന് 3 രൂപ നഷ്ടം സംഭവിക്കുന്നു.

ചേരാനല്ലൂർ പഞ്ചായത്തിൽ 29-3-95 മുതൽ ഒരു സർക്കാർ മൃഗാശുപത്രി പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിലെ മൃഗസംരക്ഷകരിൽ ഒരു ന്യൂനപക്ഷം മാത്രമേ സർക്കാർ മൃഗാശുപത്രിയുടെ സേവനം പ്രയോജന പ്പെടുത്തുന്നുള്ളു. ഒരു ദിവസം ശരാശരി മൂന്നോ, നാലോ മൃഗ സംരക്ഷകർ മാത്രമേ സർക്കാർ മൃഗാശുപത്രിയെ സമീപിക്കുന്നുള്ളു.

നിലവിലുള്ള ഈ മൃഗാശുപത്രിക്ക് ഒട്ടേറെ പരാധീനതകൾ ഉണ്ട്. സൗകര്യക്കുറവുള്ള കെട്ടിടവും, ശുദ്ധജല ലഭ്യതയില്ലായ്മയും, കുത്തി വെയ്പ്പ് മരുന്നുകൾ സൂക്ഷിച്ചു വെക്കുവാനുള്ള ശീതീകരണിയുടെ അഭാവവും ആശുപത്രിയുടെ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കാറുണ്ട്.

ക്ഷീരോത്പാദനത്തെ കാര്യമായി ബാധിക്കുന്ന പ്രശ്നങ്ങളാണ് പശുക്കൾക്കുള്ള അകിടുവീക്കവും,

കുളമ്പുരോഗവും. പ്രതിരോധ മാർഗ്ഗങ്ങളിലൂടെ പല രോഗങ്ങളെയും ചെറുക്കാമെന്നുള്ള അറിവില്ലായ്മയാണ് രോഗം വ്യാപകമായി പടരുന്നതിനുള്ള കാരണം. ചേരാനല്ലൂർ പഞ്ചായത്തിലെ കന്നുകാലികളുടെ രോഗവിവരങ്ങൾ പട്ടിക 4 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4

കന്നുകാലികളുടെ രോഗ വിവരങ്ങൾ

ക്രമനമ്പർ	രോഗങ്ങൾ	[illegible]	[illegible]	[illegible]	[illegible]	പട്ടി
1	2	3	4	5	6	7
2	ദഹനസംബന്ധമായവ	400	–	300	120	50
3.	ശ്വാസകോശ സംബന്ധം	120	–	150	40	30
4.	ഉപാപചയ സംബന്ധം	150	–	60	15	–
5.	ത്വക്ക് രോഗങ്ങൾ	60	–	25	80	20
6.	ധാതുലവണങ്ങളുടെ അഭാവം	300	–	60	120	10
7.	പരാദരോഗങ്ങൾ	600	–	200	80	40
8.	പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	250	–	70	–	–
9.	വന്ധ്യത	50	–	30	–	–
10.	അകിടുവീക്കം	60	–	30	–	–
11.	മുടന്തൻ പനി	25	–	–	–	–
12.	പകർച്ച വ്യാധികൾ	–	–	–	–	60

കൃഷിയിടങ്ങൾ വർദ്ധിച്ച തോതിൽ നികത്തുന്നതുമൂലവും ഉള്ള കൃഷിയിടങ്ങളിൽ കൃഷി ഇറക്കാത്തതും വൈക്കോലിന്റെയും തീറ്റപ്പുല്ലിന്റെയും ലഭ്യത രൂക്ഷമായ തോതിൽ കുറയ്ക്കാനിടയാക്കുന്നു. തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനാവശ്യമായ സ്ഥലത്തിന്റെ അഭാവം ഈ മേഖലയിലെ പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുന്നു.

മുട്ടക്കോഴി വളർത്തൽ ഒരു കൃഷി രീതി എന്ന നിലയിൽ ഇന്നിവിടെ വികസിച്ചു വന്നിട്ടില്ല. ഒരു ദിവസം ഏകദേശം 1000 മുട്ടയോളം പഞ്ചായത്തിർത്തിയിലുള്ള വിവിധ വ്യാപാര സ്ഥാപനങ്ങൾ വഴി വിറ്റഴിക്കുന്നുണ്ട്. ഇതിലേകദേശം 300 മുട്ടയോളം മാത്രമേ പഞ്ചായത്തിൽ ഉത്പാദിപ്പിക്കപ്പെടുന്നുള്ളു. പഞ്ചായത്തിലെ വളർത്തുപക്ഷികളെ സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക 5 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 5

വളർത്തുപക്ഷികളെ സംബന്ധിച്ചുള്ള വിവരങ്ങൾ

	പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	പൂവൻ	പിട	
1	40	120	60	50	300	50
2	42	125	70	40	200	50
3	60	150	75	200	2000	30
4	50	130	60	20	300	40
5	60	125	65	10	200	10
6	40	100	45	10	50	6
7	65	140	76	8	30	10
8	80	200	110	12	60	8
9	40	80	40	10	40	–
10	50	120	65	110	1000	30
	527	1190	666	470	4180	234

ഇറച്ചിക്കോഴി വില്പനകേന്ദ്രങ്ങൾ നിരവധിയുണ്ടെങ്കിലും ഇറച്ചിക്കോഴി വളർത്തുന്ന ഫാമുകൾ ഒന്നും തന്നെയില്ല. മുട്ട ഉത്പാദനത്തിനുള്ള എഗ്ഗർ നേഴ്സറികളോ നല്ലയിനം മുട്ടക്കോഴി വളർത്തുന്ന ഹാചറികളോ പഞ്ചായത്തിൽ നിലവിലില്ല. നല്ല യിനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതയില്ലായ്മ കോഴിത്തീറ്റയുടെ വില വർദ്ധനവ് ഇറച്ചിക്കോഴിയുടെ വിലയിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ എന്നിവ മൂലം ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്.

നിയമാനുസൃതമായി പ്രവർത്തിക്കുന്ന അംഗീകൃത അറവുശാലകൾ ഒന്നും തന്നെയില്ലായെങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 12 അനധികൃത മാംസവില്പന ശാലകളുണ്ട്. ഇവയിൽ ചിലതിനു മാത്രമേ മാംസവില്പനയ്ക്കുള്ള ലൈസൻസ് പഞ്ചായത്തിൽ നിന്നും നല്കിയിട്ടുള്ളു. പക്ഷേ, മൃഗങ്ങളെ അറുക്കുന്നതിനുള്ള ലൈസൻസ് പഞ്ചായത്തിൽ നിന്നും ആർക്കുംതന്നെ നല്കിയിട്ടില്ല. വഴിയോരങ്ങളിൽ താൽക്കാലികമായി കെട്ടിയുയർത്തിയതും മറയില്ലാത്തതും വൃത്തിഹീനവുമായ സ്ഥലങ്ങളിൽ വെച്ചാണ് മാടുകളെ അറുക്കുന്നതും വില്പന നടത്തുന്നതും. ഇത് നിരോധിക്കുകയും ചുരുങ്ങിയത് 5 അറവുശാലകളെങ്കിലും നിയമാനുസൃതമായി പഞ്ചായത്ത് അതിർത്തിയിൽ സ്ഥാപിക്കേണ്ടതുമാണ്. ഗുണനിലവാരം ഉറപ്പു വരുത്തുവാൻ ശരിയായ രീതിയിൽ പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തുന്നത് ഈ രംഗത്ത് ഗുണകരമായിരിക്കും.

പ്രശ്നങ്ങൾ:-

1. നല്ലയിനം മുട്ടക്കോഴികളേയും പശുക്കളേയും ലഭിക്കായ്ക.
2. കന്നുകാലികളെ വാങ്ങുന്നതിനുള്ള സാമ്പത്തിക ശേഷി ഇല്ലായ്മ.
3. ക്ഷീരോൽപാദന സഹകരണ സംഘങ്ങളുടെ പ്രവർത്തനം. പാൽ സംഭരണത്തിൽ കവിഞ്ഞ് ഇതുമായി ബന്ധപ്പെട്ട മറ്റുമേഖലകളിൽ ക്ഷീരോത്പാദകരെ സഹായിക്കുന്നില്ല.
4. ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പണച്ചിലവ്.
5. പശുക്കൾക്കുള്ള അകിടുവീക്കവും, കുളമ്പു രോഗവും.
6. പേപ്പട്ടി ശല്ല്യം
7. കാലിത്തീറ്റയിലും കോഴിത്തീറ്റയിലുമുള്ള വില വർദ്ധനവ്.
8. തീറ്റപ്പുല്ല് ആവശ്യത്തിന് ലഭ്യമല്ല.

സാധ്യതകൾ:-

1. നല്ലയിനം മുട്ടക്കോഴികളെ ലഭ്യമാക്കുവാനായി പഞ്ചായത്തിൽ ഒരു നഴ്സറി സ്ഥാപിക്കുക.
2. കന്നുകാലികളെ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക.
3. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ക്ഷീരോത്പാദകസഹകരണ സംഘം ആരംഭിച്ച് കാലിത്തീറ്റയും കോഴിത്തീറ്റയും വിലക്കുറവിൽ ലഭ്യമാക്കുകയോ നിലവിലുള്ള ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുകയോ വേണം.
4. ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ക്ഷീരോത്പാദകന് സബ്സീഡിയായോ, വായ്പയായോ പണം നല്കുക.
5. കന്നുകാലികൾക്കുള്ള രോഗങ്ങൾ തടയുന്നതിനായി പ്രതിരോധ കുത്തി വെയ്പ് വ്യാപകമാക്കുക.
6. അലഞ്ഞു തിരിഞ്ഞ് നടക്കുന്ന മുഴുവൻ നായ്ക്കളേയും കൊന്നു കളയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. വളർത്തു നായ്ക്കൾക്ക് പേ വിഷബാധയ്ക്കെതിരായ കുത്തിവെയ്പ് നിർബന്ധമായും നടപ്പിലാക്കുക. നായ്ക്കൾക്ക് ലൈസൻസ് കർശനമാക്കുക.
7. പഞ്ചായത്ത് ഭൂമിയോ, സ്വകാര്യഭൂമിയോ നിസ്സാര പാട്ടത്തിനു നല്കി തീറ്റപ്പുൽകൃഷി വ്യാപകമാക്കുക. തീറ്റപ്പുൽകൃഷിക്ക് പരമാവധി പ്രോത്സാഹനം നല്കുക.
8. പഞ്ചായത്തിൽ ചുരുങ്ങിയത് 5 സ്ഥലങ്ങളിലെങ്കിലും സ്ഥിരം കെട്ടിടങ്ങൾ പണിത് അറവുകാർക്ക് വാടകയ്ക്ക് നല്കുക. അനധികൃത അറവു ശാലകൾ കർശനമായും നിരോധിക്കുക.

മത്സ്യബന്ധനം

ഔദ്യോഗിക രേഖകൾ പ്രകാരം ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ 147 പേർ പ്രവർത്തിക്കുന്നുണ്ട്. രണ്ട് വലിയ കുളങ്ങളും, 15.29 ഹെക്ടർ വിസ്തീർണ്ണമുള്ള തോടുകളും, 179.7 ഹെക്ടർ വിസ്തീർണ്ണമുള്ള പുഴയും പൊക്കാളികൃഷി (ഒരുപ്പു) ചെയ്യുന്ന 523 ഹെക്ടർ നെൽപ്പാടങ്ങളുമടക്കം വലിയ ഒരു ജലസമ്പത്ത് ഉള്ള പ്രദേശമാണിത്. ഇതു കൂടാതെ പഞ്ചായത്തിന്റെ 3 വശങ്ങളും ചുറ്റിയൊഴുകുന്ന പെരിയാറും മത്സ്യബന്ധന മേഖലയിൽ ഒട്ടേറെ സാധ്യതകൾ സൃഷ്ടിക്കുന്നുണ്ട്. നെൽകൃഷിക്കു ശേഷം കൃഷിയിടങ്ങളിൽ ചെമ്മീൻ കൃഷി ചെയ്യുന്ന രീതിയാണ് ഇവിടെ നിലവിലുണ്ടായിരുന്നത്. തിരുത, കരിമീൻ, കണമ്പ്, കൂരി, വരാൽ എന്നിങ്ങനെയുള്ള ഒട്ടേറെ മത്സ്യങ്ങൾ ഈ ജലാംശങ്ങളിൽ നിന്നും ലഭിച്ചു വരുന്നു. ഡാമിൽ നിന്നുമുള്ള ശുദ്ധജലം വരുന്നതിനാൽ ഓരുജലത്തിലെ മത്സ്യകൃഷി പാടെ തകരാറിലാക്കിയിരിക്കുന്നു. FACT, TCC, പെരിയാർ കെമിക്കൽസ്, IRE, HIL മുതലായ ഫാക്ടറികളിൽ നിന്നും, മറ്റൊട്ടനേകം ചെറുകിട ഫാക്ടറികളിൽ നിന്നും പുറന്തള്ളുന്ന മാലിന്യം ഈ മേഖലയിൽ സൃഷ്ടി

ക്കുന്ന പ്രശ്നങ്ങൾ അതീവ ഗുരുതരമാണ്. പുഴ മത്സ്യം വാങ്ങി കഴിക്കാൻ ജനങ്ങൾ വൈമനസ്യം പ്രകടിപ്പിക്കുന്ന അവസ്ഥയാണിപ്പോൾ ഇവിടെ യുള്ളത്. മലിനജലം അധികമായി പുറന്തള്ള പ്പെടുന്ന ജലാശയങ്ങളിൽ മാനത്തുകണ്ണിപോലും വളരാത്ത അതി രൂക്ഷമായ സ്ഥിതി ഈ മേഖല യിലെ എല്ലാ സാധ്യതകളേയും ഇല്ലാതാക്കുന്നു.

തോടുകളിൽ നീരൊഴുക്ക് സുഗമമല്ലാത്തതും പരിസരവാസികളുടെ അനധികൃത കയ്യേറ്റവും ഈ മേഖലയിലെ പ്രശ്നങ്ങളാണ്.

മത്സ്യബന്ധനമേഖലയിലാകെ ഒരു സഹകരണ സംഘം മാത്രമേ പ്രവർത്തി ക്കുന്നുള്ളൂ. 19-11-96 ലാണ് ചേരാനല്ലൂർ ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം അതിന്റെ പ്രവർത്തനം ആരംഭിച്ചത്. ചേരാനല്ലൂർ പഞ്ചാ യത്തിൽ ഒട്ടേറെ വികസന സാധ്യതയുള്ള മേഖല യാണിത്.

പ്രശ്നങ്ങൾ

1. ഫാക്ടറികളിൽ നിന്നും പുറന്തള്ളുന്ന രാസവ സ്തുക്കൾ കലർന്ന മലിന ജലം മത്സ്യ സമ്പ ത്തിനെ ഗുരുതരമായ രീതിയിൽ നശിപ്പിക്കുന്ന തിനിടയാക്കുന്നു.
2. ഡാമിൽ നിന്നുള്ള ശുദ്ധജലം വരുന്നതുവഴി ഏറെ ലാഭകരമായൊരു ഓരുജലമത്സ്യ കൃഷി നടത്തുവാൻ സാധിക്കുന്നില്ല.
3. ശുദ്ധജലമത്സ്യ കൃഷിയെക്കുറിച്ചുള്ള കർഷക രുടെ അജ്ഞത.
4. തോടുകളിലെ നീരൊഴുക്ക് തടസ്സപ്പെടുന്ന തുമൂലം ജലാശയങ്ങളിൽ ജലം കെട്ടിക്കിട ക്കുന്നു.
5. തോടുകൾ പരിസരവാസികൾ അനധികൃത മായി കയ്യേറി നികത്തുന്നതിനാൽ അനുദിനം വീതി കുറയുന്നു.
6. മത്സ്യവിപണനത്തിനായി പൊതുമാർക്കറ്റി ല്ലാത്തതു മൂലം ശരിയായ വിപണനം നടക്കുന്നില്ല.
7. മത്സ്യരോഗം വ്യാപകമാണ്.
8. മത്സ്യബന്ധനമേഖലയിലെ പ്രവർത്തനങ്ങ ൾക്ക് കൂട്ടായ്മ കൈവന്നിട്ടില്ല.

സാധ്യതകൾ

1. ഫാക്ടറികളിൽ നിന്നുമുള്ള മലിന ജല പ്രവാഹം കർശനമായി തടയണം.
2. ഡാമിൽ നിന്നുമുള്ള ശുദ്ധജലം കടലിലേക്ക് ഒഴുക്കികളയുവാനുള്ള നടപടി സ്വീകരിക്കണം.
3. ശുദ്ധജല മത്സ്യകൃഷിയെക്കുറിച്ച് കർഷകരുടെ **ഇടയിൽ വ്യക്തമായ ബോധവൽക്കരണം** നടത്തണം.
4. തോടുകളിലെ നീരൊഴുക്കു സുഗമമാക്കണം.
5. തോടുകളും പുഴകളും അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുകയും അനധികൃത കയ്യേറ്റക്കാരെ നിർബന്ധമായും ഒഴിപ്പിക്കുകയും വേണം.
6. മത്സ്യവിപണനത്തിനായി പഞ്ചായത്തിൽ ചുരു ങ്ങിയത് 3 ഇടങ്ങളിലെങ്കിലും പൊതുമാർ ക്കറ്റുകൾ സ്ഥാപിക്കണം. 5-ാം വാർഡിലെ ഫിഷർമെൻ കോളനി ഉപയോഗപ്രദമാക്കണം.
7. മത്സ്യരോഗത്തിന്റെ കാരണങ്ങൾ കണ്ടെത്തി അതു തടയുന്നതിന് നടപടി യെടുക്കണം.
8. മത്സ്യബന്ധന മേഖലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനുള്ള ശ്രമങ്ങൾ ഉണ്ടാ കണം.
9. പഞ്ചായത്തിന്റെ പൊതുകുളങ്ങൾ മത്സ്യകൃഷി ചെയ്യുവാൻ താല്പര്യമുള്ളവർക്ക് പാട്ടത്തിന് നല്കുക.
10. സഹകരണാടിസ്ഥാനത്തിൽ മത്സ്യകൃഷി നടത്തുന്നതിന് ചെറുഗ്രൂപ്പുകൾക്ക് പ്രോത്സാ ഹനം നല്കുക.
11. വീടുകളിൽ മത്സ്യകൃഷി നടത്തുവാൻ താല്പര്യ മുള്ളവർക്കായി സങ്കരയിനം മത്സ്യക്കുഞ്ഞു ങ്ങളെ സൗജന്യമായി വിതരണം ചെയ്യുക.

3. വ്യവസായം

വൻകിട വ്യവസായ ശാലകളോ, ഫാക്ടറികളോ ഇല്ലാത്ത പഞ്ചായത്താണ് ചേരാനല്ലൂർ. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ കൂടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിട്ടുള്ള 65 പേരും കുടിലേതര വ്യവസായങ്ങളിൽ ഏർപ്പെട്ടിട്ടുള്ള 1355 പേരുമാണുള്ളത്. വ്യാപാര- വ്യവസായ മേകലകളിലായി ആകെ 909 പേരാണ് പ്രവൃത്തി എടുക്കുന്നത്. വ്യവ സായ മേഖലയായ ഏലൂർ പഞ്ചായത്തിനും കളമശ്ശേരി മുനിസിപ്പാലിറ്റിക്കും സമീപത്ത് സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിൽ എന്തു കൊണ്ടോ കാര്യമായ വ്യവസായ സംരംഭങ്ങൾ ഉണ്ടായില്ല. 1991-ലെ കാനേഷുമാരി പ്രകാരം 21,407 പേർ വസിക്കുന്ന ഈ പ്രദേശത്ത് ആകെ 10 ചെറുകിട വ്യവസായ യൂണിറ്റുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. പട്ടിക ഒന്നിൽ ചെറുകിട വ്യവസായ യൂണിറ്റുകളെ സംബന്ധിക്കുന്ന വിവരങ്ങൾ കൊടുത്തിരിക്കുന്നു.

പട്ടിക 1

ചെറുകിട വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച വിവരങ്ങൾ

പട്ടികജാതിയിൽപ്പെടുന്നവർ നടത്തുന്ന യൂണിറ്റുകളുടെ എണ്ണം	പട്ടികവർഗ്ഗത്തിൽപ്പെടുന്നവർ നടത്തുന്ന യൂണിറ്റുകളുടെ എണ്ണം	വനിതകൾ നടത്തുന്ന യൂണിറ്റുകളുടെ എണ്ണം	മറ്റുള്ളവർ നടത്തുന്ന യൂണിറ്റുകളുടെ എണ്ണം	ആകെ
ഇല്ല	ഇല്ല	2	8	10

ചേരാനല്ലൂർ കളിമൺ വ്യവസായ സഹകരണ സംഘം, ഗ്രാമ വ്യവസായ സഹകരണ സംഘം വനിതാ വ്യവസായ സഹകരണസംഘം എന്നീ മൂന്നു സഹകരണ സംഘങ്ങൾ മാത്രമാണ് വ്യവ സായ മേഖലയിലുള്ളത്. ഈ മൂന്ന് സഹകരണ സംഘങ്ങളും ശരിയായ വ്യവസായ വികസന രീതികൾ പുലർത്തുന്നവയല്ല.

ചേരാനല്ലൂർ കളിമൺ വ്യവസായ സഹകരണ സംഘം ഓഫീസ് കെട്ടിടവും സ്ഥലവും ഉള്ള കടലാസ്സുകളിൽ മാത്രം പ്രവർത്തിക്കുന്ന തീർത്തും മൃത പ്രായമായ ഒരു സംഘമാണ്. പരമ്പരാഗതമായി ഈ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തി ക്കുന്നവർ തന്നെ മുൻകൈ എടുത്ത് സ്ഥാപിച്ച ഈ സംഘത്തിന്റെ പ്രവർത്തനം നിലയ്ക്കാൻ പ്രധാന കാരണം വിപണികൾ മൺപാത്രങ്ങളെ തിരസ്ക്കരി ച്ചതു മൂലമാണ്.

ചേരാനല്ലൂർ ഗ്രാമ വ്യവസായ സഹകരണ സംഘത്തിന്റെ പ്രധാന ഉൽപ്പന്നമാണ് കറി പൗഡറുകൾ. 1984- ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘം ജനാധിപത്യ പരമായ രീതികൾ വിട്ട്, കൂടുതൽ സഹകാരികളെ ഉൾക്കൊള്ളിക്കാനോ, ഉല്പാദനം വർദ്ധിപ്പിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനോ ശ്രമിക്കാത്ത പ്രവർത്തന രീതിയാണ് കൈക്കൊണ്ടിരിക്കുന്നത്.

1996-ൽ പ്രവർത്തനമാരംഭിച്ച ചിറ്റൂർ വനിതാ വ്യവസായ സഹകരണ സംഘം അതിന്റെ പ്രധാന ഉൽപ്പന്നമായ റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് വിപണി കണ്ടെത്താനാവാതെ ക്ലേശിക്കുകയാണ്. 1000/- രൂപ ഓഹരി വിലയാക്കിയതിനാൽ ഈ രംഗത്ത് സഹകാരികളുടെ ശരിയായ പങ്കാളിത്തം ഉണ്ടാവുമെന്ന് വിചാരിക്കാൻ കഴിയില്ല. എങ്കിലും കാര്യക്ഷമമായ ഒരു മാനേജ്മെന്റ് ഉണ്ടാവുകയാണെങ്കിൽ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ കഴിയും.

ട്രൈസം തൊഴിൽ പരിശീലന പരിപാടി വഴിയായി ഈ പഞ്ചായത്തിൽ നിന്നും 33 പേർ പരിശീലനം നേടിയെങ്കിലും അവരിൽ 10 പേർ മാത്രമാണ് സ്വയം തൊഴിൽ കണ്ടെത്തിയത്. ട്രൈസം തൊഴിൽ പരിശീലനം നേടിയവരെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 2 ൽ സൂചിപ്പിച്ചിട്ടുണ്ട്.

പട്ടിക 2

ട്രൈസം പരിശീലനം നേടിയവർ

പരിശീലനവിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവർ	സ്വയം തൊഴിൽ കണ്ടെത്തിയവർ	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ
പ്രിന്റിംഗ് & കമ്പോസിങ്ങ്	2	-	2
ഫൈബർ വീവിംഗ്	3	-	3
കമ്പ്യൂട്ടർ	4	-	4
ഇലക്ട്രോണിക്സ്	2	-	2
ടി.വി., റേഡിയോ മെക്കാനിക്ക്	1	-	1
ഹാൻഡിക്രാഫ്റ്റ്	2	-	2
ബാഗ് മേക്കിംഗ്	10	9	-
ഇലക്ട്രോണിക്സ് & മെക്കാനിക്സ്	3	1	2
ഫൈബർ ക്രാഫ്റ്റ്	5	-	5
ഫൈബർ വർക്ക്	1	-	1
ആകെ	33	10	22

ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (R.A.P.) അനുസരിച്ച് ചേരാനല്ലൂർ പഞ്ചായത്തിൽ സഹായം ലഭിച്ചവരുടെ വിവരങ്ങൾ പട്ടിക 3 ൽ കാണിച്ചിരിക്കുന്നു.

പട്ടിക -3

ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (R.A.P.)

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം
171	8	163

DWCRA പദ്ധതിപ്രകാരം 1994-95 കാലയളവിൽ രണ്ട് തൊഴിൽ സംരംഭങ്ങളാണ് പഞ്ചായത്തിൽ ആരംഭിച്ചിട്ടുള്ളത്. ബാഗ് നിർമ്മാണ യൂണിറ്റും മത്സ്യക്കച്ചവടവും ആണ് ഈ പദ്ധതി പ്രകാരം തുടങ്ങിയിട്ടുള്ളത്. രണ്ടു സംരംഭങ്ങളും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

പ്രമുഖ വ്യവസായ നഗരങ്ങൾക്ക് സമീപ പ്രദേശത്തായിരുന്നിട്ടുപോലും വ്യവസായ സംരംഭകർ ഇവിടേയ്ക്കെത്തുന്നില്ല. സുഗമമായ രീതിയിൽ പട്ടണവുമായി ബന്ധപ്പെടാവുന്ന ഗതാഗത മാർഗ്ഗങ്ങളുടെ അപര്യാപ്തത ആയിരിക്കാം വ്യവസായ സംരംഭകരെ വികർഷിക്കുന്നത്. എന്തായാലും നിലവിലുള്ള ചെറുകിട വ്യവസായ സംരംഭകർക്ക് കൂടുതൽ പ്രോത്സാഹനം നൽകി അവർക്ക്, പുതിയ വ്യവസായ മേഖലകളിലേക്ക് പ്രവേശിക്കുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കാൻ ബോധപൂർവ്വമായ ശ്രമം നടത്തണം.

പ്രശ്നങ്ങൾ


1. വൈദ്യുതിക്ഷാമം വ്യാവസായിക രംഗത്തെ വളർച്ചയെ ബാധിക്കുന്നു.
2. പരമ്പരാഗത കൈത്തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് ആധുനിക നിർമ്മാണോപകരണങ്ങൾ ലഭിക്കുന്നില്ല.
3. സാങ്കേതിക വൈദഗ്ധ്യം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാനുള്ള സംവിധാനം ഇല്ല.
4. എറണാകുളം, കോയമ്പത്തൂർ എന്നിവിടങ്ങളിൽ നിന്നും അസംസ്കൃത പദാർത്ഥങ്ങൾ ചില്ലറയായി വാങ്ങുന്നതുമൂലം ചെറുകിട വ്യാപാരികൾക്ക് നിസ്സാരമല്ലാത്ത തുക നഷ്ടമാകുന്നു.
5. പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വാടക നിയന്ത്രിതവും ഏകീകൃതവുമായ രീതിയിലല്ല.

(എ) സാദ്ധ്യതകൾ

1. വൈദ്യുതി ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുക.
2. പരമ്പരാഗത കൈത്തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് ആധുനിക നിർമ്മാണോപകരണങ്ങളും സാങ്കേതിക വിദ്യയും ലഭ്യമാക്കുക.
3. സാങ്കേതിക വൈദഗ്ധ്യം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.
4. ചെറുകിട വ്യവസായികളെ സംഘടിപ്പിച്ചു കൊണ്ട് അവർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ഒന്നിച്ചെടുത്ത് വിതരണം നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുക.
5. പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഉയർന്ന വാടക പരിധി നിശ്ചയിച്ചു കൊണ്ട്, വാടക നിയന്ത്രണ നിയമം ഉണ്ടാക്കുക.
6. പുതിയ വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് സർക്കാർ നടപടിക്രമങ്ങൾ ലഘൂകരിക്കുകയും പെട്ടെന്ന് പൂർത്തിയാക്കുകയും ചെയ്യുക.

(ബി) ഗ്രാമസഭകൾ നിർദ്ദേശിച്ച പുതിയ വ്യവസായ സംരംഭങ്ങൾ

1. തെങ്ങിൽ നിന്നും നാളീകേരത്തിൽ നിന്നുമുള്ള വ്യാവസായികോൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ യൂണിറ്റ് സ്ഥാപിക്കുക.
   ഉദാഹരണം: മെടഞ്ഞ ഓല, കയർ, ചിരട്ട കൊണ്ടുള്ള കരകൗശല വസ്തുക്കൾ, വെളിച്ചെണ്ണ, സോപ്പ്, ചവിട്ടി, കൊപ്ര സംസ്ക്കരണം.
2. വാഷിങ്ങ് സോപ്പ്, ചെരിപ്പ് തുടങ്ങിയവയുടെ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.
3. റെഡിമെയ്ഡ് വസ്ത്ര യൂണിറ്റ്, കൂട നിർമ്മാണ യൂണിറ്റ്, ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ്.
4. പ്ലാസ്റ്റിക് മോൾഡിങ്ങ്, അച്ചാർ നിർമ്മാണം, പേപ്പർ പ്ലെയ്റ്റ്, പവർലൂം, നോട്ടുബുക്ക് സ്കൂൾബാഗ് നിർമ്മാണം, ചെരിപ്പ് നിർമ്മാണം, കറിപ്പൊടി, ധാന്യപ്പൊടി, മെഴുകുതിരി നിർമ്മാണം, ഫർണീച്ചർ നിർമ്മാണം P.V.C. ടിന്നുകളുടേയും കവറുകളുടേയും നിർമ്മാണ യൂണിറ്റ് എന്നിവ സ്ഥാപിക്കുക.
5. ഭക്ഷണ സംസ്ക്കരണശാല സ്ഥാപിക്കുക.
6. വിറക്, അറക്കപ്പൊടി മുതലായവ ശേഖരിച്ച് വിൽപ്പന നടത്താവുന്ന യൂണിറ്റ് സ്ഥാപിക്കുക.
7. ഹീലിയം യൂണിറ്റ് സ്ഥാപിക്കുക.
8. പഞ്ചായത്തിൽ ഇൻഡസ്ട്രിയൽ ഇൻഫർമേഷൻ സെന്റർ ആരംഭിക്കുക.
9. കളിമൺ വ്യവസായ യൂണിറ്റ് പുനഃസ്ഥാപിക്കുക.
10. ടൂത്ത് പേസ്റ്റ്, ഡിറ്റർജെന്റ് പൗഡർ തുടങ്ങിയവയുടെ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.



4. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

മെട്രോപോളിറ്റൻ സിറ്റിയായ കൊച്ചിനഗരത്തോട് തൊട്ടുരുമ്മി കിടക്കുന്ന ഗ്രാമമാണ് ചേരാനല്ലൂർ പഞ്ചായത്ത്. ഗതാഗത രംഗത്ത് ഏറെ പരിമിതികൾ ഉള്ള നിരവധി പഞ്ചായത്തുകളിൽ ഒന്നാണിത്. പഞ്ചായത്തിലെ ജനസാന്ദ്രതയുടെ ഇരട്ടിയിലധികം പേർ ദിനംപ്രതി ഇതിലൂടെ യാത്ര ചെയ്ത് കൊണ്ടിരിക്കുന്നു. മൂലംപിള്ളി, കടമക്കുടി, പിഴല, ചേന്നൂർ, കോതാട്, വരാപ്പുഴ തുടങ്ങിയ ദ്വീപ സമൂഹങ്ങളിലെ ജനങ്ങൾക്കും പറവൂർ മേഖലകളിലുള്ള ജനങ്ങൾക്കും സിറ്റിയുമായി ബന്ധപ്പെടുവാൻ ഏറ്റവും എളുപ്പമാർഗ്ഗമാണ് ഈ പ്രദേശം. നിർദ്ദിഷ്ട നാഷണൽ ഹൈവേയ്ക്കു വേണ്ടി പഞ്ചായത്തിന്റെ വടക്കേ അറ്റത്ത് നിർമ്മിച്ചു കൊണ്ടിരിക്കുന്ന പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടു കൂടി ഈ പഞ്ചായത്തിലൂടെയുള്ള വാഹന ഗതാഗതം പതിന്മടങ്ങ് വർദ്ധിയ്ക്കും. നിലവിലുള്ള അവസ്ഥയിൽ പഞ്ചായത്തിലൂടെ കടന്നുപോകുന്ന വാഹനങ്ങൾക്ക് സഞ്ചരിയ്ക്കാൻ മതിയായ ഗതാഗത സൗകര്യം ഇല്ലെന്നിരിക്കെ നാഷണൽ ഹൈവേ പൂർത്തിയാകുകയും മേല്പറഞ്ഞ പാലം തുറക്കുകയും ചെയ്യുന്നതോടുകൂടി ചിറ്റൂർ ചേരാനല്ലൂർ റോഡിലൂടെയുള്ള ഗതാഗതം പതിന്മടങ്ങ് വർദ്ധിക്കുകയും ഇത് താങ്ങാവുന്നതിലേറെ ആയിരിക്കുകയും ചെയ്യും. ഈ റോഡിന്റെ വീതിയില്ലായ്മയും നിലവിൽ വാഹനങ്ങൾക്ക് അങ്ങോട്ടും ഇങ്ങോട്ടും പോകുന്നതിനുള്ള സൗകര്യവും ഇല്ലെന്നിരിക്കെ ഭാവിയിൽ നിരവധി അപകടങ്ങൾക്കും മണിക്കൂറുകളോളം നീണ്ടു നില്ക്കുന്ന ഗതാഗത കുരുക്കിനും ഇടനൽകും. ഗ്രാമവാസികളെയാകെ ആശങ്കാകുലരാക്കുന്ന വടുതല-ചിറ്റൂർ പാലം പുതുക്കി പണിയേണ്ടത് ഇതിന്റെ ഭാഗമായി കാണേണ്ടതാണ്. നൂറിൽ പരം ബസ്സുകളും അതിലിരട്ടി മറ്റു വാഹനങ്ങളും നിരന്തരം കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന ഈ പാലത്തിന്റെ പുനർനിർമ്മിതിയെ സംബന്ധിച്ച് ഗ്രാമസഭകളിൽ സജീവചർച്ച തന്നെ ഉയർന്നു വന്നിട്ടുണ്ട്. **ഈ പാലത്തിന്റെ അടിവശത്തു കോൺക്രീറ്റ് ഭാഗങ്ങൾ അടർന്ന് ദ്രവിച്ച് കമ്പികൾ മാത്രമായി തീർന്നിരിക്കുകയാണ്. പാലത്തെ താങ്ങി നിർത്തുന്ന തൂണുകളുടേയും സ്ഥിതി ഇതുതന്നെയാണ്. തകർന്നു കൊണ്ടിരിക്കുന്ന ഈ പാലം അടിയന്തിരമായി പണിയുകതന്നെ വേണം. സമീപ ഭാവിയിലുണ്ടായേക്കാവുന്ന ഒരു ദുരന്തം ഒഴിവാക്കാൻ എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കണം.** P.W.D. റോഡുകളുടെ അറ്റ കുറ്റ പണികൾ നടത്തുന്നതിന് പലപ്പോഴും കാല താമസം വരുത്തുന്നുണ്ട്. പഞ്ചായത്തിലെ ഈ റോഡുകൾ

പട്ടിക 1

പഞ്ചായത്തിലെ P.W.D. റോഡുകൾ

നമ്പർ	P.W.D. റോഡുകൾ	നീളം
1.	വടുതല – ചിറ്റൂർ റോഡ്	1.60 കി.മീ.
2.	ചിറ്റൂർ – ചേരാനല്ലൂർ റോഡ്	2.75 കി.മീ.
3.	ചിറ്റൂർ – മൂലം പിള്ളി റോഡ്	1 കി.മീ.
4.	കുട്ടി റോഡ്	900 മീ.

കാനനിർമ്മിച്ച് വീതികൂട്ടി അടിയന്തിരമായി വികസിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തുകൂടെ കടന്നു പോകുന്ന N.H. 17 ഉം ചിറ്റൂർ-ചേരാനല്ലൂർ P.W.D. റോഡും കഴിഞ്ഞാൽ പഞ്ചായത്തിലെ ആകെ ടാർ ചെയ്ത റോഡിന്റെ നീളം 10 കി.മീ. താഴെയാണ്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ അറ്റകുറ്റ പ്പണികൾ ചെയ്യേണ്ട റോഡുകൾ നിരവധിയാണ്. പഞ്ചായത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെയുള്ള റോഡൊഴിച്ചാൽ ഗതാഗത കാര്യ ത്തിൽ പറയത്തക്ക ഒരു പുരോഗതിയും ഇവിടെ യില്ല. സമാന്തര റോഡുകളുടെ അഭാവവും ഗതാഗത പ്രശ്നങ്ങളിലൊന്നാണ്. വർഷകാലത്ത് വാർഡുക ളിലെ മിക്ക റോഡുകളും സഞ്ചാരയോഗ്യമല്ല. വെള്ളക്കെട്ടും കുണ്ടും കുഴികളും നിറഞ്ഞ റോഡു കൾ പഞ്ചായത്തിന്റെ തീരാശാപമായി തുടരുന്നു. റോഡുകളുടെ വികസനത്തിന് വേണ്ടി മൊത്തം വരുമാനത്തിന്റെ 44.9% ആണ് വിനിയോഗിക്കുന്നത്. ഇത് ഗതാഗത ആവശ്യങ്ങൾ പൂർണ്ണമായി പാലിക്ക പ്പെടാൻ മതിയാവാതെ വരുന്നുണ്ട്. പഞ്ചായത്ത് റോഡുകൾക്കായി ചെലവഴിക്കുന്ന മുഴുവൻ തുകയും അതിന്റെ പൂർണ്ണ അർത്ഥത്തിൽ പ്രയോജ നപ്പെടുത്താൻ ചെറുകിട റോഡു നിർമ്മാണത്തി ന്റേയും റോഡുകളുടെ അറ്റകുറ്റപ്പണികളുടേയും ചുമതല സന്നദ്ധസംഘടനകളേയോ, പ്രദേശത്തെ മറ്റു സാമൂഹ്യസംഘടനകളേയോ ഏല്പിക്കുന്നത് ഉചിതമായിരിക്കും. പഞ്ചായത്തിലെ 4, 5, വാർഡുക ളിൽ ഇത്തരത്തിൽ റോഡുകളുടെ നിർമ്മാണം ജനങ്ങളേറ്റെടുത്ത് നിർവ്വഹിക്കുകയുണ്ടായി. മെച്ച പ്പെട്ട രീതിയിൽ അറ്റകുറ്റപ്പണികൾ പൂർത്തീ കരി ക്കാൻ ഇത് മൂലം കഴിഞ്ഞതായി തെളിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനം ഊർജ്ജിത പ്പെടു ത്തുന്ന രീതിയിൽ നടപടികൾ കൈക്കൊണ്ടാൽ ഇപ്രകാരമുള്ള പരിപാടികൾ പഞ്ചായത്തിനാകെ മാതൃകയാക്കാവുന്നതും നിർമ്മാണ പ്രവർത്തന ത്തിന് പ്രദേശവാസികളുടെ താല്പര്യവും പങ്കാളി ത്തവും വർദ്ധിപ്പിക്കാവുന്നതുമാണ്. അങ്ങനെ വന്നാൽ റോഡിന്റെ സംരക്ഷണം നിലനിർത്തേണ്ട ബാദ്ധ്യത ഓരോ പൗരൻരേയും ചുമതലയായി മാറുന്നതുമാണ്.

പട്ടിക 2

വാർഡ്	ക്രമ നമ്പർ	അറ്റകുറ്റപണികൾ ആവശ്യമായ റോഡ്
1	1	കൊറുങ്കോട്ട ദ്വീപിലെ അംബേദ്ക്കർ റോഡ്, ജെട്ടി റോഡ്
	2	ചിറ്റൂർ ടെംപിൾ റോഡ്
	3	SBOA റോഡ്, സിംസൺ തിയറ്ററിന്റെ പടിഞ്ഞാറോട്ടുള്ള സബ്റോഡ് (വർമ്മ റോഡ്)
2	4	ഇല്ലിത്തറ റോഡ് (ടെലിഫോൺ എക്സ്ചേഞ്ചിന് സമീപം), ടി റോഡിൽ നിന്നും വടക്കോട്ടുള്ള പതിനഞ്ചു ലിംഗ്സ് റോഡ്.
	5	കോളരിക്കൽ റോഡ്, സബ് റോഡ്
	6	CITU ഓഫീസിന്റെ തെക്ക്ഭാഗം പടിഞ്ഞാറോട്ടുള്ള റോഡ്
	7	സിംസൺ തിയറ്ററിന്റെ തെക്ക്ഭാഗം കിഴക്കോട്ടുള്ള റോഡ്
3	8	ഇളമക്കര റോഡ് (പുലയാസ് റോഡ് എന്നറിയപ്പെടുന്ന റോഡ്)
	9	ചിറ്റൂർ പള്ളിക്ക് കിഴക്കുവശം തെക്കോട്ടുള്ള റോഡ്
	10	ചിറ്റൂർ പള്ളിക്ക് കിഴക്കുവശം വടക്കോട്ടുള്ള റോഡ്
	11	പൗരസമിതി റോഡ്, ടി റോഡിൽ നിന്നും തെക്കോട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ കോളനി വരെയുള്ള റോഡ്.
4	12	താമരശ്ശേരി റോഡ്

പട്ടിക 2

വാർഡ്	ക്രമ നമ്പർ	അറ്റകുറ്റപണികൾ ആവശ്യമായ റോഡ്
5	13	രുധിരമാല ക്ഷേത്രത്തിന്റെ വടക്ക് കിഴക്കോട്ടു പോകുന്ന റോഡ്
	14	മാട്ടുമ്മൽ – വാലുമ്മൽ കടവ് റോഡ്
	15	പോട്ടത്തോടു പാലത്തിന്റെ പടിഞ്ഞാറോട്ടുള്ള റോഡ്
	16	ഇടയക്കുന്നം കപ്പേളയ്ക്ക് തെക്ക് വശം പടിഞ്ഞാറോട്ടുള്ള റോഡ്
	17	വാലം വടക്കു നിന്നും ആരംഭിച്ച് തെക്ക് SNDP ശാഖാ ഓഫീസ് വരെയുള്ള റോഡ്
6	18	M.C. ജേക്കബ്ബ് റോഡ്
	19	വിഷ്ണുപുരം റോഡ്
	20	St. സേവ്യേഴ്സ് റോഡ്
	21	കരിമ്പാടം പട്ടികജാതി പട്ടിക വർഗ്ഗ കോളനി റോഡ്
	22	റോബർട്ട് നഗറിലെ ചിൽഡ്രൻസ് റോഡ്
7	23	ഇല്ലത്ത് റോഡ്
	24	നടുവിലെപള്ളി പടിഞ്ഞാറ് വടക്കോട്ടുള്ള റോഡ്
	25	ചേരാനല്ലൂർ ഹോസ്പിറ്റൽ റോഡിന് കിഴക്കോട്ട് പുഴക്കടവ് വരെയുള്ള റോഡ്
	26	മഞ്ഞുമ്മൽ കടവ് റോഡ്
10	27	HMCA യിൽ നിന്ന് കിഴക്കോട്ടുള്ള റോഡ്
	28	ടെംപിൾ റോഡിന്റെ കിഴക്കോട്ടുള്ള കോളനിയിലേയ്ക്കുള്ള റോഡ് (അമ്പലത്തിന് തെക്കോട്ടുള്ള വഴി)

പട്ടിക 3

വാർഡ്	ക്രമ നമ്പർ	ടാർചെയ്യേണ്ട റോഡിന്റെ പേര്
1	1	ചിറ്റൂർ St. മേരീസ് യു.പി. സ്കൂളിന് തെക്കവശം കിഴക്കോട്ടുള്ള ചിറ്റൂർ പള്ളിയുടെ മുന്നിലൂടെ പോകുന്ന റോഡ്
4	2	ചെറുവിള്ളിൽ റോഡ്
5	3	മാട്ടുമ്മൽ റോഡ്
6	4	ചേരാനല്ലൂർ ഭഗവതി ടെംപിൾ റോഡ് കിഴക്കേനട
7	5	രാമൻ കർത്താ റോഡ്
	6	ഭഗവതി ടെംപിൾ റോഡ് പടിഞ്ഞാറെ നട
8	7	ഗുമസ്താൾ റോഡ്
9	8	തട്ടാംപടി റോഡ്
10	9	ഇടയക്കുന്നം അമ്പലത്തിന് മുൻഭാഗത്തുള്ള തെക്കോട്ടുള്ള റോഡ്

പട്ടിക 4

മെറ്റൽ ചെയ്യേണ്ട റോഡ്

വാർഡ്	ക്രമ നമ്പർ	റോഡിന്റെ പേര്
4	1	701-ാം നമ്പർ പട്ടികജാതി പട്ടികവർഗ്ഗ കോളനി റോഡ്
5	2	മാതിരപ്പിള്ളി റോഡ്
5	3	SNDP ശാഖാ ഓഫീസിന് കിഴക്കോട്ട് ജയകേരള വരെയുള്ള റോഡ്
10	4	നാല് സെന്റ് കോളനി പറപ്പിള്ളി റോഡ്
7	5	ഇല്ലത്ത് റോഡ്
	6	രാമൻ കർത്താറോഡിൽ നിന്നും വടക്കോട്ട് ബ്ലായിക്കടവിലേയ്ക്കു പോകുന്ന റോഡ്
	7	മാടശ്ശേരി കോളനിയിലേയ്ക്കുള്ള റോഡ്

പട്ടിക 5

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

വാർഡ്	ക്രമ നമ്പർ	റോഡിന്റെ പേര്
1	1	കാടാത്ത് ലക്ഷംവീട് റോഡ് 10 അടി വീതിയിൽ കടവുവരെ പുഴിത്തോട് റോഡുമായി ബന്ധിപ്പിക്കുക.
3	2	മുൻപഞ്ചായത്ത് മെമ്പർ വി.പി. ടീച്ചറിന്റെ വീടിന്റെ കിഴക്ക് വശം റോഡ് നിർമ്മിച്ച് തെക്ക് വശത്തുള്ള റോഡുമായി ബന്ധിപ്പിക്കുക.
4	3	ചെറുപിള്ളിൽ റോഡ് മാതിരപ്പിള്ളി തോമസിന്റെ തെക്ക് വശം വരെ നീട്ടുക.
4	4	പഞ്ചായത്ത് ഓഫീസിന് വടക്കോട്ട് പാടത്തുകൂടി റോഡ്
5	5	മാട്ടുമ്മൽ കാത്തലിക് വെൽഫെയർ സൊസൈറ്റിയുടെ തെക്ക് ഭാഗത്തുകൂടി കിഴക്ക് പടിഞ്ഞാറ് പണ്ഡിറ്റ് കറുപ്പൻ റോഡുമായും മാട്ടുമ്മൽ റോഡുമായും ബന്ധിപ്പിക്കുന്ന റോഡ്.
8	6	കേനേപ്പാടം റോഡ് N.H. മായി ബന്ധിപ്പിക്കുക.
13	7	HMCA ബസ്സ്റ്റോപ്പിൽ നിന്ന് വൈമേലിൽ പ്രദേശത്തേയ്ക്കുള്ള റോഡ്
10	8	St. ജോർജ്ജ് ചാപ്പലിന് കിഴക്കോട്ടുള്ള വഴി.
4	9	പഞ്ചായത്താഫീസിന് തെക്ക് വശം പട്ടികജാതി പട്ടിക വർഗ്ഗ കോളനിയിലേയ്ക്കുള്ള വഴി.
5	10	വാലം SNDP കെട്ടിടത്തിന് തെക്കോട്ടുള്ള വഴി
7	11	7-ാം വാർഡിൽ വായനശാലാ റോഡിൽ നിന്നും വടക്കോട്ട് രാമൻ കർത്താ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്.

പട്ടിക 6

സമാന്തര റോഡ്

ക്രമ നമ്പർ	റോഡിന്റെ പേര്
1	അഞ്ചാംവാർഡ് ഇടയക്കുന്നം കപ്പേളയിൽ നിന്നും പണ്ഡിറ്റ് കറുപ്പൻ റോഡുവഴി ചേരാനല്ലൂർ ഭഗവതി ടെംപിൾ റോഡ് പടിഞ്ഞാറെ നടയിലൂടെ വടക്കോട്ട് രാമൻ കർത്താ റോഡുമായി ബന്ധിപ്പിക്കുക. വലിയ വാഹനങ്ങൾക്ക് കൂടി കടന്നുപോകുവാൻ പറ്റുന്ന രീതിയിൽ വീതികൂട്ടി ടാർ ചെയ്യുക.
2	9-ാം വാർഡ് പടിഞ്ഞാറു ഭാഗത്ത് ഷാപ്പുപടി മുതൽ കിഴക്കോട്ടുള്ള റോഡ് NH-17 കടന്ന് കിഴക്ക് പുഴവരെയുള്ള റോഡും മുണ്ടകപ്പാടം ക്രോസ് റോഡും വീതികൂട്ടി വലിയ വാഹനങ്ങൾ കടന്നു പോകാവുന്ന വിധത്തിൽ ടാർ ചെയ്യുക.
3	വടുതലയിൽ നിന്നും തുടങ്ങി ഇടയക്കുന്നത്ത് വന്നു ചേരുന്ന പുതിയ റോഡ് നിർമ്മിച്ച് ഗതാഗതകുരുക്ക് ഒഴിവാക്കുക.

പട്ടിക 7

വീതികൂട്ടേണ്ട റോഡുകൾ

വാർഡ്	ക്രമ നമ്പർ	റോഡിന്റെ പേര്
1	1	കേളമംഗലം റോഡ്
7	2	5 ഉം 7 ഉം വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാമൻ കർത്താ റോഡിൽ തെക്കോട്ട് വിശ്വകർമ്മാക്ഷേത്രം വഴി അബിലക്കടവിൽ എത്തിച്ചേരുന്ന റോഡ്.
5	3	SNDP ശാഖാ ഓഫീസു മുതൽ ജയകേരളാ സ്റ്റോപ്പു വരെയുള്ള റോഡ്.
4	4	താമരശ്ശേരി റോഡ് വീതി കൂടി ചിറ്റൂർ റോഡുമായി ബന്ധിപ്പിക്കുക
4	5	ജയകേരള റോഡിൽ നിന്ന് കിഴക്കോട്ട് ഉള്ള റോഡ് വീതികൂട്ടി ചെറുപ്പിള്ളി റോഡുമായി ബന്ധിപ്പിക്കുക.
4	6	ചെറുപിള്ളി റോഡ്
	7	പുളിക്കൽ റോഡ്
	8	പൊട്ടേക്കാട്ട് കരീമിന്റെ വീടിന്റെ സമീപത്തുള്ള കലുങ്കിന്റെ വടക്കോട്ടുള്ള റോഡ്.
	9	പഞ്ചായത്താഫീസിന് വക്കോട്ടുള്ളറോഡ്
5	10.	ഷാപ്പുകടവ് റോഡ് അമ്പലക്കടവ് റോഡ്
	11	വാലം വടക്ക് അറ്റത്തുള്ള 8 ലിംഗ്സ് വീതിയുള്ള റോഡ്.
7	12	കച്ചേരിപ്പടിയിൽ നിന്നും പടിഞ്ഞാറേക്ക് പോകുന്ന വഴി
	13	നടുവിലപള്ളി പടിഞ്ഞാറ് തെക്കോട്ടുള്ള വഴി.

പട്ടിക 8

കലുങ്കുകൾ നിർമ്മിക്കേണ്ട റോഡുകൾ

വാർഡ്	ക്രമ നമ്പർ	റോഡിന്റെ പേര്
9	1	ഷെമിന തിയറ്റർ റോഡ്
3	2	പൗരസമിതി റോഡ്
5	3	ഷാപ്പുകടവ് റോഡിൽ നിന്ന് അമ്പലക്കടവു റോഡു വരെയുള്ള രണ്ട് കലുങ്കുകൾ
7	4	മാരാപ്പറമ്പ് ബ്ലായിക്കടവ് റോഡ് (അടിമഠം)
	5	ബ്ലായിക്കടവിന് തെക്കോട്ടു പോകുന്ന റോഡ്.

പ്രശ്നങ്ങൾ

1. പട്ടണവുമായി ബന്ധിപ്പിക്കുന്നതും ഒട്ടേറെ പേർ സഞ്ചരിക്കുന്നതുമായ വടുതല - ചിറ്റൂർ പാലം തകർന്നിരിക്കുകയാണ്
2. കുറ്റമറ്റ രീതിയിൽ നീർവ്വാർച്ച ഉറപ്പാക്കുന്നതിന് റോഡുകൾക്കരികിൽ കാനകളില്ല.
3. ആവശ്യത്തിന് റോഡുകൾ ഇല്ലാത്തതിനാൽ ഉള്ള റോഡുകളുടെ അമിത ഉപയോഗം അവയുടെ തകർച്ചയ്ക്ക് കാരണമാകുന്നു.
4. പഞ്ചായത്തിലെ നീർവാർച്ചാ സൗകര്യങ്ങൾ അടച്ചുകെട്ടുന്നത് വെള്ളക്കെട്ടിന് കാരണമാവുകയും റോഡുകൾ നശിക്കുന്നതിന് ഇടയാവുകയും ചെയ്യുന്നു.

സാധ്യതകൾ

1. വടുതല - ചിറ്റൂർ പാലം പൊളിച്ചുമാറ്റി പുതിയ പാലം നിർമ്മിക്കുക
2. റോഡുകളുടെ നിർമ്മാണത്തിൽ കാന അവിഭാജ്യഘടകമായിരിക്കണം. എല്ലാ റോഡുകളിലും കാനകൾ നിർമ്മിക്കുക.
3. റോഡ് നിർമ്മാണത്തിലും അറ്റകുറ്റപ്പണികൾക്കും സ്വകാര്യകരാർ ഒഴിവാക്കുകയും സന്നദ്ധ സംഘടനകളെ ഏല്പിക്കുകയും ചെയ്യുക
4. യാത്രാക്ലേശം പരിഹരിക്കുവാൻ രാവിലേയും വൈകിട്ടും പഞ്ചായത്തിൽ നിന്നും കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തുക.
5. അടിയന്തിര പ്രാധാന്യമുള്ള റോഡുകളിലെ അറ്റകുറ്റപ്പണികൾ ഉടൻ തീർക്കുക.
6. പഞ്ചായത്തിലെ ജനനിബിഡ പ്രദേശങ്ങളിലെ ഇടവഴികൾ ഉൾപ്പെടെ പഞ്ചായത്ത് ഏറ്റെടുത്ത് പണിയുക.
7. പ്രധാന ബസ്സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡ്ഡ് നിർമ്മിക്കുക.
8. പഞ്ചായത്തിലേക്ക് K.S.R.T.C. ബസ്സുകൾ സർവ്വീസ് നടത്തുക.
9. ചിറ്റൂർ-ചേരാനല്ലൂർ, ഇടപ്പള്ളി വഴി എറണാകുളവുമായി സർക്കുലർ ബസ്സ് റൂട്ടുകൾ നടത്തുക.
10. തോടുകളുടെ ആഴം വർദ്ധിപ്പിക്കുകയും ചിറകെട്ടി സംരക്ഷിക്കുകയും ചെയ്യുക.
11. തോടുകളിലും പുഴയോരങ്ങളിലും ഉള്ള പായലുകൾ നീക്കം ചെയ്യാൻ നടപടികൾ സ്വീകരിച്ച് വള്ളങ്ങളുടേയും മറ്റും സഞ്ചാരം സൗകര്യപ്രദമാക്കുക.

ഊർജ്ജം

പഞ്ചായത്ത് നിവാസികളുടെ ഗാർഹിക ഊർജ്ജാവശ്യത്തിന് സുപ്രധാനമായും ഉപയോഗിക്കുന്നത് വിറകും മണ്ണെണ്ണയുമാണ്. വിറകിന് ക്ഷാമമില്ലാതിരുന്ന പ്രദേശമായിരുന്നു മുൻകാലങ്ങളിൽ ഈ പഞ്ചായത്ത്. മരങ്ങളുടേയും തെങ്ങിന്റേയും ദൗർലഭ്യം വിറകിന്റെ ക്ഷാമത്തിന് കാരണമായി. ഇന്ന് വിറക് പുറമേ നിന്ന് വാങ്ങിക്കുകയാണ് ചെയ്യുന്നത്. ഊർജ്ജാവശ്യത്തിന് വിറക് പൂർണ്ണമാകുന്നില്ല. ഇന്ന് പാചക വാതകത്തിനായി ഗ്യാസ് സിലിണ്ടറുകൾ ഉപയോഗിക്കുന്ന പ്രവണത ഏറി വരുന്നുണ്ട്. മണ്ണെണ്ണയും വിറകും ഉപയോഗിക്കുന്നവരാണ് ഭൂരിപക്ഷവും.

പഞ്ചായത്തിലെ അപൂർവ്വം ചില മേഖലകളിലേ വൈദ്യുതി എത്താത്തതോള്ളു. ഭൂരിപക്ഷം ജനങ്ങളും ചേരാനല്ലൂരിൽ വെളിച്ചത്തിനായി വൈദ്യുതിയാണ് ഉപയോഗിക്കുന്നത്.

വ്യാപാര-വ്യാവസായിക ആവശ്യങ്ങൾക്ക് വൈദ്യുതി തന്നെയാണ് ഉപയോഗിക്കുന്നത്. ഹോട്ടലുകൾ, ബേക്കറികൾ എന്നിവിടങ്ങളിൽ കൂടുതലായും പാചകവാതകമാണ് ഉപയോഗിച്ചു വരുന്നത്.

പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം ഇന്നും പരിഹരിക്കാൻ സാധിച്ചിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ 200 ൽ അധികം ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിക്കുന്നുണ്ട്. ഇന്ധനലാഭം ഉണ്ടാക്കുന്നതിനായി ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിക്കാൻ ജനങ്ങളെ ബോധവത്ക്കരിക്കണം.

ഊർജ്ജ പ്രതിസന്ധി ഒരു പ്രധാന കാരണമായി പഞ്ചായത്തിന് അനുഭവപ്പെട്ടിട്ടില്ല. മൃഗങ്ങളുടേയും മനുഷ്യരുടേയും അവശിഷ്ടങ്ങൾ ഉപയോഗിച്ച് പാചകവാതകവും വൈദ്യുതിയും ഉല്പാദിപ്പിക്കാമെന്ന് അയൽ സംസ്ഥാനങ്ങൾ മാതൃക കാണിച്ചിട്ടുണ്ട്. ഈ രംഗത്ത് സംസ്ഥാനം നേരിടുന്ന വെല്ലുവിളികൾ കണ്ടറിഞ്ഞ് നമ്മുടെ പഞ്ചായത്തിൽ ഇത്തരം തനതായൊരു സംരംഭത്തിന് നേതൃത്വം കൊടുക്കേണ്ടതാണ്.

ചേരാനല്ലൂർ പഞ്ചായത്തിൽ 130 KM നീളത്തിൽ മാത്രമാണ് വൈദ്യുതി ലൈൻ പോയിട്ടുള്ളത്.

വൈദ്യുതി രംഗത്തെ പഞ്ചായത്തുതല വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 1

വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ			
	നിലവിലുള്ള ഉപഭോക്താക്കൾ		എണ്ണം
a)	ഗാർഹികം	:	3890
b)	വ്യാപാരം		455
c)	വ്യാവസായികം	:	89
d)	കാർഷികം	:	48

പട്ടിക 2

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം			
a)	ഓർഡിനറി	:	16
b)	O.T.P.		8
c)	OYEC		
	അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയതി		
	OYEC		29/5/1996
	ഓർഡിനറി	:	30/9/1994

പട്ടിക 3

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം		
a)	ബൾബ്	444
b)	ട്യൂബ്	568
c)	മെർക്കുറി വേപ്പർ	—
d)	സോഡിയം വേപ്പർ	40

പഞ്ചായത്തിൽ മൊത്തം തെരുവു വിളക്കുകളുടെ എണ്ണം പട്ടിക 3 പരിശോധിച്ചാൽ ലഭിക്കും. വിവിധ ആവശ്യങ്ങൾക്കായി ചേരാനല്ലൂർ പഞ്ചായത്തിൽ ഉപയോഗിച്ച വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണവും പട്ടിക 1 പരിശോധിച്ചാൽ ലഭിക്കുന്നതായിരിക്കും. 1995-96 കാലത്ത് തെരുവുവിളക്ക് കത്തിക്കുന്നതിന് മൊത്തം 2,23,824 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നിട്ടും തെരുവുവിളക്കുകൾ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും എത്തിയിട്ടില്ല.

	വഴിവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ
1.	ഇടയക്കുന്നം പട്ടികജാതി കോളനിയുടെ വടക്ക്-കിഴക്ക് വശത്ത്.
2.	നാലാം വാർഡ് പുളിക്കൽ റോഡ്.
3.	ഇടയക്കുന്നം ചമ്മിണി റോഡ്.
4.	ജയകേരള സ്റ്റോപ്പ് റോഡ്
5.	താമരശ്ശേരി റോഡ്
6.	ചിറ്റൂർ മുതൽ കോതാട് ഫെറി വരെയുള്ള കുട്ടിറോഡ്
7.	നാലാം വാർഡ് നെടുമ്പിള്ളി പാടം
8.	വാടത്തോട് പട്ടികജാതി കോളനി
9.	ഫിഷർമെൻ കോളനിക്കടവ്
10.	പോട്ടത്തോട് പാലത്തിന് പടിഞ്ഞാറോട്ടുള്ള വഴി
11.	വാലം വടക്കും ഭാഗം മുതൽ തെക്ക് S.N.D.P. ശാഖ വരെയുള്ള റോഡ്
12.	വാലം S.N.D.P. ശാഖ മുതൽ കിഴക്കോട്ട് ജയകേരള സ്റ്റോപ്പ് വരെയുള്ള വഴി
13.	ആറാം വാർഡിലുള്ള പഞ്ചായത്ത് വഴി
14.	കച്ചേരിപ്പടിക്കും മഞ്ഞുമ്മൽ കവലയ്ക്കും ഇടയ്ക്ക് വടക്കോട്ടുള്ള റോഡ്
15.	ഏഴാം വാർഡ് രാമൻ കർത്താ റോഡിൽ കോതാട് ഫെറി വരെയുള്ള റോഡ്
16.	ഏഴാം വാർഡിൽ വാര്യത്ത് ഇടവഴിയുടെ മുന്നിലും അമ്പലനടയിലും.
17.	ബ്ലായിക്കടവ് റോഡിൽ കിഴക്കെ റോഡുവരെ
18.	ബ്ലായിക്കടവ് സബ്ബ് റോഡ് (ചെമ്പോലിറോഡ്)
19.	ഇല്ലത്തിടവഴി
20.	പത്താം വാർഡിൽ ഇടയക്കുന്നം ക്ഷേത്രം റോഡ് തെക്ക് കടവ് വരെയും ടി റോഡിന്റെ സബ്ബ് റോഡായ നാലു സെന്റ് കോളനി റോഡിലും.
21.	രണ്ടാം വാർഡ് സബ്ബ് റോഡുകളിൽ
22.	മൂന്നാം വാർഡിൽ പ്രധാന തെരുവുകളിൽ

പ്രശ്നങ്ങൾ

1. വിറക് ഉപയോഗിച്ച് ഭക്ഷണം പാചകം ചെയ്യുന്നതിനാൽ വിറകിന്റെ ദൗർലഭ്യം നേരിടുകയും ചൂടും, പുകയും ഏറ്റുണ്ടാകുന്ന അസുഖങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു.
2. സ്ലാബ് സമ്പ്രദായം നിലനിൽക്കുന്നതിന്റെ പേരിൽ വൈദ്യുതി അമിതമായും, അനാവശ്യമായും ഉപയോഗിക്കുന്നു.
3. പ്രവർത്തന ക്ഷമമല്ലാത്ത ട്രാൻസ്ഫോമറുകളും മറ്റു ഉപകരണങ്ങളും, പ്രസരണ നഷ്ടമുണ്ടാക്കുകയും ആവശ്യത്തിന് വോൾട്ടേജ് ഇല്ലാത്ത അവസ്ഥ ഉണ്ടാക്കുകയും ചെയ്യുന്നു.

സാധ്യതകൾ, നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണവും, ക്രിയാത്മക പ്രവർത്തനവും നടത്തി, എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ച് ഇന്ധനലാഭം ഉറപ്പ് വരുത്തുക.
2. സിംസൺ തിയേറ്ററിന് വടക്ക് വശത്തുള്ള ജംഗ് ഷനിൽ നിർമ്മാണം കാത്തു കിടക്കുന്ന ട്രാൻ സ്ഫോർമർ ഉടൻ സ്ഥാപിച്ച് ടി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
3. പഞ്ചായത്തിലെ വഴിവിളക്കിൽ, ബൾബുകൾ മാറ്റി ട്യൂബ് ആക്കുക യാണെങ്കിൽ വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുവാൻ സാധിക്കും.
4. ചേരാനല്ലൂർ പഞ്ചായത്തിൽ ഒരു 66 K.V സബ്ബ് സ്റ്റേഷൻ സ്ഥാപിച്ചാൽ നിലവിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കാം.
5. ബഹുജന മൂലധന നിക്ഷേപത്തോടെ കുറഞ്ഞ വാടക നിരക്കിൽ ഡീസൽ ജനറേറ്ററുകൾ സ്ഥാപിച്ചാൽ വോൾട്ടേജ് ക്ഷാമവും, പവ്വർ കട്ടും മൂലമുള്ള പ്രതിസന്ധി തരണം ചെയ്യാൻ അടിയന്തിരഘട്ടങ്ങളിൽ ജനങ്ങൾക്ക് ഉപകരിക്കുന്നതാണ്.
6. തൈക്കാവ് നമ്പർ. 2 100 K.V.A. ട്രാൻസ്ഫോർമർ 250 K.V.A. കപ്പാസിറ്റിയായി ഉയർത്തുകയും ആറാം വാർഡിന്റെ കിഴക്കൻ മേഖലയിലുള്ള ലൈൻ, ത്രീഫേസ് ആക്കുകയും ചെയ്താൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാവുന്നതാണ്.
7. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് പഞ്ചായത്ത് മുഖേന ഇലക്ട്രിക് കണക്ഷൻ ലഭിക്കുന്ന സഹായപദ്ധതി ഊർജ്ജിതപ്പെടുത്തേണ്ടതാണ്.
8. ചേരാനല്ലൂർ പഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് സ്ഥാപിക്കണം.
9. പ്രസരണം വഴിയുള്ള വൈദ്യുതി നഷ്ടം തടയുവാൻ കാര്യക്ഷമമായ നടപടി സ്വീകരിക്കുക.
10. K.S.E.B. യുടെ മോശമായ ഉപകരണങ്ങൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുക.
11. റോട്ടറി കോളനിയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ ത്രീഫേസ് ലൈൻ വലിക്കുക.
12. തടസ്സം കൂടാതെയുള്ള വൈദ്യുതി വിതരണം ഉറപ്പു വരുത്തുക.
13. വഴിവിളക്കുകൾക്ക് പ്രത്യേകം മീറ്റർ ഘടിപ്പിച്ച് താരിഫ് ഈടാക്കുന്ന സമ്പ്രദായം നടപ്പാക്കുക.
14. ഇടയക്കുന്നം ഭാഗത്ത് നിലവിലുള്ള ട്രാൻസ് ഫോമറിന്റെ കപ്പാസിറ്റി ഉയർത്തുക.
15. സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.
16. പഞ്ചായത്തിലെ വിറക് ഉപയോഗിക്കുന്ന മുഴുവൻ വീടുകളിലും ദക്ഷത കൂടിയ അടുപ്പ് വച്ച് വിറകിന്റെ ക്ഷാമം പരിഹരിക്കണം.
17. സാമ്പത്തിക ശേഷി കുറഞ്ഞ വീടുകളിൽ പുകയില്ലാത്ത അടുപ്പ് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം പഞ്ചായത്ത് കൊടുക്കുന്നതിനുള്ള സംവിധാനം കണ്ടെത്തണം.
18. മണ്ണെണ്ണ ഉപയോഗിച്ച് ആഹാരം പാചകം ചെയ്യുന്ന ആളുകളെ കാര്യ ക്ഷമത കൂടിയ നൂതൻ, തൂടങ്ങിയ മണ്ണെണ്ണ സ്റ്റൗവ്വുകൾ ഉപയോഗിക്കാൻ ബോധവൽക്കരിക്കണം.
19. വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി എല്ലാ വീടുകളിലും ഇന്ന് ഉപയോഗിക്കുന്ന ബൾബുകൾക്കും, ട്യൂബുകൾക്കും പകരം പവർ കുറവും, കൂടുതൽ വെളിച്ചം നൽകുന്നതുമായ (C.F.L.) കോംപാക്ട് ഫ്ളൂറസന്റ് ലാംബ് ഉപയോഗിക്കണം. ഇതിനു വേണ്ടി സർക്കാർ സാമ്പത്തിക സഹായം നൽകണം.

20. വാട്ടർ ചാർജ്ജ്, വൈദ്യുതി ചാർജ്ജ്, ടെലി ഫോൺ ചാർജ്ജ് മുതലായവ അടയ്ക്കുന്ന തിന് പഞ്ചായത്തിൽ സൗകര്യം ഏർപ്പെടുത്തണം.
21. മൃഗങ്ങളുടെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് പാചകവാതകത്തിനായി ഗോബർഗ്യാസ് പ്ലാന്റു കൾ സ്ഥാപിക്കുക.

മാർക്കറ്റ്

കാർഷികോൽപ്പന്നങ്ങളുടെ നല്ല വിപണന സാധ്യതകളുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. എന്നാൽ ഉൽപ്പാദനരംഗത്ത് കാര്യമായ പുരോഗതി യൊന്നും വരുത്താനുള്ള നീക്കമൊന്നും നടത്താൻ ഇതുവരെ നമുക്ക് കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ വിൽക്കപ്പെടുന്ന പച്ചക്കറികളിൽ 95 ശതമാനവും എറണാകുളം മാർക്കറ്റിൽ നിന്നും കൊണ്ടു വരുന്ന വയാണ്. ഇതുമൂലം ന്യായമായ വിലയ്ക്ക് ഉപ ഭോക്താവിന് ഭക്ഷ്യ ഉൽപ്പന്നങ്ങൾ ലഭിക്കാറില്ല. വിപണന കേന്ദ്രമായി മാറിയ നമ്മുടെ പഞ്ചായത്ത് കാർഷിക രംഗത്ത് ഉൽപാദ കോന്മുകമായ പദ്ധതികൾ സൃഷ്ടിക്കാൻ ശ്രമിക്കേണ്ടതുണ്ട്. സഹ കരണസംഘങ്ങൾ വഴിയും, അല്ലാതെയും ഇത്തരം നടപടികൾക്ക് തുടക്കം കുറിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. കാർഷിക മേഖലയോടുള്ള വൈമുഖ്യത
2. കാർഷികോൽപാദക സഹകരണ സംഘങ്ങ ളുടെ അഭാവം
3. ഉപഭോഗ സംസ്ക്കാരം മുതലെടുക്കുവാൻ കഴിവില്ലായ്മ
4. പൊതു മാർക്കറ്റിന്റെ അഭാവം

സാധ്യതകൾ

1. ചിറ്റൂർ പ്രദേശത്ത് ഒരു പൊതു മാർക്കറ്റ് സ്ഥാപിക്കുക. ബസ്സ്റ്റാൻഡിനു പടിഞ്ഞാ റുവശം സ്ഥലം വേർതിരിച്ചെടുക്കണം.
2. മൂന്നാം വാർഡിൽ കിഴക്കു ഭാഗത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് തുടങ്ങുവാനുള്ള നടപടി ഉണ്ടാക്കണം.
3. നാലാം വാർഡിൽ നിത്യോപയോഗ സാധന ങ്ങൾ ന്യായവിലയ്ക്ക് ലഭിക്കുന്നതിനുവേണ്ടി കൺസ്യൂമർ സ്റ്റോർ സ്ഥാപിക്കുകയും വാർ ഡിൽ ആഴ്ച ചന്തകൾ ആരംഭിക്കുകയും വേണം.
4. ജയകേരളയുടെ പരിസരത്തായി ചെറിയ തോതിലുള്ള മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.
5. ഫിഷർമെൻ കോളനിയിൽ സ്ഥാപിച്ചിട്ടുള്ള മത്സ്യമാർക്കറ്റ് ഇതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. മത്സ്യ ബന്ധനവുമായി ബന്ധ പ്പെട്ടവരെ കണ്ടെത്തി മാർക്കറ്റ് പ്രവർത്തന ക്ഷമമാക്കണം.



5. വിദ്യാഭ്യാസം

നമ്മുടെ വിദ്യാഭ്യാസ മേഖല ഗണപരമായി വളർന്നുവെങ്കിലും ഗുണപരമായ നേട്ടങ്ങളുടെ കാര്യത്തിൽ വളരെ പുറകിലാണ്. പൊതു വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മയുടെ തകർച്ചയാണ് അൺ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നുവെന്ന വാദവും ശക്തമാണ്. ഗുണമേന്മയുടെ മറ്റൊരു സൂചിക തൊഴിൽ സാദ്ധ്യതയുമായുള്ള ബന്ധമാണ്. തൊഴിലില്ലാത്തവരിൽ ഭൂരിഭാഗവും എസ്.എസ്. എൽ.സി. യോ പ്രീഡിഗ്രിയോ പൂർത്തിയാക്കിയവരാണ്. ഇവരിൽ നല്ലൊരു ശതമാനം പെൺകുട്ടികളാണ്. പത്തു പന്ത്രണ്ട് വർഷത്തെ വിദ്യാഭ്യാസം കൊണ്ട് തൊഴിൽ നേടുന്നതിനും തൊഴിൽ ചെയ്യുന്നതിനുമുള്ള സാമാന്യജ്ഞാനമോ തൊഴിൽ പരിശീലനമോ ഇന്നത്തെ പൊതുവിദ്യാഭ്യാസം കൊണ്ട് ലഭിക്കുന്നില്ല.

കേരളത്തിനാവശ്യം അടിസ്ഥാന മേഖലകളായ കൃഷി, അനുബന്ധ മേഖലകൾ, വ്യവസായങ്ങൾ എന്നിവയുടെ സമഗ്രമായ വികസനവും മനുഷ്യ ശക്തിയുടെ സമ്പൂർണ്ണമായ ഉപയോഗവും ഉറപ്പു വരുത്തുന്ന വികസന തന്ത്രമാണ്. ഇതിനുതകുന്ന വിദ്യാഭ്യാസ പദ്ധതിയാണ് നമുക്കാവശ്യം. പൊതു വിദ്യാഭ്യാസത്തിൽ തൊഴിലധിഷ്ടിത വിദ്യാഭ്യാസം കരിക്കുലത്തിന്റെ ഭാഗമാക്കണം. സ്കൂൾ വിദ്യാഭ്യാസം പൂർണ്ണമായും പഞ്ചായത്തീരാജിന്റെ കീഴിൽ വരികയും ഒരു സ്കൂളിനെ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും ആവശ്യമുള്ള അധിക വിഭവസമാഹരണം പഞ്ചായത്തുകൾ നടത്തുകയും ചെയ്യണം. കരിക്കുല രൂപീകരണം സംസ്ഥാനത്തിന്റെ പൊതുവെ ആയിരിക്കുമെങ്കിലും പ്രദേശിക പ്രത്യേകതകളനുസരിച്ച് സിലബസ്, ബോധനരൂപങ്ങൾ മൂല്യനിർണ്ണയം എന്നിവ തീരുമാനിക്കാനുള്ള അധികാരം അതാതുജില്ലകളിലെ അക്കാദമിക്ക് സമിതികൾക്കും അദ്ധ്യാപകർക്കും ഉണ്ടായിരിക്കണം. അദ്ധ്യാപക പുന:പരിശീലനം ജില്ലയിൽ ആസൂത്രണം ചെയ്യണം. ഇവയെല്ലാം നടത്തുന്നതിന് ജില്ലാ വിദ്യാഭ്യാസ സമിതിയും പഞ്ചായത്തു തലത്തിൽ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയും സ്കൂൾ തലത്തിൽ സ്കൂൾ വിദ്യാഭ്യാസ സമിതിയും രൂപീകരിക്കണം. പ്രൈമറി തലത്തിൽ മാതൃഭാഷാ പഠനം നിർബന്ധമാക്കണം. കേരളത്തിന്റെ വികസനത്തിനുതകുന്ന കോഴ്സുളോടൊപ്പം ഉന്നത വൈജ്ഞാനിക മേഖലകളിൽ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന കോഴ്സുകളും വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

സംസ്ഥാന തലത്തിൽ ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള പരിപാടികൾ മുഴുവൻ സമന്വയിപ്പിക്കുകയും അവ സാക്ഷരതാ പരിപാടിയുടെ മാതൃകയിൽ ജനപങ്കാളിത്തത്തോടെയുള്ള സമഗ്ര പദ്ധതിയാക്കി മാറ്റുകയും വേണം. (പുതിയ സാധ്യതകളുള്ള ബയോടെക്നോളജി, ബയോ മെഡിക്കൽ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി തുടങ്ങിയ കോഴ്സുകൾ കൊച്ചിൻ സർവ്വകലാശാല കേന്ദ്രീകരിച്ച് ആരംഭിച്ചിട്ടുണ്ട്. അത് മറ്റ് എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് വ്യാപിപ്പിക്കുകയും വേണം.)

സ്കൂൾ വിദ്യാഭ്യാസ രംഗത്ത് സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ട മറ്റൊരു രംഗം വ്യാപകമായി വരുന്ന പ്രീ-പ്രൈമറി വിദ്യാഭ്യാസമാണ്. അതിന് ഐകരൂപ്യം വരുത്തുന്നതിലും ആരോഗ്യ ശാസ്ത്രപരമായും വിദ്യാഭ്യാസ ശാസ്ത്രപരമായും തികച്ചും ദോഷകരമായ രീതിയിൽ ഈ ഘട്ടത്തിൽ നൽകപ്പെടുന്ന അക്ഷര-അക്ക പഠനത്തെ നിരുത്സാഹപ്പെടുത്തുന്നതിലും കളികളിലൂടെ കുട്ടികളുടെ വിദ്യാഭ്യാസ സമ്പാദനത്തിനുള്ള നൈസർഗ്ഗീകമായ സിദ്ധികൾ തൊട്ടുണർത്തുന്നതിലും ശ്രദ്ധ പതിയണം.

ചേരാനല്ലൂർ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിലേക്ക് എത്തി നോക്കുമ്പോൾ ദശാബ്ദങ്ങൾക്ക് മുൻപ് കൂടിപ്പള്ളിക്കൂടം നടത്തിയിരുന്ന ഒരു ചാത്തുക്കുട്ടി ആശാനാണ് സ്മൃതിപഥങ്ങളിൽ എത്തുന്നത്. ഇന്നത്തെ രീതിയിലുള്ള സ്കൂൾ

വിദ്യാഭ്യാസം ആരംഭിക്കുന്നത്. St. ജയിംസ് പള്ളിയോട് ചേർന്നുള്ള ലിറ്റിൽ ഫ്ളവർ എൽ.പി.സ്കൂളിൽ നിന്നാണ്. തുടർന്ന് പഞ്ചായത്തിൽ എൽ.പി., യു.പി. സ്കൂളുകൾ ഉണ്ടായെങ്കിലും ഹൈസ്കൂൾ ആരംഭിക്കുന്നത് 1943-ൽ ആണ്. ഇന്നത്തെ രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിലെ പ്രമുഖ വ്യക്തികളിൽ പലരും ഈ സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കിയവരാണ്. നമ്മുടെ പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന പാർലമെന്റ് മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബാരിസ്റ്റർ സേവ്യർ അറയ്ക്കൽ, മഹാരാജാസ് കോളേജിന്റെ മുൻ പ്രിൻസിപ്പാളും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് അംഗവും ആയിരുന്നു പ്രൊഫസർ അരവിന്ദാക്ഷമേനോൻ, മുൻ ഡെപ്യൂട്ടി സ്പീക്കറും ഇപ്പോഴത്തെ കോർപ്പറേഷൻ കൗൺസിലറുമായ ശ്രീമാൻ കെ.എം. ഹംസക്കുഞ്ഞ് തുടങ്ങിയ പ്രമുഖർ ഈ സ്കൂളിന്റെ സംഭാവനകളാണ്. ഇവരുടെയെല്ലാം ഗുരുനാഥയായിരുന്ന ജാനകിയമ്മ ടീച്ചർ ഇപ്പോൾ ഈ സ്കൂളിന്റെ വിദ്യാഭ്യാസ സമിതിയിലെ അംഗമാണ്.

പട്ടിക 1

പഞ്ചായത്തിലെ സ്കൂളുകളുടെ തരംതിരിച്ചുള്ള കണക്ക്

എൽ. പി.			UP	UP + LP	UP + HS	LP + UP + HS
സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	എയ്ഡഡ്	എയ്ഡഡ്	എയ്ഡഡ്	അൺ എയ്ഡഡ്
2	1	1	1	2	1	1

പട്ടിക 2

സ്കൂളുകളിലേക്കുള്ള ശരാശരി യാത്രാദൂരം

നമ്പർ	തരം	ശരാശരി ദൂരം (കി.മീ.)	പരമാവധി ദൂരം (കി.മീ.)
1.	ലോവർ പ്രൈമറി സ്കൂൾ	2.16 കി.മീ.	4.2 കി.മീ
2.	അപ്പർ പ്രൈമറി സ്കൂൾ	2.3. കി.മീ.	4.6. കി.മീ
3.	ഹൈസ്കൂൾ	-	4 കി.മീ.

കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ പല ക്ലാസ്സുകളിലും കുട്ടികളുടെ എണ്ണത്തിൽ കുറവു കാണുന്നുണ്ട്. ചെറിയൊരു ശതമാനം കുട്ടികൾ വിദ്യാഭ്യാസത്തിന് അൺ-എയ്ഡഡ് സ്കൂളുകളെ ആശ്രയിക്കുമ്പോൾ നല്ലൊരു ശതമാനം പഞ്ചായത്തിന് പുറത്തുള്ള സർക്കാർ, എയിഡഡ് സ്കൂളുകളെ ആശ്രയിക്കുന്നു. ഇതിനു കാരണം പഞ്ചായത്തിലെ സ്കൂളുകളുടെ വിദ്യാഭ്യാസ തകർച്ചയാണ്.

പട്ടിക 3

കഴിഞ്ഞ അഞ്ചു വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം

സ്റ്റാൻഡേർഡ്	91-92	92-93	93-94	94-95	95-96
I	244	253	245	211	196
II	328	227	259	245	204
III	309	304	289	259	237
IV	315	321	309	274	268
V	306	279	270	281	266
VI	349	303	274	278	281
VII	357	339	332	281	293
VIII	84	80	85	80	77
IX	109	76	66	71	68
X	80	86	86	53	60

പഞ്ചായത്തിലെ സ്കൂളുകളിലൂടെ

1. St. മേരീസ് U.P. സ്കൂൾ, ചിറ്റൂർ

കഴിഞ്ഞ വർഷം പ്ലാറ്റിനം ജൂബിലി ആഘോഷിച്ച ഈ സ്കൂൾ, പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ സ്ഥിതി ചെയ്യുന്നു. ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമാണെങ്കിലും മൊത്തം പഠനനിലവാരത്തിൽ മൂല്യച്യുതി സംഭവിച്ചിട്ടുണ്ട്. പി.ടി.എ., മാതൃസംഘം തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. അദ്ധ്യാപകരുടേയും, രക്ഷിതാക്കളുടേയും മറ്റു വിദ്യാഭ്യാസ തല്പരരുടേയും കൂട്ടായ യത്നത്തിലൂടെ പഠന നിലവാരം ഉയർത്തുവാൻ കഴിയും.

2. ഗവൺമെന്റ് എൽ. പി. സ്കൂൾ, ചിറ്റൂർ

St. മേരീസ് യു.പി. സ്കൂളിന്റെ തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന ഈ സർക്കാർ എൽ.പി. സ്കൂളിൽ കുട്ടികൾ കുറഞ്ഞു കൊണ്ടിരിക്കുന്ന പ്രവണത ഉണ്ടായിരുന്നെങ്കിലും കഴിഞ്ഞ രണ്ടുമൂന്ന് വർഷത്തെ അദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടേയും, മറ്റു സന്നദ്ധ സംഘടനാ പ്രവർത്തകരുടേയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി പഠന നിലവാരത്തിൽ മാറ്റം വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. പി.ടി.എ. യുടെ നേതൃത്വത്തിൽ പ്രീ-പ്രൈമറി ആരംഭിച്ചിട്ടുണ്ട്. ഇത് പഞ്ചായത്ത് ഏറ്റെടുത്ത് കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കണം. പ്രധാന അദ്ധ്യാപിക അടക്കം നാല് അദ്ധ്യാപകർ മാത്രമാണ് ഈ സ്കൂളിൽ ഉള്ളത്. പ്രധാന അദ്ധ്യാപികയ്ക്ക് ഓഫീസ് സംബന്ധമായ കാര്യങ്ങൾക്കായി പുറത്തേയ്ക്ക് പോകേണ്ടി വരുമ്പോഴും ഏതെങ്കിലും അദ്ധ്യാപകൻ ലീവ് എടുക്കുമ്പോഴും കുട്ടികൾ അനാഥമാകുന്ന സാഹചര്യമാണുള്ളത്. ഇതിന് അടിയന്തിര പരിഹാരം കാണേണ്ടതാണ്. പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ഒരു ടീച്ചറുടെ സന്നദ്ധ സേവനം താല്ക്കാലികമായി ലഭ്യമാക്കിയിട്ടുണ്ട്.

3. L.F. L.P.S. ചേരാനല്ലൂർ

പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന ഏറ്റവും പഴക്കമുള്ള സ്കൂളാണ് ഇത്. അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും ആത്മാർത്ഥമായ പ്രവർത്തനഫലമായി പഞ്ചായത്ത് ശരാശരിയേക്കാൾ പഠന നിലവാരം ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. മാതൃസംഗമം നടത്താറുണ്ട്. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായത്ര സൗകര്യങ്ങൾ ഈ സ്കൂളിനില്ല. അതിനുള്ള പരിഹാരം കാണേണ്ടതാണ്.

ഈ സ്കൂളിനോട് അനുബന്ധിച്ച് ഇംഗ്ലീഷ് മീഡിയം പ്രീ-പ്രൈമറിയും, പ്രൈമറിയും ആരംഭിച്ചിട്ടുണ്ട്.

പട്ടിക 4

അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സ്കൂൾ തിരിച്ചുള്ള വിവരങ്ങൾ

		അദ്ധ്യാപകർ			വിദ്യാർത്ഥികൾ			മറ്റ് സൗകര്യങ്ങൾ			
								കെട്ടിടം		ഫർണീച്ചർ	
	സ്കൂളുകൾ	ആണ്	പെണ്ണ്	ആകെ	ആണ്	പെണ്ണ്	ആകെ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ
	1	2	3	4	5	6	7	8	9	10	11
HS	അൽ-ഫാറൂഖ് - HS ചേരാനല്ലൂർ	4	8	12	99	109	208	ഉണ്ട്		ഉണ്ട്	
UP	1.സെന്റ് മേരീസ് U.P.S. ചിറ്റൂർ	1	8	9	92	72	164	ഉണ്ട്		ഉണ്ട്	
	2.അൽ-ഫാറൂഖ്-H.S. ചേരാനല്ലൂർ	1	7	8	82	67	149	ഉണ്ട്		ഉണ്ട്	
	3.എൽ.എഫ്.യു.പി.എസ് ചേരാനല്ലൂർ	1	12	13	242	193	435	ഉണ്ട്		ഉണ്ട്	
	4.സെന്റ് മേരീസ് യു.പി. എസ് വെസ്റ്റ് ചേരാനല്ലൂർ	0	4	4	20	34	54	ഉണ്ട്		ഉണ്ട്	
LP	1.ഗവ.എൽ.പി.എസ് ചിറ്റൂർ	0	4	4	39	32	71	ഉണ്ട്		ഉണ്ട്	
	സെന്റ് മേരീസ് യു.പി.എസ് 2. ചിറ്റൂർ	0	4	4	72	54	126	ഉണ്ട്		ഉണ്ട്	
	എൽ.എഫ്.എൽ.പി.എസ്. 3. ചേരാനല്ലൂർ	1	12	13	240	209	449	ഉണ്ട്		ഉണ്ട്	
	4.ഗവ. എൽ.പി.എസ് ചേരാനല്ലൂർ	4	3	7	70	79	149	ഉണ്ട്		ഉണ്ട്	
	5.സെന്റ് മേരീസ് യു.പി.എസ് വെസ്റ്റ് ചേരാനല്ലൂർ	0	4	4	35	36	71	ഉണ്ട്		ഉണ്ട്	
Pre Primary	ഗവ. എൽ.പി.എസ്. ചിറ്റൂർ	0	1	1	22	11	33				
	എൽ.എഫ്. പ്രീ-പ്രൈമറി	0	2	2	33	45	78				
	ആകെ	12	69	81	1046	941	1987				

4. L.F. U.P.S.

പഞ്ചായത്തിലെ യു.പി. വിഭാഗത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളാണ് L.F. U. P.S. കഴിഞ്ഞ അഞ്ചു വർഷമായി കുട്ടികളുടെ എണ്ണത്തിൽ നേരിയ കുറവുണ്ടായിട്ടുണ്ടെങ്കിലും അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും ആത്മാർത്ഥമായ പ്രവർത്തനം പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകമായിട്ടുണ്ട്. പി.ടി.എ. മാതൃസംഗമം തുടങ്ങിയവ യഥാസമയങ്ങളിൽ കൂടാറുണ്ട്.

5. Govt. L.P.S. ചേരാനല്ലൂർ

ഭൗതിക സാഹചര്യങ്ങൾ വേണ്ടത്രയുള്ള ഈ സ്കൂളിന്റെ പഠന നിലവാരം ഒട്ടും തൃപ്തികരമല്ല. അദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടേയും ആത്മാർത്ഥതയില്ലായ്മയാണ് ഈ ശോചനീയാവസ്ഥയ്ക്ക് കാരണം. പഞ്ചായത്തിന്റെ ഏറ്റവും കൂടിയ ശ്രദ്ധ പതിയേണ്ട സ്കൂളാണിത്.

6. A.L.F.H.S

1943 ൽ സ്ഥാപിച്ച ഈ സ്കൂൾ പഞ്ചായത്തിലെ ഏക ഹൈസ്കൂളാണ്. ധാരാളം വിദ്യാർത്ഥികൾ പഠിച്ചിരുന്ന ഈ സ്കൂളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞു വരുന്ന പ്രവണതയാണുള്ളത്. പഴയ മാനേജുമെന്റ് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ വരുത്തിയ വീഴ്ചയാണ് ഇതിന് കാരണം. പുതിയ മാനേജ്മെന്റ് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തെ എസ്.എസ്.എൽ.സി. വിജയ ശതമാനത്തിൽ ഉയർച്ച താഴ്ച കാണാവുന്നതാണ്.

പട്ടിക 5

അഞ്ചു വർഷത്തെ S.S.L.C. വിജയ ശതമാനം

സ്കൂളിന്റെ പേര്	വർഷം	ശതമാനം
അൽ-ഫാറൂഖ്യ ഹൈസ്കൂൾ	91-92	26.3 %
	92-93	23.5 %
	93-94	25.5 %
	94-95	52.8 %
	95-96	35 %

സ്കൂൾ കോംപ്ലക്സ് പ്രവർത്തനത്തിന്റെ ഭാഗമായി സ്കൂൾ വിദ്യാഭ്യാസ സമിതി രൂപീകരിച്ച് പഠന നിലവാരം ഉയർത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

7. St. മേരീസ് യു.പി. സ്കൂൾ, വെസ്റ്റ് ചേരാനല്ലൂർ

പഞ്ചായത്തിന്റെ വടക്കെ അറ്റത്തുള്ള ഈ സ്കൂളിന്റെ പഠന നിലവാരം പഞ്ചായത്ത് ശരാശരിയേക്കാൾ താഴെയാണ്. കുട്ടികളുടെ എണ്ണം വളരെ കുറവാണ്. അദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടേയും കാര്യക്ഷമമായ പ്രവർത്തനമില്ലായ്മയാണ് ഇതിന് കാരണം. പി.ടി.എ. മാതൃസംഘം തുടങ്ങിയവ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. വിശാലമായ കളിസ്ഥലമുണ്ടെങ്കിലും ഉപയോഗയോഗ്യമല്ല. ഭൗതിക സൗകര്യങ്ങളും കുറവാണ്.

പട്ടിക 6

അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും എണ്ണം

	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
തരം	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
ലോവർ പ്രൈമറി	386	331	717	5	23	28
അപ്പർ പ്രൈമറി	434	382	816	3	35	38
ഹൈസ്കൂൾ	99	109	208	4	8	12
ആകെ	919	822	1741	12	66	78

പഞ്ചായത്തിൽ മൊത്തം 7 ഇംഗ്ലീഷ് മീഡിയം പ്രീ-പ്രൈമറി വിദ്യാലയങ്ങളിലായി ആകെ 363 കുട്ടികൾ പഠിക്കുന്നു. ഇത് കൂടാതെ 7 അംഗൻവാടികളും പ്രവർത്തിക്കുന്നുണ്ട്.

സാധ്യതകളും പരിഹാരങ്ങളും

മോശമായിക്കൊണ്ടിരിക്കുന്ന പഠന നിലവാരം ഉയർത്തുന്നതിനു വേണ്ടി ജനകീയ പങ്കാളിത്തത്തോടു കൂടി കല്ല്യാശ്ശേരി പഞ്ചായത്തിലെ സ്കൂൾ കോംപ്ലക്സിന്റെ മാതൃകയിൽ പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളേയും ബന്ധിപ്പിച്ച്കൊണ്ടുള്ള സ്കൂൾ കോംപ്ലക്സ് പരിപാടിക്ക് പഞ്ചായത്തിൽ രൂപം കൊടുത്തിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. വിജയലക്ഷ്മി സദാനന്ദൻ ചെയർ പേഴ്സണും പഞ്ചായത്തു മെമ്പർമാർ, പി.ടി.എ. പ്രസിഡന്റുമാർ, സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങിയവർ അംഗങ്ങളായുള്ള പഞ്ചായത്ത് സ്കൂൾ സമിതിയ്ക്ക് രൂപം കൊടുത്തിട്ടുണ്ട്. പഞ്ചായത്ത് സ്കൂൾ കോംപ്ലക്സിന്റെ ഉദ്ഘാടനം ലീഡിംഗ് സ്കൂളായ അൽ-ഫാറൂഖിയ ഹൈസ്കൂളിൽ വെച്ച് ശ്രീ. കെ. ബാബു. എം.എൽ.എ. നിർവ്വഹിച്ചു. ഇതിന്റെ ഒന്നാം ഘട്ടത്തിൽ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ അക്ഷരജ്ഞാനവും അക്കജ്ഞാനവും ഉറപ്പിക്കുക എന്ന ലക്ഷ്യമാണിട്ടിരിക്കുന്നത്. അതിന്റെ മുന്നോടിയായി പ്രീ-ടെസ്റ്റ് നടത്തി മൂല്യ നിർണ്ണയം നടത്തി. അതിനു ശേഷം നടക്കേണ്ടിയിരുന്ന പരിഹാരബോധനം അദ്ധ്യാപക പുന: പരിശീലനം, മാതൃസംഗമം, അദ്ധ്യാപക സംഗമം തുടങ്ങിയ പരിപാടികൾ നടന്നിട്ടില്ല. പഞ്ചായത്ത് വികസന സമിതിയ്ക്ക് പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ശേഖരിയ്ക്കാൻ കഴിയാതിരുന്നത് ഇതിന് കാരണമാണ്. ഈ വീഴ്ചകൾ പരിഹരിച്ച് പഞ്ചായത്തിന്റെ മൊത്തം വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വേണ്ട നടപടിക്രമങ്ങൾ പഞ്ചായത്ത് വിദ്യാഭ്യാസ സമിതി കൈക്കൊള്ളേണ്ടതാണ്

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1) ഗവ. എൽ.പി.സ്കൂൾ ചിറ്റൂർ P.T.A. നടത്തിവരുന്ന പ്രീ-പ്രൈമറി സ്കൂൾ സർക്കാർ ഏറ്റെടുക്കണം.
2) ചിറ്റൂരിൽ ഒരു ഗവ. ഹൈസ്ക്കൂൾ സ്ഥാപിക്കണം.
3) കൊറുങ്കോട്ടയിൽ ഒരു പ്രീ-പ്രൈമറി സ്കൂളും വായനശാലയും സ്ഥാപിക്കണം.
4) 2-ാം വാർഡിലുള്ള അംഗൻവാടിയിലെ സൗകര്യങ്ങൾ മെച്ചപ്പെടു ത്തണം. ഇതിനോടു ചേർന്നുള്ള പൊതുകിണർ നന്നാക്കണം.
5) 3-ാം വാർഡിലുള്ള യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കണം. അദ്ധ്യാപകരുടെ സേവനം കാര്യക്ഷമമാക്കണം.

6) നിലവിലുള്ള ഗ്രാമീണ വായനശാല പ്രവർത്തനക്ഷമമാക്കണം.

7) പഞ്ചായത്തിൽ ഒരു പോളിടെക്നിക്കും I.T.I. യും സ്ഥാപിക്കണം.

8) സ്കൂളുകളിൽ റഫറൻസ് ഗ്രന്ഥങ്ങളുടെ കുറവ് പരിഹരിക്കണം.

9) കുട്ടികളുടെ അമിത സിലബസ് ഭാരം കുറയ്ക്കണം. പ്രൈമറി തലത്തിൽ മാതൃഭാഷാ പഠനം നിർബന്ധമാക്കണം. പാഠപുസ്തകങ്ങൾ യഥാസമയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. പ്രീഡിഗ്രി സ്കൂൾ തലത്തിലാക്കണം.

10) പഞ്ചായത്തിലുള്ള ഒരേ ഒരു ഹൈസ്ക്കൂൾ ഹയർ സെക്കന്ററിയാക്കണം.

11) അമ്പലക്കടവിലുള്ള ബാലവാടിക്കായി ഫിഷർമെൻ കോളനിക്കു പുറകിലുള്ള 6 1/2 സെന്റ് പുറം പോക്കിൽ കെട്ടിടം പണിയണം.

12) ചേരാനല്ലൂർ സർക്കാർ എൽ.പി. സ്കൂളിൽ നേഴ്സറി തുടങ്ങണം.

13) കുട്ടികൾക്ക് കൃഷിയിൽ താല്പര്യമുണ്ടാക്കുന്നതിനുള്ള പരിശീലനം നൽകണം.

14) പണ്ഡിറ്റ് കറുപ്പൻ സ്മാരക വായനശാലയുടെ ഗ്രാന്റ് വർദ്ധിപ്പിക്കണം.

15) എല്ലാ സ്കൂളുകളിലും ലൈബ്രറിയും ലബോറട്ടറി സൗകര്യങ്ങളും വർദ്ധിപ്പിക്കണം.

16) അംഗൻവാടി ടീച്ചറുടെ ശമ്പളം വർദ്ധിപ്പിക്കണം.

17) സാക്ഷരതാ പ്രസ്ഥാനം പുനർജ്ജീവിപ്പിക്കണം.

18) 7-ാം വാർഡിലെ അംഗൻവാടി കെട്ടിടം സുരക്ഷിതമാക്കണം. ആവശ്യത്തിന് കളിക്കോപ്പുകൾ ഉണ്ടാക്കണം.

19) 8-ാം വാർഡിലെ സെന്റ് മേരീസ് സ്കൂളിൽ കുട്ടികൾക്ക് വെള്ളം ഉപയോഗിക്കുന്നതിനാവശ്യമായ ടാപ്പുകൾ സ്ഥാപിക്കണം.

20) കളിസ്ഥലം ഉപയോഗപ്രദമാക്കുകയും ആവശ്യ മായത്ര മൂത്രപ്പുര ഉണ്ടാക്കുകയും വേണം.

21) P.T.A. കാര്യക്ഷമമായി പ്രവർത്തിക്കാത്തതിന്റെ പേരിൽ പഠന നിലവാരം മോശമാണ്.

22) അംഗൻവാടിയിൽ മുൻപുണ്ടായിരുന്ന ഉച്ചഭക്ഷണ പരിപാടി തുടർന്ന് നടത്തണം. കെട്ടിടം ഉണ്ടെങ്കിലും മുഴുവൻ കുട്ടികളേയും ഉൾക്കൊള്ളുന്നതിനുള്ള സ്ഥലം കുറവാണ്. കായിക വിനോദ ഉപകരണങ്ങൾ ആവശ്യത്തിന് ഇല്ല.

23) ഉച്ചഭക്ഷണം എല്ലാ സ്കൂളിലും നടപ്പിലാക്കുന്നുണ്ടെന്ന് പഞ്ചായത്തു സമിതി ഉറപ്പാക്കണം.

24) സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം.

25) ഗവ. എൽ.പി. സ്കൂളിലെ വാർഷിക അറ്റകുറ്റപ്പണി യഥാസമയം നടത്തണം.

26) അദ്ധ്യയന നിലവാരം വളരെ മോശമായ ചേരാനല്ലൂർ ഗവ. എൽ.പി. സ്കൂളിന്റെ ശോചനീയാവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിന് അടിയന്തിരമായി നടപടികൾ എടുക്കുകയും അധികം വരുന്ന കെട്ടിടങ്ങൾ ഉപയോഗിച്ച് തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുകയും വേണം.

27) സർക്കാർ എൽ.പി.സ്കൂളിനോടു ചേർന്ന് നേഴ്സറിസ്കൂൾ സ്ഥാപിക്കണം.

28) കൂടുതൽ അൺ-എയ്ഡഡ് സ്കൂളുകൾ സ്ഥാപിക്കുന്നതിനെ നിയന്ത്രിക്കണം

29) 10-ാം വാർഡിൽ ഒരു അംഗൻവാടി തുടങ്ങണം വാർഡിൽ ഒരു വായനശാല സ്ഥാപിക്കണം.

30) സ്കൂളിൽ എല്ലാ മാസവും മാതൃസംഗമം നടത്തണം.

31) സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം.

പരിഹാരങ്ങൾ

1. സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം ഊർജ്ജിതമാക്കണം.
2. ചിറ്റൂർ പ്രദേശത്ത് സർക്കാർ ഉടമയിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കണം.
3. എല്ലാ പ്രീ-പ്രൈമറി വിദ്യാലയങ്ങളും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരണം.
4. 4 അദ്ധ്യാപകരുള്ള സ്കൂളുകളിൽ കൂടുതൽ അദ്ധ്യാപകരെ നിയമിക്കുകയോ പകരം സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യണം.

6. കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

ചേരാനല്ലൂർ പഞ്ചായത്തിലെ 1, 2, 3, വാർഡുകൾ ഒഴികെ മറ്റെല്ലായിടത്തും രൂക്ഷമായ ജല ക്ഷാമം ഉണ്ട്. ഒട്ടേറെ തോടുകളും പുഴകളും ഉള്ള ഈ താഴ്ന്ന പ്രദേശത്ത് ജലസ്രോതസ്സുകൾ ശരി യാംവണ്ണം സംരക്ഷിക്കാത്തത് മൂലമാണ് കുടി വെള്ളക്ഷാമം രൂക്ഷമായത്. പഞ്ചായത്തിൽ ആകെ 320 പൊതുടാപ്പുകളാണ് ഉള്ളത്. പൊതുകിണർ 21 എണ്ണവും ഉണ്ട്. ഒട്ടേറെ വീടുകളിൽ സ്വകാര്യ കുളങ്ങളും കിണറുകളും ഉണ്ട്. പക്ഷേ, ഇവയിൽ അധികവും ഇപ്പോൾ ഉപയോഗശൂന്യമായിരി ക്കുകയാണ്.

പ്രശ്നങ്ങൾ:-

1. പഞ്ചായത്തിലെ മിക്ക വാർഡുകളിലും രൂക്ഷ മായ ജലക്ഷാമം ഉണ്ട്.
2. പൊതുടാപ്പുകൾ ഇല്ലാത്ത ഒട്ടേറെ സ്ഥലങ്ങൾ ഉണ്ട്.
3. പൊതു ടാപ്പുകളിൽ നിന്നും വളരെയധികം വെള്ളം ചോർന്നു പോകുന്നുണ്ട്.
4. പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കു വാനോ നിലനിർത്തുവാനോ ഉള്ള ശ്രമങ്ങൾ ഉണ്ടാകുന്നില്ല.
5. കുടിവെള്ളം സംഭരിച്ചു വയ്ക്കാൻ പഞ്ചായത്ത് അതിർത്തിയിൽ വാട്ടർ ടാങ്കുകൾ ഇല്ല.

സാധ്യതകൾ:-

1. ശുദ്ധജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ സ്ഥിരം സംവിധാനങ്ങൾ ഉണ്ടാ കുന്നതുവരെ ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുക.
2. മഞ്ഞുമ്മൽ വാട്ടർ സ്കീം അടിയന്തിരമായി നടപ്പാക്കുക.
3. ശുദ്ധജലം ലഭിക്കുന്ന പൊതുകിണറുകളും, കുളങ്ങളും, ശുചിയാക്കുവാനും സംരക്ഷിക്കു വാനും നടപടികൾ സ്വീകരിക്കുക.
4. ചിറ്റൂർ സിംസൺ തിയേറ്റർ റോഡിലും, അതിന് കിഴക്കു വശത്തും പൊതുടാപ്പുകൾ സ്ഥാപിക്കുക.
5. താമരശ്ശേരി, തേവർപറമ്പ്, ഇടയക്കുന്നം ലക്ഷം വീട് കോളനി എന്നിങ്ങനെ കൂടുതൽ ആളുകൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കുക.
6. കുടിവെള്ളം സംഭരിക്കുവാനും വിതരണം ചെയ്യുവാനും ശേഷിയുള്ള ഒരു ജലസംഭരണി സ്ഥാപിക്കുക.
7. അമ്പലക്കടവിൽ നിന്ന് വടക്കു ഭാഗത്തേക്കുള്ള റോഡിൽ നിലവിലുള്ള ടാപ്പിൽ നിന്നും 25 മീറ്റർ കൂടി പൈപ്പ് ഇട്ട് പുതിയ ടാപ്പ് അനുവദിക്കുക.
8. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 7-ാം വാർഡിൽ ഒരു പൊതുകിണർ കുഴിക്കുക. 9-ാം വാർഡിൽ 200 മീറ്റർ വാട്ടർ ലൈൻ വലിച്ച് 20 ടാപ്പുകൾ പുതിയതായി അനുവദിക്കുക.

സെന്റ് ജോർജ്ജ് കപ്പേളയുടെ കിഴക്കു ഭാഗത്തും പടിഞ്ഞാറുഭാഗത്തും പൈപ്പ് ലൈൻ എത്തിക്കണം. ഇടയക്കുന്നം 4 സെന്റ് കോളനിയിൽ ഒരു ടാപ്പും ഒരു പൊതുകിണറും വേണം. സെന്റ് മേരീസ് സ്കൂളിന് തെക്കു ഭാഗത്തും ലക്ഷം വീട് കോളനിയിലും നിലവിലുള്ള പൈപ്പ് ലൈൻ പരിശോധിക്കുകയും ജലലഭ്യത വർദ്ധിപ്പിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുകയും ചെയ്യാം.

9. 4-ാം വാർഡ് ലക്ഷംവീട് കോളനി പ്രദേശത്തുള്ള കിണറും പഞ്ചായത്ത് കുളവും വൃത്തിയാക്കി നിലവിലുള്ള ജലക്ഷാമം പരിഹരിക്കാം.

10. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം ലഭിക്കത്തക്ക വിധത്തിലുള്ള ജല ശുദ്ധീകരണ കേന്ദ്രം ആരംഭിക്കുക.

11. 7-ാം വാർഡിലെ ലക്ഷംവീട് കോളനിയിലേക്കുള്ള ശുദ്ധജല വിതരണം തകരാറിലായിരിക്കുന്നത് അടിയന്തിരമായി പരിഹരിക്കുക.

12. കച്ചേരിപ്പടിയിൽ ഉപയോഗ ശൂന്യമായിക്കിടക്കുന്ന പഞ്ചായത്ത് കിണർ ശുചിയാക്കി ഉപയോഗ പ്രദമാക്കുക.

13. യശോറാം കോളനിയിലേക്കുള്ള ശുദ്ധജലവിതരണം നിയന്ത്രിച്ച് 8- ാം വാർഡിലേക്ക് വേണ്ട ശുദ്ധജലം എത്തിക്കുക.

14. നിലവിലുള്ള പൈപ്പ് ലൈൻ പരിശോധിച്ച് കേടുപാടുകൾ തീർക്കുകയും ജലവിതരണം സുഗമമാക്കുകയും ചെയ്യുക.

15. ഇപ്പോഴുള്ള പൈപ്പ് ലൈനിന്റെ വ്യാസം വർദ്ധിപ്പിക്കുക.

16. നാഷണൽ ഹൈവേയ്ക്ക് കിഴക്കുഭാഗത്തുള്ള ശുദ്ധജലക്ഷാമം പരിഹരിക്കുക.

പൊതുജനാരോഗ്യം:-

ഈ പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററും, ഒരു ഹോമിയോ ഡിസ്പെൻസറിയും, ഒരു ആയുർവേദ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്. മഹാനഗരത്തിലെ പഞ്ചനക്ഷത്ര ആശുപത്രികളിലാണ് കൂടുതൽ ഇടത്തരക്കാരും ഉയർന്ന വരുമാനക്കാരും ചികിത്സയ്ക്കായി ചെല്ലുന്നത്. വളരെ കുറച്ച് ആളുകൾ മാത്രമേ മേൽപ്പറഞ്ഞ ആരോഗ്യ കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നുള്ളു.

കേരളത്തിലെ മറ്റു ജനവിഭാഗങ്ങളെ പോലെ തന്നെ രോഗാതുരത പ്രകടിപ്പിക്കുന്ന ജനങ്ങളാണ് ഇവിടെ കൂടുതൽ ഉള്ളത്. 94-95 കാലയളവിൽ വിവിധ അസുഖങ്ങളുടെ ചികിത്സയ്ക്കായി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എത്തിയവർക്ക് 19,863 വരെ രജിസ്റ്റർ നമ്പർ കൊടുത്തിരിയ്ക്കുന്നതായി കാണുന്നു. (രോഗികളുടെ എണ്ണം അറിയില്ല). 95-96 വർഷത്തിൽ 18615 പേരാണ് ആരോഗ്യകേന്ദ്രത്തിൽ ചികിത്സയ്ക്കായി എത്തിയത്. ഇവരുടെ രോഗ വിവരങ്ങൾ പരിശോധിക്കുന്നത് പഞ്ചായത്തിന്റെ ഏകദേശ ആരോഗ്യസ്ഥിതിയെക്കുറിച്ച് അറിയാൻ ഉപകരിക്കും. പട്ടിക ഒന്ന് കാണുക.

പട്ടിക 1

പൊതുരോഗ വിവരങ്ങൾ

ആകെ രോഗികൾ	18615
ത്വക്ക് രോഗം	286
വാതരോഗം	10983
പകർച്ചവ്യാധികൾ	776

ആകെ 28 ജീവനക്കാർ ഉള്ള ഈ പ്രാഥമിക ആരോഗ്യകേന്ദ്രം 1983 ലാണ് സ്ഥാപിച്ചത്. സ്വന്തമായി കെട്ടിടം ഉണ്ടെങ്കിലും ഒട്ടേറെ പരാധീനതകൾ ഉള്ളതാണ് ഈ ആരോഗ്യ കേന്ദ്രം. ശുദ്ധജലത്തിന്റെ അഭാവവും, കിണറുണ്ടെങ്കിലും വെള്ളം ഉപയോഗയോഗ്യമല്ല എന്നുള്ളതും പ്രധാന പ്രശ്നമാണ്. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളുടെ പോരായ്മയും, കക്കൂസുകൾ അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ലായെന്നതും ആരോഗ്യ കേന്ദ്രത്തിന്റെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്നു. ചുറ്റുമതിൽ ഇല്ലായെന്നതും ഒരു പോരായ്മയാണ്.

95-96 കാലയളവിൽ 29845 പേരാണ് വിവിധ രോഗനിവാരണത്തിനായി ആയുർവ്വേദ ഡിസ്പെൻസറിയിൽ എത്തിയത്. ഇവരുടെ രോഗവിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 2

പൊതുരോഗ വിവരങ്ങൾ

ആകെ പേർ രജിസ്റ്റർ ചെയ്തത്	29,845
ത്വക്ക് രോഗം	2,985
വാതരോഗം	18,425

ചേരാനല്ലൂർ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന ആരോഗ്യ കേന്ദ്രമാണിത്. പ്രവർത്തനം ആരംഭിച്ച കൃത്യവർഷം രേഖകളിൽ ലഭ്യമല്ലായെങ്കിലും സ്വാതന്ത്ര്യപ്രാപ്തിക്ക് മുൻപു തന്നെ ഈ ഡിസ്പെൻസറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് പ്രായമേറെയുള്ളവർ പറയുന്നു. 4 ജീവനക്കാരുള്ള ഈ ഡിസ്പെൻസറി പരാധീനതകളുടെ നീർച്ചുഴിയിലാണ്. ഡിസ്പെൻസറിയുടെ പരിസരം വെള്ളക്കെട്ടുള്ളതും, ശുചികരമല്ലാത്തതുമാണ്. വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടന്നിട്ടില്ല. ജനലുകൾക്കും വാതിലുകൾക്കും വേണ്ടത്ര ഉറപ്പില്ല. മരുന്ന് തയ്യാറാക്കുന്നതിനായി ഗ്യാസ് കണക്ഷന് അപേക്ഷിച്ചിട്ടും അത് ഇതുവരെയും ലഭിച്ചിട്ടില്ല. പഞ്ചായത്തിന് അകത്തുനിന്നും പുറത്തുനിന്നും ഒട്ടേറെ രോഗികൾ ചികിത്സയ്ക്കായി എത്തുന്ന ഈ ഡിസ്പെൻസറിയിൽ രോഗികൾക്ക് ആനുപാതികമായിട്ടുള്ള ജീവനക്കാർ ഇല്ല. തയ്യാറാക്കിയിട്ടുള്ള മരുന്നുകൾ (Prepared Medicine) കൂടുതൽ ലഭ്യമാക്കണം. ഡിസ്പെൻസറി പരിസരത്ത് ശുദ്ധജലം ലഭിക്കുന്ന ഒരു കിണർ ഉണ്ടെങ്കിലും അത് ഇപ്പോൾ വൃത്തിഹീനമായിക്കിടക്കുകയാണ്. അത് വറ്റിച്ച് വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ബി.പി. അപ്പാരെറ്റസ്, സ്റ്റെതസ്ക്കോപ്പ്, തെർമോമീറ്റർ എന്നീ ഉപകരണങ്ങൾ അടിയന്തിരമായി ലഭ്യമാക്കണം.

കഷായം പാകം ചെയ്യുന്നതിന് ചെമ്പുകലങ്ങളും അരിച്ച് സൂക്ഷിക്കുന്നതിന് സ്റ്റീൽ ഡ്രമ്മുകളും വേണം. സ്വന്തമായി സൗകര്യപ്രദമായ രീതിയിൽ കെട്ടിടം ഉള്ളതും നിരവധി രോഗികൾ ചികിത്സയ്ക്കായി എത്തുന്നതുമായ ഈ ഡിസ്പെൻസറി 25 കിടക്കകൾ ഉള്ള ആശുപത്രിയായി ഉയർത്തണം.

95-96 കാലയളവിൽ 22761 പേരാണ് ഹോമിയോ ചികിത്സയ്ക്ക് വിധേയരായത്. ഹോമിയോ ഡിസ്പെൻസറിയിൽ വരുന്ന രോഗികളുടെ രോഗവിവരങ്ങൾ പട്ടിക മൂന്നിൽ കൊടുക്കുന്നു.

പട്ടിക 3

പൊതുരോഗ വിവരങ്ങൾ

ഔട്ട് പേഷ്യന്റിന്റെ എണ്ണം	22, 761
ത്വക്ക് രോഗം	2, 400
വാതരോഗം	5,200
പകർച്ചവ്യാധികൾ	200
മറ്റുള്ള രോഗങ്ങൾ	14,961

പഞ്ചായത്തിലെ ഈ സർക്കാർ ഹോമിയോ ഡിസ്പെൻസറി സ്വകാര്യ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. വളരെ കൂടുതൽ രോഗികളെത്തുന്ന ഈ ഡിസ്പെൻസറിക്ക് 3 മുറിയെങ്കിലുമുള്ള ഒരു കെട്ടിടവും, ആവശ്യമായ ഫർണീച്ചറുകളും, പ്രാഥമിക സൗകര്യങ്ങളും അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിൽ 1995-96 കാലഘട്ടത്തിൽ രജിസ്റ്റർ ചെയ്ത ജനന മരണ വിവരങ്ങൾ പട്ടിക നാലിൽ കൊടുക്കുന്നു.

പട്ടിക 4

ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ള മരണം
1995-96	1	89	ഇല്ല

പഞ്ചായത്തിലെ സ്ഥായിയായ രോഗബാധിതരുടെ വിവരങ്ങൾ പട്ടിക അഞ്ചിൽ കാണിച്ചിരിക്കുന്നു.

പട്ടിക 5

സ്ഥായിയായ രോഗബാധിതർ (പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിച്ച കണക്ക്)

1.	രക്ത സമ്മർദ്ദമുള്ളവർ	–	11
2.	പ്രമേഹ രോഗികൾ	–	9
3.	ക്യാൻസർ ബാധിച്ചവർ	–	1
4.	കുഷ്ഠരോഗികൾ	–	ഇല്ല
5.	ക്ഷയ രോഗികൾ	–	3
6.	ഹൃദ്രോഗികൾ	–	5
	ആകെ	–	29

പരിസ്ഥിതി:-

വെള്ളക്കെട്ടും തോടുകളിലെ നീർവാർച്ചക്കുറവും ചേരാനല്ലൂർ പഞ്ചായത്തിൽ രൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവയാണ്. പൊതുവേ താഴ്ന്ന പ്രദേശമായതിനാലും മലിനജലം ഒഴുകിപൊയ്ക്കൊണ്ടിരുന്ന തോടുകളും പാടങ്ങളും വൻ തോതിൽ നികത്തപ്പെട്ടതിനാലും വെള്ളക്കെട്ടിന്റെ പ്രശ്നം വളരെ ഗുരുതരമായ ശ്രദ്ധ അർഹിക്കുന്നു. തോടുകളിലെ നീർവാർച്ചക്കുറവുമൂലം മലിനജലം ഒഴുകിപ്പോകാതെ കെട്ടിക്കിടക്കുന്ന സ്ഥിതി വിശേഷം പഞ്ചായത്തിൽ പലയിടങ്ങളിലുമുണ്ട്. തോടുകൾ വേണ്ട രീതിയിൽ ചിറകെട്ടി സംരക്ഷിക്കാത്തതു മൂലവും, പരിസരവാസികളുടെ അനധികൃത കയ്യേറ്റം മൂലവും മിക്ക തോടുകളിലും നീർവാർച്ചക്കുറവ് നല്ല തോതിൽ അനുഭവപ്പെടുന്നുണ്ട്.

പരിസ്ഥിതി പ്രശ്നത്തിൽ പഞ്ചായത്ത് നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമാണ് അന്തരീക്ഷ-ജല മലിനീകരണം. സമീപപ്രദേശങ്ങളായ ഏലൂർ, കളമശ്ശേരി എന്നിവിടങ്ങളിലുള്ള ചെറുതും വലുതുമായ അനേകം വ്യവസായ ശാലകളിൽ നിന്നും നിത്യേന പുറന്തള്ളിക്കൊണ്ടിരിക്കുന്ന രാസവസ്തുക്കൾ ചേർന്ന മലിനജലവും മലിനവായുവും ഈ പഞ്ചായത്തിലെ കൃഷി, മത്സ്യബന്ധനം മുതലായ മേഖലകളെ സാരമായി ബാധിക്കുന്നുണ്ട്. എല്ലാ ഗ്രാമസഭകളിലും ഉയർന്നു വന്ന ഈ പ്രശ്നം അർഹിക്കുന്ന ഗൗരവത്തോടെ കണക്കിലെടുത്ത് മലിനീകരണം അവസാനിപ്പിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാനിട്ടറി കക്കൂസുകളുടെ അഭാവം പൊതുജനാരോഗ്യത്തിന് ഉയർത്തുന്ന പ്രശ്നങ്ങളും ചെറുതായി കാണാനാവില്ല. കക്കൂസ് സംബന്ധിച്ച വിവരങ്ങൾ പട്ടിക 6 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6
കക്കൂസ് സംബന്ധിച്ച വിവരങ്ങൾ
92-93 - 96-97

സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992-നു ശേഷം)	പൂർത്തീകരിച്ച കക്കൂസുകളുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
794	97	97	697

(അവലംബം ഐ.ആർ.ഡി.പി. സർവ്വെ)

ഐ.ആർ.ഡി.പി. സർവ്വെപ്രകാരമുള്ള ഈ കണക്ക് തീർത്തും ശരിയായി ക്കൊള്ളണമെന്നില്ല. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ വാർഡുതലത്തിൽ പരിശോധന നടത്തി ഗുണഭോക്താക്കളെ കണ്ടെത്തുകയും അടിയന്തിരമായി കക്കൂസുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

പഞ്ചായത്തിലെ വിവിധയിടങ്ങളിലായി 12 മാംസ വിൽപ്പന ശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ചിലതിന് മാംസ വിൽപ്പനയ്ക്കുള്ള ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും കാലികളെ അറക്കുന്നതിനുള്ള ലൈസൻസ് ആർക്കും തന്നെ നൽകിയിട്ടില്ല. പക്ഷേ, എല്ലാ മാംസവിൽപ്പനക്കാരും വിൽപ്പനശാലയുടെ പരിസരത്തു വെച്ചു തന്നെ തികച്ചും അനാരോഗ്യകരമായ രീതിയിലാണ്

മൃഗങ്ങളെ കശാപ്പു ചെയ്തു വരുന്നത്. വഴിയരികുകളിൽ നാലുവശത്തും കെട്ടി മറക്കാത്ത ഓലഷെഡ്ഡുകളിലാണ് പലരും മാംസവില്പന നടത്തുന്നത്. മിനിമം സൗകര്യങ്ങളുള്ള കെട്ടിടങ്ങളുള്ളവർക്കു മാത്രം ലൈസൻസ് നൽകുക. പഞ്ചായത്തിലെ പത്തിടങ്ങളിലെങ്കിലും മാംസ വിൽപ്പന ശാലകൾ സ്ഥാപിക്കണം. ഏറ്റവും ചുരുങ്ങിയത് നിയമാനുസൃതമായിട്ടുള്ള അഞ്ച് അറവുശാലകളെങ്കിലും പഞ്ചായത്ത് അതിർത്തിയിൽ സ്ഥാപിക്കണം.

പഞ്ചായത്തിന് ശ്മശാനം നിർമ്മിക്കുന്നതിനായുള്ള നല്ല സൗകര്യമുണ്ട്. എന്നാലിതുവരെ ആധുനിക സൗകര്യങ്ങളുള്ള ഒരു വൈദ്യുത ശ്മശാനം നിർമ്മിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇക്കാര്യം വളരെ അടിയന്തിര പ്രാധാന്യത്തോടെ കണക്കിലെടുത്തുകൊണ്ട് എത്രയും വേഗം ഒരു ശ്മശാനം നിർമ്മിക്കേണ്ടതാണ്.

പൊതുജനാരോഗ്യ രംഗത്തെ പ്രശ്നങ്ങൾ

1. വ്യവസായ ശാലകളിൽ നിന്നുമുള്ള രൂക്ഷമായ അന്തരീക്ഷ- ജലമലിനീകരണം.
2. സൗകര്യങ്ങളുള്ള പൊതുശ്മശാനത്തിന്റെ അഭാവം. കൊറുങ്കോട്ട ദ്വീപിലും പൊതുശ്മശാനം ഇല്ല.
3. പാടശേഖരങ്ങളും തോടുകളും നികത്തുന്നതു മൂലമുള്ള വെള്ളക്കെട്ട്.
4. മലിനജലം ഒഴുക്കിക്കളയുന്നതിനുള്ള കാനകളുടെ കുറവ്.
5. ഹെൽത്ത് സെന്റർ പഞ്ചായത്തിന്റെ ഒരറ്റത്തായതിനാൽ എല്ലാവർക്കും അതിന്റെ പ്രയോജനങ്ങൾ ലഭിക്കുന്നില്ല.
6. സാനിട്ടറി കക്കൂസുകളുടെ അഭാവം
7. മദ്യം, മയക്കുമരുന്ന് എന്നിവയുടെ വർദ്ധിച്ചു വരുന്ന ഉപഭോഗം.
8. വഴിയോരങ്ങളിലെ അറവുശാലകൾ വൃത്തിഹീനങ്ങളും അനധികൃതവുമാണ്.
9. പഞ്ചായത്തിലുള്ള സർക്കാർ ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറിക്കും, പ്രാഥമികാരോഗ്യ കേന്ദ്രത്തിനും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ല.
10. പഞ്ചായത്തതിർത്തിയിൽ കിടത്തി ചികിത്സിക്കുവാനുള്ള ആശുപത്രി ഇല്ല.
11. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ മരുന്നുകൾ ലഭ്യമല്ല.
12. പെരിയാറിന്റെ തീരത്ത് താമസിക്കുന്നവർക്ക് ചുമ, ശ്വാസംമുട്ട്, ആസ്ത്മ തുടങ്ങിയ രോഗങ്ങൾ കൂടുതലായുണ്ടാകുന്നു.

സാധ്യതകൾ

1. വ്യവസായ ശാലകളിൽ നിന്നുമുള്ള അന്തരീക്ഷ-ജലമലിനീകരണം കർശനമായി തടയണം.
2. നിലവിലുള്ള പൊതുശ്മശാനത്തിൽ ആധുനിക സൗകര്യങ്ങളുള്ള വൈദ്യുത ശ്മശാനം നിർമ്മിക്കുക. കൊറുങ്കോട്ട ദ്വീപിലും ഒരു പൊതുശ്മശാനം നിർമ്മിക്കണം.
3. അനധികൃതവും അശാസ്ത്രീയവുമായി പാടശേഖരങ്ങൾ നികത്തുന്നത് കർശനമായി തടയുക.
4. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സബ്സെന്റർ ഒരെണ്ണം ചിറ്റൂരിൽ സ്ഥാപിക്കുക.
5. ദുർബ്ബല വിഭാഗങ്ങൾക്ക് സാനിട്ടറി കക്കൂസുകൾ നിർമ്മിക്കാനുള്ള വായ്പയോ, സബ്സീഡിയോ ലഭ്യമാക്കുക.
6. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപഭോഗത്തിന് എതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
7. പഞ്ചായത്തിന്റെ നേതൃത്വത്തിൽ അറവുശാലകൾ സ്ഥാപിക്കുക.
8. സർക്കാർ ഹോമിയോ, ആയുർവ്വേദ ഡിസ്പെൻസറികളുടേയും പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റേയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

9. നിലവിലുള്ള ആയുർവ്വേദ ഡിസ്പെൻസറിയോ, പ്രാഥമികാരോഗ്യ കേന്ദ്രമോ രോഗികളെ കിടത്തി ചികിത്സിപ്പിക്കുവാൻ തക്കവിധം ചുരുങ്ങിയത് 25 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.

10. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക.

11. അന്തരീക്ഷ-ജലമലിനീകരണം മൂലമുണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് പഠിക്കുന്നതിനും, രോഗങ്ങൾ ഉണ്ടാക്കുന്നത് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

12. ചിറ്റൂർ യൂണിയൻ ബാങ്കിന്റെ കിഴക്കു വശത്തുകൂടി തെക്കോട്ടു പോരുന്ന വർമ്മ റോഡിന്റെ തെക്ക് റേഷൻകട വരെയുള്ള ഭാഗത്ത് അനുഭവപ്പെടുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പുറമ്പോക്ക് തോട് അളന്ന് തിട്ടപ്പെടുത്തി ആഴം കൂട്ടി നീരൊഴുക്ക് വർദ്ധിപ്പിക്കുക.

13. എച്ച്.എം.സി.എ. റോഡ് വടക്കുവശത്ത് പെരുമന ഭാഗത്ത് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുക.

14. പട്ടികജാതി റോഡിൽ കാനകൾ നിർമ്മിക്കണം.

15. സെന്റ്. അഗസ്റ്റിൻ കപ്പേളയുടെ സമീപവും ചർച്ച് ക്രോസ് റോഡ് ലക്ഷംവീട് കോളനി പരിസരത്തും ഉള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

16. 7-ാം വാർഡ് ലക്ഷംവീട് റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുക.

17. സിംസൺ ടാക്കീസ് റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി വഴിയോരത്ത് കാന നിർമ്മിക്കണം.

18. പരിസര ശുചിത്വത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക.

19. വിഷ്ണുപുരം ഭാഗത്ത് മത്സ്യമാംസങ്ങൾ കഴുകിയ വെള്ളവും മറ്റും വീണ് മലിനമാകാതിരിക്കുവാൻ അവിടെ ഒരു കമ്പോസ്റ്റ് പിറ്റ് സ്ഥാപിക്കുക.

20. തോടുകളിലേക്കിറക്കി കെട്ടിയിരിക്കുന്ന കക്കൂസുകൾ ഒഴിവാക്കുന്നതിനും നിറഞ്ഞ സെപ്റ്റിടാങ്കുകൾ വൃത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.

21. കോളനികളിലെ കാനകളിൽ ചപ്പുചവറുകൾ കൂന്നുകൂടുന്നതിനാൽ മലിനജലം കെട്ടിക്കിടക്കുന്നത് സാംക്രമിക രോഗങ്ങൾ ഉണ്ടാവുന്നതിന് കാരണമാകുന്നു. ഇത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

22. 9-ാം വാർഡിൽ നിയമാനുസൃതമായ ഒരു അറവുശാല സ്ഥാപിക്കണം. നിലവിലുള്ള അറവുകാർ അവശിഷ്ടങ്ങൾ അവിടെത്തന്നെ ഉപേക്ഷിച്ചു പോകുന്നത് തടയണം.

23. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഒരു അത്യാഹിത വിഭാഗം ഏർപ്പെടുത്തണം.


24. വീടുകളിലും റോഡുകളിലും കൂടിക്കിടക്കുന്ന ചപ്പുചവറുകളും മാലിന്യങ്ങളും ശേഖരിച്ച്, സംസ്കരിച്ച് ജൈവവളമാക്കി കൃഷിക്ക് ഉപയുക്തമാക്കുക.

25. ഹെൽത്ത് വർക്കേഴ്സ് നിർബ്ബന്ധമായും വർഷത്തിലൊരിക്കലെങ്കിലും എല്ലാ വീടുകളും സന്ദർശിക്കണം.

26. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മൂത്രപ്പുരകൾ സ്ഥാപിക്കണം.

27. രോഗപ്രതിരോധ നടപടികളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

28. പട്ടികജാതി കോളനിയിലെ വീടുകൾക്ക് സെപ്ടിക് ടാങ്കുകൾ നിർമ്മിക്കുന്നതിനുള്ള സഹായം ലഭ്യമാക്കണം.



7. പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

സാമാന്യം തൃപ്തികരമായ പാർപ്പിട സൗകര്യമാണ് ചേരാനല്ലൂർ പഞ്ചായത്തിൽ ഉള്ളത്. പഞ്ചായത്ത് രജിസ്ട്രേഷൻ നൽകിയിട്ടുള്ള 6,499 കെട്ടിടങ്ങളുണ്ട്. ഇതിൽ 1928 എണ്ണം കോൺക്രീറ്റും 4068 എണ്ണം ഓട് മേഞ്ഞതും 282 എണ്ണം ഓല മേഞ്ഞതും ആണ്. പഞ്ചായത്തിലെ വാർഡുതിരിച്ചുള്ള കെട്ടിടങ്ങളുടെ എണ്ണം പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1
കെട്ടിടങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ
(1995-96)

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം				
		ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	ഒരു നിലയുള്ള കെട്ടിടങ്ങൾ			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	456	1	108	296	30	22
II	528	4	224	289	8	7
III	721	-	222	443	25	31
IV	660	10	247	366	25	22
V	741	-	198	428	92	23
VI	678	10	275	348	31	24
VII	625	21	178	402	5	40
VIII	745	12	215	480	23	27
IX	812	3	124	680	-	8
X	533	2	137	336	43	17
ആകെ	6499	63	1928	4068	282	221

ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ പ്രതിഫലനമാണ് പാർപ്പിട സൗകര്യം സൂചിപ്പി ക്കുന്നത്.

പഞ്ചായത്തിൽ ആകെ 13 കോളനികൾ ഉണ്ട്. കോളനികളിലെ പാർപ്പിട സൗകര്യം മെച്ചപ്പെട്ടതാ ണെന്ന് പറയാൻ കഴിയില്ലെങ്കിലും തീരെ മോശമാ ണെന്ന് പറയാൻ പറ്റില്ല.

1992 ലെ ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം പഞ്ചായത്തിൽ നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധ തിയുടെ വിശദാംശങ്ങൾ പട്ടിക രണ്ടിൽ കാണി ച്ചിരിക്കുന്നു.

പട്ടിക 2
ഭവന നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ

വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	വിവിധ പരിപാടികളിലൂടെ അനുവദിച്ച വീടുകൾ	പൂർത്തിയാക്കിയ വീടുകൾ	അനുവദിച്ചതിൽ ഇനിയുംപൂർത്തീ കരിക്കാനുള്ളവ	ഇനിയും അനുവദിക്കേണ്ടവ
154	33	24	9	121

154 കുടുംബങ്ങൾക്ക് ഭവനങ്ങൾ ആവശ്യമു ണ്ടായിരിക്കേ 33 വീടുകളാണ് ആകെ അനുവദിച്ചത്. ഇനിയും 121 വീടുകൾ കൂടി അനുവദിക്കേണ്ടതുണ്ട്.

പാടശേഖരങ്ങൾ വൻതോതിൽ നികത്തി വീടും ഫ്ളാറ്റുകളും പണിയുന്ന പ്രവണത ഈ പഞ്ചായത്തിൽ വളരെ കൂടുതലാണ്. ഗൾഫ് പണത്തിന്റെ സ്വാധീനവും ദുർവിനിയോഗവും ഭവന നിർമ്മാണ രംഗത്ത് കാണാവുന്നതാണ്. മഹാനഗരമായ കൊച്ചിയോട് ഏറ്റവും അടുത്തു കിടക്കുന്ന ഗ്രാമമെന്ന നിലയിൽ പട്ടണവാസികൾ കൂട്ടത്തോടെ ഗ്രാമത്തിലേക്ക് ചേക്കേറാൻ തുട ങ്ങിയപ്പോൾ ഭൂവില കുതിച്ചുയർന്നു. വഴിയോര ങ്ങളോട് ചേർന്ന് കൃഷി ചെയ്യാതെ തരിശായി ഇട്ടി രുന്ന പാടങ്ങൾ വിലക്കുറവിൽ വാങ്ങി നികത്തി യാണ് പലരും വീടു വെയ്ക്കുന്നത്. കെട്ടിട നിർ മ്മാണ സാമഗ്രികളുടെ വിലയിലുണ്ടായ വർദ്ധ നവും ഭൂവിലയിലുണ്ടായ അമിതമായ ഉയർച്ചയും ഗൃഹ നിർമ്മാണം സാധാരണക്കാരന് അപ്രാപ്യ മായ സ്വപ്നമായി മാറുന്നു. കെട്ടിട നിർമ്മാണ രംഗത്തുണ്ടായ കൂലി വർദ്ധനവും ഇരട്ടിയോളമായി ഉയർന്നിട്ടുണ്ട്. ചെലവു കുറഞ്ഞ വീടുകളുടെ പ്രസക്തി ഇവിടെയാണ്. ഇത്തരം വീടുകളുടെ നിർമ്മാണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നത് സാധാരണക്കാരന് ആശ്വാസമേകും.

ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. പഞ്ചായ ത്തിനു പുറത്തുള്ള വിവിധ ഏജൻസികളാണ് പഞ്ചായത്തിൽ ഭവനനിർമ്മാണ വായ്പ വിതരണം ചെയ്യുന്നത്. ഒട്ടുമിക്ക ഗ്രാമസഭകളിലും മുഴങ്ങിക്കേട്ട ആവശ്യങ്ങളിലൊന്നാണ് പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക എന്നുള്ളത് പഞ്ചായത്തിന് തനതായി ഒരു ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കാൻ കഴിഞ്ഞാൽ അത് സാധാരണക്കാരായ ജനങ്ങൾക്ക് ഒട്ടേറെ ഉപകരിക്കും.

പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടേയും

ഭൂമിയുടേയും ഭീമമായ വിലക്കയറ്റം ഭവനനിർ മ്മാണം തീർത്തും ക്ലേശകരമാക്കുന്നു.

2. മിതമായ പലിശക്കും ലളിതമായ വ്യവസ്ഥ കളിലും ഭവനനിർമ്മാണ വായ്പ ലഭിക്കുന്നില്ല.
3. ഭവനനിർമ്മാണ സഹകരണ സംഘത്തിന്റെ അഭാവം.
4. നിലവിൽ പഞ്ചായത്തിന് പുറത്തുള്ള ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ അനുവദി ക്കുന്ന വായ്പാതുകയുടെ അപര്യാപ്തത, വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം.

സാധ്യതകൾ

1. കെട്ടിട നിർമ്മാണത്തിനുള്ള സാമഗ്രികൾ ലഭ്യമാക്കാനുള്ള കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുക.
2. വീട് നിർമ്മാണത്തിനും, പുതുക്കിപ്പണിയു ന്നതിനും നിലവിലുള്ള വായ്പാ തുക ഗണ്യ മായി വർദ്ധിപ്പിക്കുക.
3. ദുർബ്ബലവിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ അനുവദിച്ച വീടുകൾ കൈമാറ്റം ചെയ്യുന്നത് കർശനമായി തടയുക.
4. ഭവന നിർമ്മാണത്തിനുവേണ്ടി പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രത്യേക സഹകരണ സംഘം രൂപീകരിക്കുക.
5. സഹകരണ സംഘം വഴി ദുർബ്ബല ജനവിഭാഗ ങ്ങൾക്ക് പ്രത്യേക പരിഗണന കൊടുത്തു കൊണ്ട് വായ്പ അനുവദിക്കുകയും പലിശ യിൽ ഇളവു നൽകുകയും ചെയ്യുക.
6. ഭവന രഹിതരെ കണ്ടെത്തി പഞ്ചായത്തു തല ത്തിൽ ഭവനം നിർമ്മിച്ചു കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
7. ലക്ഷംവീട്, റോട്ടറി കോളനികളിലെ വീടുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി സംര ക്ഷിക്കുക; പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെ ടുത്തുക.
8. ഭവന നിർമ്മാണ പദ്ധതിക്ക് രൂപം നൽകു മ്പോൾ ഏഴാം വാർഡിലെ ഗോഡൗൺ റോഡി ന്റെ വടക്കുവശത്തുള്ള "പതിയാട്" എന്ന സ്ഥലം ഏറ്റെടുത്ത് പാവപ്പെട്ടവർക്ക് 100 വീടു കളെങ്കിലും നിർമ്മിച്ചു കൊടുക്കാനുള്ള പദ്ധതി കൾ ആവിഷ്ക്കരിക്കുക.

സാമൂഹ്യക്ഷേമം

ഗ്രാമവികസന വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ് എന്നീ വകുപ്പുകൾ വഴിയായി ഒട്ടനവധി സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. 1992-ലെ ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1476 കുടുംബങ്ങൾ ചേരാനല്ലൂർ പഞ്ചായത്തിലുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

പട്ടിക -3

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ

സർവ്വെപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബ ങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST കുടുംബ ങ്ങൾ	സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെ ത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്കു താഴെ യുള്ള ആകെ കുടുംബ ങ്ങൾ (സഹായം ലഭിച്ചവരുൾപ്പെടെ)
1531	74	153	57	55	1476

ജനങ്ങളുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായുള്ള ജെ.ആർ. വൈ. പദ്ധതി സംബന്ധിച്ച കണക്കുകൾ പട്ടിക 4 ൽ സൂചിപ്പിക്കുന്നു.

പട്ടിക 4

ജെ.ആർ.വൈ. പദ്ധതിപണി സംബന്ധിച്ചുള്ള വിവരങ്ങൾ

പണിയുടെ പേര്	ജനറൽ സെക്ടർ തുക	SC/ST വിഭാഗം തുക	ആകെ തുക
പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണം	–	21,000	21,000
പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്കുള്ള ഭൂവികസന പദ്ധതി	–	6,000	6,000
വീട് വൈദ്യുതീകരണം	69,000	–	69,000
റോഡ് പണികൾ	88,001		88001
ആകെ	1,57,001	27,000	1,84,001

ജെ.ആർ.വൈ പദ്ധതിപ്രകാരം 1995–96 ൽ 1,84,001 രൂപയാണ് ആകെ ചെലവഴിച്ചത് ഇതിൽ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി 27,000 രൂപ മാത്രമാണ് ചെലവഴിച്ചത്.

ട്രൈസം തൊഴിൽ പരിശീലന പരിപാടി വഴിയായി പഞ്ചായത്തിലുള്ള 33 പേർക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകി. ഇതിൽ സ്വയം തൊഴിൽ കണ്ടെത്തിയത് ആകെ പത്തുപേർ മാത്രമാണ്. ട്രൈസം തൊഴിൽ പരിശീലന പരിപാടിയുടെ വിശദവിവരങ്ങൾ പട്ടിക 5 ൽ കൊടുത്തിരിക്കുന്നു.

പട്ടിക – 5

ട്രൈസം തൊഴിൽ പരിശീലനം നേടിയവർ

പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവർ	സ്വയം തൊഴിൽ കണ്ടെത്തിയവർ	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ
പ്രിന്റിംഗ് & കമ്പോസിങ്ങ്	2	–	2
ഫൈബർ വീവിംഗ്	3	–	3
കമ്പ്യൂട്ടർ	4	–	4
ഇലക്ട്രോണിക്സ്	2	–	2
ടി.വി. റോഡിയോ മെക്കാനിക്	1	–	1
ഹാൻഡിക്രാഫ്റ്റ്	2	–	2
ബാഗ് മേക്കിംഗ്	10	3	–
ഇലക്ട്രോണിക്സ് & മെക്കാനിക്സ്	3	1	2
ഫൈബർ ക്രാഫ്റ്റ്	5	–	5
ഫൈബർ വർക്ക്	1	–	1
ആകെ	33	10	22

വികലാംഗരെ കുറിച്ചുള്ള വിവരങ്ങൾ പട്ടിക 6 ൽ കൊടുത്തിരിക്കുന്നു

പട്ടിക 6

വികലാംഗരെ സംബന്ധിച്ചുള്ള വിവരം

	5 വയസ്സുള്ളവർ		5-നും10 നും		10-18		18-25		25-45		45-60		60ന് മേൽ		ആകെ	
വാർഡ്	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
I								1	4	3	1				5	4
II						1			6						6	1
III					3		3	1	1	5			1		8	6
IV						2	2	2	4	2	1		2		9	6
V							1		4	3				1	5	4
VI						1	1		12	2			3	5	16	8
VII					2			2	4	5	1	1	1		8	8
VIII									10	3		1	9	1	19	6
IX					1	1	1		4	2	1		2	3	10	6
X					1		2	1	6						9	1
ആകെ					7	6	11	7	55	25	4	2	18	10	95	50

DWCRA പദ്ധതിപ്രകാരം 94-95 കാലയളവിൽ രണ്ട് തൊഴിൽ സംരംഭങ്ങൾ മാത്രമാണ് ചേരാനല്ലൂർ പഞ്ചായത്തിൽ ആരംഭിച്ചിട്ടുളളത്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 19 അഗൻവാടികളും 7 ബാലവാടികളും പഞ്ചായത്തിലുണ്ടെങ്കിലും ഇവയിൽ പലതും സുഗമമായി പ്രവർത്തിക്കുന്നവയല്ല.

1995-96 കാലയളവിൽ പഞ്ചായത്തിൽ വിതരണം ചെയ്ത വിവിധ സർക്കാർ ധനസഹായങ്ങളെ (പെൻഷൻ) കുറിച്ചുള്ള വിവരം പട്ടിക 7 ൽ ചേർക്കുന്നു.

പട്ടിക - 7

പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ

അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ പെൻഷൻ	ക്ഷയരോഗി പെൻഷൻ	കാൻസർ രോഗ പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം
2	43	17	8	2	1	28	187

(അവലംബം- വില്ലേജ് ഓഫീസ് പെൻഷൻ രജിസ്റ്റർ)

ധനസഹായവും പെൻഷനും അർഹതപ്പെട്ട വർക്ക് ലഭിക്കുന്നതിനു പോലും സാങ്കേതിക ബുദ്ധി മുട്ടുകളും കാലതാമസവും നേരിടുന്നു. ചുവപ്പു നാടയിൽ കുരുങ്ങി അർഹതയുള്ള നിരവധി പേർക്ക് തൊഴിലില്ലായ്മാ വേതനം ലഭിക്കാതെ പോകുന്നു.

പൊതുവിതരണ കേന്ദ്രങ്ങൾ എട്ടെണ്ണമാണ് ഈ പഞ്ചായത്തതിർത്തിയിൽ ആകെ ഉള്ളത്. ആകെ 17,052 പേരാണ് പൊതു വിതരണ കേന്ദ്രത്തിന്റെ ഗുണഭോക്താക്കൾ.

പൊതുവിതരണ കേന്ദ്രം വഴിയായി വിതരണം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന സാധാരണക്കാർക്ക് പൂർണ്ണമായ രീതിയിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ലായെന്ന് വ്യാപകമായി ആക്ഷേപമുണ്ട്. ശരിയായ അളവ് രേഖപ്പെടുത്താത്ത അളവുതൂക്ക സാമഗ്രികളുപയോഗിച്ച് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുമ്പോൾ മതിയായ അളവിൽ സാധനങ്ങൾ ലഭിക്കാറില്ല. ഇത് കർശനമായി തടയണം. മാസത്തിലൊരിക്കലെങ്കിലും ഭക്ഷ്യവസ്തുക്കളുടെ വിതരണം നീതിപൂർവ്വകമായി നടക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ മിന്നൽ പരിശോധനകൾ നിർബന്ധമായും നടത്തണം.

പ്രശ്നങ്ങൾ

1. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്കിടയിൽ വേണ്ടത്ര എത്തിയിട്ടില്ല.
2. സർക്കാരിന്റെ ധനസഹായം, പെൻഷൻ എന്നിവ കൃത്യമായി ലഭിക്കുന്നില്ല.
3. മഹിളാ സമാജങ്ങളുടെ പ്രവർത്തനം പലയിടങ്ങളിലും നിർജ്ജീവാവസ്ഥയിലാണ്.
5. ദുർബ്ബല വിഭാഗത്തിൽപ്പെട്ട 3 വയസ്സായ മുഴുവൻ കുട്ടികളും ബാലവാടികളിൽ എത്തിപ്പെടുന്നില്ല.
6. ഏഴാം വാർഡിൽ ബാലവാടി സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ വേണ്ടത്ര സൗകര്യങ്ങളില്ല. ശുദ്ധ ജലത്തിന്റെ അഭാവവും, കളിക്കോപ്പുകളുടെ ദൗർലഭ്യവും ഈ ബാലവാടിയുടെ പ്രധാന പ്രശ്നമാണ്.
7. പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

സാദ്ധ്യതകൾ

1. പെൻഷനുകളും ധനസഹായങ്ങളും ഗ്രാമ പഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെടുത്തുക. വിതരണം ചെയ്യാനുള്ള അധികാരത്തോടൊപ്പം ഗുണഭോക്താക്കളെ നിർണയിക്കാനുള്ള അവകാശവും ഗ്രാമപഞ്ചായത്തിന് നൽകണം.
2. വൃദ്ധജന പരിപാലനത്തിനായി പഞ്ചായത്തിൽ ഒരു അഗതി മന്ദിരം സ്ഥാപിക്കുക.
3. ബാലവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. ബാലവാടികളിൽ എത്തുന്ന കുട്ടികൾക്ക് യൂണിഫോമും, പഠനോപകരണങ്ങളും മറ്റും സൗജന്യമായി ലഭ്യമാക്കുക.
4. സാമ്പത്തിക ശേഷിയില്ലാത്ത കുടുംബത്തിൽപ്പെട്ട വനിതകളുടെ വിവാഹത്തിന് വേണ്ട ധനസഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.
5. വികലാംഗർക്കും മന്ദബുദ്ധികൾക്കുമായി ഒരു തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കണം.
6. സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.
7. മദ്യപാന വിപത്തിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ ശരിയായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.
8. അംഗനവാടികളുടേയും ബാലവാടികളുടേയും മഹിളാസമാജങ്ങളുടേയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ഏകോപിപ്പിക്കുകയും വേണം.



8. സംസ്ക്കാരം

ശതകങ്ങൾ നീണ്ട പഴമയുടെ ചരിത്രം മാത്രമേ നമ്മുടെ നാടിന് അവകാശപ്പെടാനുള്ളു. പാരമ്പര്യത്തിന്റെ മഹാസരിത്തിൽ മുങ്ങിത്തപ്പിയാൽ കിട്ടുന്നത് കുറച്ചു മുത്തുകൾ മാത്രമായിരിക്കും. ആ മുത്തുകൾ മതി നമ്മുടെ സംസ്കൃതിയെ സംബന്ധിച്ച് അറിവു നൽകാൻ. മുൻപുള്ള ഒരു അധ്യായത്തിൽ നമ്മുടെ പഞ്ചായത്തിന്റെ ചരിത്രത്തെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുള്ളതാണ്. ഫ്യൂഡൽ സഞ്ചയത്തിന്റെ സർവ്വാഭിലാഷങ്ങളും അധികാരങ്ങളും നിറഞ്ഞുനിന്ന ഗ്രാമമായിരുന്നു നമ്മുടേത്. 14-ാം ശതകത്തിൽ രചിച്ച കോക സന്ദേശത്തിൽ ചേരാനല്ലൂരിനെ സംബന്ധിച്ച് പറയുന്നുണ്ട്.

ചേരാനല്ലൂരിലെ ഒരു കൃഷ്ണൻ കർത്താവ് കൊച്ചി രാജാവിന്റെ സംസ്കൃത സദസ്സിൽ ഉണ്ടായിരുന്നു. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതീഹ്യമാലയിൽ മാന്ത്രികനായ ചേരാനല്ലൂർ കുഞ്ചു കർത്താവിനെ സംബന്ധിച്ച് പറയുന്നുണ്ട്. ഇവിടെയാണ് നവോത്ഥാന ദശയിൽ അധ:സ്ഥിതന്റെ മോചന ഗീതമെഴുതി ഒരു വെള്ളി നക്ഷത്രമായി മാറിയ കവിതിലകൻ പണ്ഡിറ്റ് കെ.പി. കറുപ്പൻ പിറന്നത്.

തലമുറകൾ കൈമാറിയ നമ്മുടെ തനതു രൂപമായ കഥകളി രംഗത്ത് പ്രശോഭിതനായി തീർന്ന നെല്ലിയോട് വാസുദേവൻ നമ്പൂതിരിയും ദേശീയ സ്വാതന്ത്ര്യ സമരകാലഘട്ടത്തിന്റെ അന്ത്യനാളുകളിൽ സ്വാതന്ത്ര്യ പ്രേരിതങ്ങളായ കവിതകളെഴുതി വൈജ്ഞാനിക സാഹിത്യ രംഗത്ത് ഇന്നും പുത്തനറിവുകൾ ഏകുന്ന വി.വി.കെ. വാലത്തും ഈ ഗ്രാമത്തിന്റെ പുത്രന്മാരാണ്. കേരള സാഹിത്യ അക്കാദമിയുടെ സ്കോളർഷിപ്പ് ലഭിച്ചിട്ടുള്ള വി.വി.കെ. വാലത്തിന്റെ ഒരു കൃതി മഹാത്മാഗാന്ധി സർവ്വകലാ ശാല പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും മറ്റൊന്ന് കേന്ദ്ര-മാനവ വിഭവശേഷി മന്ത്രാലയം ഹിന്ദിയിലേക്ക് തർജ്ജമ ചെയ്തിട്ടുമുണ്ട്. സുപ്രസിദ്ധ ചലച്ചിത്ര സംവിധായകൻ ലാൽ ഈ നാട്ടുകാരനാണ്.

കാൽലക്ഷത്തിലധികം ജനസംഖ്യയുള്ള നമ്മുടെ നാട്ടിൽ ഏറിയ വിഭാഗം ഹിന്ദുക്കളാണ്. ക്രൈസ്തവർ, മുസ്ലീമുകൾ തുടങ്ങിയ പ്രബല മതവിഭാഗങ്ങളും ഇവിടെയുണ്ട്. പ്രമുഖമായ ഈ മൂന്നു മതസ്ഥരുടേയും, ആരാധനാലയങ്ങൾ വിവിധ വാർഡുകളിൽ നിലകൊള്ളുന്നു. 1200 ലേറെ വർഷങ്ങൾ പഴക്കമുള്ള ദേവീക്ഷേത്രം, കഥകളി, ചാക്യാർക്കൂത്ത്, ഓട്ടൻതുള്ളൽ തുടങ്ങിയ ക്ഷേത്രകലകൾ ഒരുകാലത്ത് ഈ ക്ഷേത്രവുമായി ബന്ധപ്പെട്ടു പോഷിപ്പിക്കപ്പെട്ടിരുന്നു. ആധുനിക ദൃശ്യ കലാമാധ്യമങ്ങളുടെ അതിപ്രസരം മൂലം ഇവ ഇന്ന് അന്യം നിന്നു പോയി എന്നത് ഖേദകരമാണ്. എന്നാൽ അതിസൂഷ്മവും, സുന്ദരവുമായ ദാരു ശില്പങ്ങളും ചുമർ ചിത്രങ്ങളും കൊണ്ട് ധന്യമാണ് ഈ ക്ഷേത്രം. കേരളത്തിൽ അപൂർവ്വം ശിവക്ഷേത്രങ്ങളിൽ ഒന്നത്രെ ചേരാനല്ലൂർ മാരാപറമ്പ് അമ്പലം. തെക്കൻ ഗുരുവായൂർ എന്ന് അറിയപ്പെടുന്ന തെക്കൻ ചിറ്റൂരിലെ ശ്രീകൃഷ്ണ സ്വാമീ ക്ഷേത്രം പ്രസിദ്ധമാണ്.

ഇടയക്കുന്നം, വാലം, അമ്പലക്കടവ്, വിഷ്ണുപുരം എന്നീ പ്രദേശങ്ങളി ലുള്ള ക്ഷേത്രങ്ങളടക്കം എല്ലാ ക്ഷേത്രങ്ങളിലും അണ്ടോടാണ്ട് നടത്തി വരാറുള്ള ഉത്സവങ്ങളോടനുബന്ധിച്ച് തദ്ദേശ വാസികളുടേതുൾപ്പെടെയുള്ള വിവിധ കലാപരിപാ

ടികൾ അരങ്ങേറാറുണ്ട്. ഇന്ന് അന്യംനിന്നു കൊണ്ടിരിക്കുന്ന കളമെഴുത്ത് പാട്ട്, യക്ഷിതുള്ളൽ, സർപ്പം തുള്ളൽ എന്നീ അനുഷ്ഠാനകലകൾ അമ്പലക്കടവ് രുധിരമാല ക്ഷേത്രത്തിൽ ഇന്നും നടത്താറുണ്ട്.

ഒരു ശതാബ്ദത്തിലേറെ പഴക്കമുള്ള സെന്റ്. ജയിംസ് ദേവാലയം, സെന്റ്. മേരീസ് ലത്തീൻ പള്ളി, സെന്റ് മേരീസ് സിറിയൻ പള്ളി ചിറ്റൂർ തിരു ഹൃദയ ദേവാലയം എന്നിങ്ങനെ നാലു ക്രൈസ്തവ ആരാധനാലയങ്ങൾ നമുക്കുണ്ട്. പ്രസ്തുത പള്ളി കളുടെ തിരുനാളുകളോട് അനുബന്ധിച്ച് വർഷം തോറും വിവിധ കലാപരിപാടികൾ നടത്താറുണ്ട്. ക്രിസ്തീയ കലയായ ചവിട്ടുനാടകം ഒരുകാലത്ത് പ്രസ്തുത ആഘോഷങ്ങൾക്ക് കൊഴുപ്പേറിയിരു ന്നു. എല്ലാവർഷവും മാർച്ച് 19 ന് സെന്റ്. ജോസഫ് ദിനത്തോടനുബന്ധിച്ച് നടത്തുന്ന നേർച്ച സദ്യ യിൽ നാനാജാതി മതസ്ഥർ പങ്കുകൊള്ളാറുണ്ട്.

നാലു മുസ്ലീം ആരാധനാലയങ്ങളും പഞ്ചായ ത്തതിർത്തിയിലുണ്ട്. വിഭിന്ന മതസ്ഥരുടെ ആവാസ കേന്ദ്രമായ നമ്മുടെ ദേശം മതസൗഹാർദ്ദത്തിന് പേരുകേട്ടതാണ്.

പത്തോളം പ്രീ-പ്രൈമറി, ആറ് ലോവർ പ്രൈ മറി ഒരു അപ്പർ പ്രൈമറി ഒരു ഹൈസ്ക്കൂൾ എന്നി വയാണ് നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ സ്ഥാപന ങ്ങൾ. എഴുപത് വർഷം പഴക്കമുള്ള അൽ-ഫാറൂഖ്യ ഹൈസ്കൂൾ തദ്ദേശ വാസികൾക്കെന്നല്ലാ സമീപ പ്രദേശങ്ങളിലേക്കും വിദ്യയുടെ വെളിച്ചം തെളിയി ച്ചിട്ടുള്ള സ്ഥാപനമാണ്.

പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ലിറ്റിൽ ഫ്ള വർ ലോവർ പ്രൈമറി സ്കൂൾ ബോധന രംഗത്ത് സ്തുത്യർഹമായ സേവനം കാഴ്ച വെച്ചിട്ടുള്ള ഒരു സരസ്വതീക്ഷേത്രമാണ്. സാമ്പത്തികമായി പിന്നോ ക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിലെ ഭൂരി പക്ഷം ജനങ്ങളുടെ വിദ്യാഭ്യാസ സാർവ്വത്രിക തയ്ക്ക് മേൽപ്പറഞ്ഞ എല്ലാ പള്ളിക്കൂടങ്ങളും നൽ കിയിട്ടുള്ള സംഭാവനകൾ നിസീമമാണ്.

നാലായിരത്തോളം കുടുംബങ്ങളുള്ള പഞ്ചായ ത്തിൽ 25% വീടുകളിൽ T.V. സെറ്റുകളുണ്ട്. പഞ്ചായത്ത് അതിർത്തിയിൽ അഞ്ച് കേബിൾ T.V. നെറ്റ് വർക്കുകൾ പ്രവർത്തിക്കുന്നത് രണ്ടു സിനിമാ ശാലകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.

പരിമിതങ്ങളായ കളിസ്ഥലങ്ങൾ ഉണ്ടെങ്കിലും വിദ്യാലയങ്ങളോടനുബന്ധിച്ച് ഒരു പൊതു കളി സ്ഥലത്തിന്റെ അഭാവം കായികരംഗത്ത് നാം ബഹു ദൂരം പിന്നിലാകുവാൻ ഇടയായി. സ്വാതന്ത്ര്യസമരം കൊടുമ്പിരികൊണ്ടിരുന്ന കാലഘട്ടത്തിൽ തന്നെ ചേരാനല്ലൂരിൽ പണ്ഡിറ്റ് കറുപ്പൻ സ്മാരക വായന ശാല പ്രവർത്തിച്ചിരുന്നു. 1943-ൽ സ്ഥാപിതമായ ഈ വായനശാല കണയന്നൂർ താലൂക്കിലെ "എ" ഗ്രേഡ് വായനശാലയാണ്. വിദ്യാഭ്യാസം സമൂഹ ത്തിൽ സാർവ്വത്രികതലത്തിലും ഇല്ലാതിരുന്ന ഒരു കാലത്താണ് ഈ വായനശാല സ്ഥാപിതമായത്. അക്കാലഘട്ടത്തിലും മുന്നോക്ക-പിന്നോക്ക വ്യത്യാസമില്ലാതെ വിജ്ഞാന ദാഹികൾക്ക് ഒരു പോലെ ഉതകിയിരുന്നു ഈ സ്ഥാപനം. 1957 ൽ പഞ്ചായത്തിൽ 4 വായനശാലകളുണ്ടായിരുന്നു. പിന്നീട് ചെറിയ ചെറിയ വായനശാലകളോ റീഡിംഗ് റൂമുകളോ ഉയർന്നു വന്നുവെങ്കിലും കാലാന്തര ത്തിൽ അവയെല്ലാം തകർച്ചയെ നേരിട്ട് ഇല്ലാതായി തീർന്നു. സേവനസന്നദ്ധരായ ഗ്രന്ഥശാല പ്രവർത്ത കരുടെ അഭാവമാണ് ഇത്തരം വായനശാലകൾ നശി ച്ചുപോകാൻ കാരണമായത്.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിശക്ത മായ പ്രചാരണം വായനാ ശീലത്തെ സാരമായി ബാധിച്ചിട്ടുണ്ടെങ്കിലും ഗ്രന്ഥശാലകളുടെ പ്രവർ ത്തനത്തിന് ഇന്നും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല. ചേരാ നല്ലൂരിൽ പ്രവർത്തിക്കുന്ന പണ്ഡിറ്റ് കറുപ്പൻ ഗ്രാ മീണ വായനശാലയുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്ത് പ്രദേശമാകെ വികസിപ്പിക്കുകയും യുവതികളടക്കമുള്ള ജനങ്ങളെ അംഗമാക്കി ചേർ ക്കാനുള്ള നടപടികൾ ഗ്രന്ഥശാലാ ഭാരവാഹികൾ കൈക്കൊള്ളുകയും വേണം. ഈ വായനശാലയിൽ ശേഖരിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെ എണ്ണം കൂറേക്കൂടി വിപുലീകരിക്കുകയും സ്വന്തമായി വിഷ്ണുപുരത്ത് ഉള്ള സ്ഥലത്ത് സർക്കാരിന്റേയും ജനങ്ങളുടേയും സഹകരണത്തോടെ സ്വന്തം കെട്ടിടം പണിയുകയും ചെയ്യണം.

രണ്ടു ദശകങ്ങൾക്കു മുൻപുവരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഏഴോളം കലാകായിക സംഘടനകൾ പലകാരണങ്ങളാലും നിർജ്ജീവമാവുകയോ നാമാവശേഷമായി തീരുകയോ ചെയ്തിട്ടുണ്ട്. എന്നാൽ പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന രണ്ട് ഗാനമേള ട്രൂപ്പുകൾ നിലവിൽ ഇവിടെ ഉണ്ട്. എളിയ തോതിലുള്ള സംഗീത വാദ്യോപകരണ പഠന സ്ഥാപനങ്ങൾ രണ്ടെണ്ണം നമ്മുടെ പഞ്ചായത്തിലുണ്ട്. കലാകാരന്മാരുടെ ലഭ്യത സമീപ പഞ്ചായത്തുകളേക്കാൾ നമ്മുടെ നാട്ടിൽ കൂടുതലാണ്. നൃത്തകലാരംഗത്ത് പ്രവർത്തിക്കുന്ന ഒട്ടനവധി കലാകാരികളും കലാകാരന്മാരും ഇവിടെയുണ്ടെങ്കിലും ഈ രംഗത്ത് ഉറച്ചു നിന്ന് പോരുന്നത് ചുരുക്കം ചിലരാണ്. കലാ സാഹിത്യ-സാംസ്ക്കാരിക രംഗത്തു പ്രവർത്തിക്കുന്ന മുഴുവനാളുകളേയും സംഘടിപ്പിച്ച് ഒരു കലാപ്രവർത്തക സംഘം സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കുകയാണ് വേണ്ടത്. ഇതുവഴി കലയുടെ സർവ്വ രംഗത്തും പ്രതിഭകളെ വളർത്തുന്ന പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വേണം.

ഇപ്പോൾ മൊത്തം പ്രവർത്തന രംഗത്ത് പതിനൊന്ന് കലാ സമിതികളാണ് പ്രവർത്തിക്കുന്നത്. എന്നാൽ കലാരംഗത്ത് പ്രോത്സാഹനപരമായ ഒരു പ്രവർത്തനവും ഈ സമിതികൾ നടത്തുന്നതായി കാണുന്നില്ല. ജയകേരള, ഫ്രണ്ട്സ്, ആർട്സ് സെന്റർ, ഉസാക്ക്, ലക്കിസ്റ്റാർ, വിന്നേഴ്സ്, മിനർവ, സർഗ്ഗ ആർട്സ്, പ്രതിഭ, നവകേരള, റാഡിക്കൽ എന്നീ കലാസമിതികളാണ് പ്രവർത്തിക്കുന്നവ. ഈ സംഘടനകളുടെ പ്രവർത്തനം നന്നാക്കുകയും അത് സാമൂഹ്യ നന്മയ്ക്ക് ഉപകരിക്കുന്നതുമാക്കി തീർക്കുകയും വേണം.

പ്രശ്നങ്ങൾ

1) a. ജനസംഖ്യാനുപാതികമായി മതിയായ വായനശാലകളുടെ അഭാവവും, പ്രവർത്തനക്ഷമമായ ഒരേ ഒരു വായനശാല പഞ്ചായത്തിന്റെ വടക്കൻ ഭാഗത്ത് സ്ഥിതി ചെയ്യുന്നതിനാലും ഭൂരിഭാഗം പ്രദേശങ്ങളിലുള്ളവർക്ക് ലൈബ്രറി സൗകര്യം പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്നു.

b. പുസ്തകങ്ങൾക്കും, ആനുകാലികങ്ങൾക്കും ഉണ്ടായ വിലവർദ്ധനയ്ക്ക് അനുസൃതമായി ധനാഗമമാർഗ്ഗങ്ങളുടെ പരിമിതിയും സന്നദ്ധ സേവകരായ ഗ്രന്ഥശാല പ്രവർത്തകരുടെ കുറവും വേണ്ടത്ര ലൈബ്രറികൾ ഉണ്ടാകുന്നതിന് തടസ്സമാണ്.

2) ആധുനിക ഇലക്ട്രോണിക് ദൃശ്യമാധ്യമങ്ങളുടെ കടന്നുകയറ്റം പൊതുവേ വായനാശീലം കുറയാൻ ഇടയായിട്ടുണ്ട്.

3) പൊതു കളിസ്ഥലത്തിന്റെ അഭാവം പഞ്ചായത്തിലെ കായിക മുന്നേറ്റത്തിന് തടസ്സമായിട്ടുണ്ട്.

4. കലാ-കായിക രംഗത്ത് ധാരാളം പ്രതിഭകൾ നമ്മുടെ നാട്ടിൽ ഉണ്ടെങ്കിലും, മാറ്റുരയ്ക്കാനുള്ള ഉചിതമായ വേദികളുടെ അഭാവം, പരിശീലനമോ പ്രോത്സാഹനമോ ഇല്ലാതെ പ്രതിഭ തന്നെ നഷ്ടപ്പെട്ടു പോകുന്ന സ്ഥിതിയിലേയ്ക്ക് തള്ളപ്പെടുന്നു.

5. പഞ്ചായത്ത് പരിധിയിൽ അന്തർ-സ്കൂൾ കലാകായിക മത്സരങ്ങൾ ഇല്ലാത്തത് കുരുന്നു പ്രതിഭകൾക്ക് അവശ്യം ലഭിക്കേണ്ട വേദിയുടെ അഭാവമാണ്.

6. ഒന്നാം വാർഡിന്റെ ഭാഗമായ കൊറങ്കോട്ട പ്രദേശം ദ്വീപായതിനാൽ പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നും ഒറ്റപ്പെട്ട സ്ഥിതിയിലാണ്. ഈ ഒറ്റപ്പെടൽ കലാ-കായിക രംഗത്തും ദർശിക്കാവുന്നതാണ്.

7. പ്രധാനപ്പെട്ട ദേശീയ ദിനങ്ങൾ കേവലം ഒഴിവു ദിനങ്ങൾ എന്നതിലുപരി ഒരു പ്രാധാന്യവും നല്കപ്പെട്ടുകാണുകയില്ല. തന്മൂലം പൗരബോധത്തിന്റെ അടിസ്ഥാന ശിലകളായ ദേശീയ ബോധവും, ദേശ ഭക്തിയും, ജനങ്ങളിൽ ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

8. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കോളനികളിൽ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരാണ് താമസിക്കുന്നത്. ദിവസ വേതന വിഭാഗത്തിൽപ്പെട്ട ഇവർക്ക് സ്വന്തം നിലയിൽ T.V. സെറ്റ്, പത്രമാസികകൾ എന്നിവ

വാങ്ങി ഉപയോഗിക്കാൻ കഴിവില്ലാത്തതിനാൽ സാംസ്കാരിക ഉന്നമനത്തിന് വായനാശീലം സൃഷ്ടിക്കുന്നതിനൊ, പരിപോഷിപ്പിക്കുന്നതിനോ കഴിയുന്നില്ല.

സാദ്ധ്യതകൾ

1. പഞ്ചായത്ത് അതിർത്തിക്കകത്തുള്ള എല്ലാ വീടുകളിലും ലൈബ്രറി പുസ്തകങ്ങൾ എത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. ഉദാഹരണം: സഞ്ചരിക്കുന്ന ലൈബ്രറി.
2. നിലവിൽ പഞ്ചായത്തിൽ ഒരു പൊതു കളിസ്ഥലം ഇല്ല. എല്ലാത്തരം കായിക മത്സരങ്ങളും നടത്താനുതകുന്ന പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള ഒരു കളിസ്ഥലം വേണം. സ്റ്റേഡിയം/സ്റ്റേജ് ആ കളിസ്ഥലത്തിൽ ഉണ്ടായിരിക്കണം. ഇതോടനുബന്ധിച്ച് ഒരു പാർക്ക് ഉണ്ടാകുന്നത് അഭികാമ്യമായിരിക്കും.
3. കലാ-കായിക അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് വാർഡ് തലങ്ങളിലും തുടർന്ന് പഞ്ചായത്ത് തലത്തിലും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കലാ-കായിക മത്സരങ്ങൾ വർഷംതോറും നടത്തുന്നതിന് സ്ഥിരം സംവിധാനം വേണം.
4. മേൽപ്പറഞ്ഞ തലങ്ങളിലുള്ള മത്സരങ്ങൾക്കുപുറമെ, പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പഞ്ചായത്തിന്റെ അതിർത്തിയ്ക്കകത്തുള്ള സ്കൂളുകളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഇന്റർ-സ്കൂൾ കലാ-കായിക മേള വർഷംതോറും പ്രത്യേകം നടത്തേണ്ടതാണ്.
5. പഞ്ചായത്ത് തലത്തിലും, മേൽനോട്ടത്തിലും, ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു കായിക പരിശീലനകേന്ദ്രം സ്ഥാപിക്കുക.
6. പഞ്ചായത്ത് പരിധിയ്ക്കകത്തുള്ള എല്ലാ അംഗീകൃത കലാ-കായിക സംഘടനകൾക്കും, വായനശാലകൾക്കും മതിയായ ഗ്രാന്റ് പഞ്ചായത്തിൽ നിന്നും അനുവദിക്കുക.
7. അരനൂറ്റാണ്ട് പിന്നിട്ടതും പഞ്ചായത്തിലെ ഏറ്റവും പഴക്കമാർന്നതും 'എ' ഗ്രേഡ് അവസ്ഥയിലുള്ളതുമായ പണ്ഡിറ്റ് കറുപ്പൻ സ്മാരക ഗ്രാമീണ വായനശാല സ്ഥാപിക്കപ്പെട്ടതുമുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പഞ്ചായത്തിലെ സാംസ്കാരിക സംരംഭങ്ങളിൽ മുന്നിൽ നിൽക്കുന്ന ഈ സ്ഥാപനത്തിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്തിൽ നിന്നും മതിയായ സാമ്പത്തിക സഹായം നൽകുക.
8. ഒന്നാം വാർഡിന്റെ ഭാഗമായ കൊറുങ്കോട്ട ദ്വീപിൽ ഒരു വായനശാലയും കളിസ്ഥലവും സ്ഥാപിക്കുക.
9. ജനങ്ങളിൽ ദേശീയബോധവും ദേശഭക്തി വികാരവും വളർത്തുവാൻ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം തുടങ്ങിയ ദേശീയാഘോഷ ദിനങ്ങൾ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വിപുലമായി ആചരിക്കുക.
10. എല്ലാ വാർഡുകളിലുമുള്ള കോളനികളിൽ അത്യാവശ്യം ആനുകാലികങ്ങളുള്ള ലഘു റീഡിംഗ് റൂമുകളും അവയിൽ ടി.വി. സെറ്റുകളും സ്ഥാപിക്കുക.
11. ആധുനിക സൗകര്യങ്ങളുള്ള ഒരു വിശാലമായ കമ്മ്യൂണിറ്റി ഹാൾ ആറാം വാർഡിൽ നിർമ്മിക്കുക.



9. വനിതാക്ഷേമം

വർത്തമാനകാല സാമൂഹ്യ വ്യവസ്ഥിതിയിൽ ഏറെ ചർച്ച ചെയ്യപ്പെട്ടിരിക്കുന്ന വിഷയം വനിതകൾ നേരിടുന്ന പ്രതിസന്ധികളെ കുറിച്ചാണല്ലോ. സാമൂഹ്യ, സാമ്പത്തിക സാംസ്ക്കാരിക രംഗങ്ങളിലെ ചർച്ചാ വേദികളിൽ പങ്കാളിത്തത്തിൽ തുല്യത വരുത്താൻ ശ്രമിക്കാറുണ്ടെങ്കിലും കേരളീയ സ്ത്രീത്വം ഇന്നും പിന്നോക്കം നില്ക്കയാണ്. പഴമയുടെ പാരമ്പര്യ ചുമടുകൾ പരിശോധനാ വിധേയമാക്കുമ്പോൾ ആർഷ സംസ്കാരത്തിന്റെ തത്വശാസ്ത്ര വിചിന്തന വേദികളിൽ ഒരു ഗാർഗ്ഗിയേയോ ഒരു മൈത്രേയിയേയോ ഗണിതക ശാസ്ത്ര പഴമയുടെ വീഥിയിൽ ഒരു ലീലാവതിയേയോ കണ്ടെത്തിരിക്കും. എന്നാൽ സ്ത്രീത്വത്തിന് നേരെയുള്ള അവഗണനയുടെ പഴക്കം സംസ്കാരത്തിന്റെ ഉത്ഭവ ചരിത്രത്തോളമുണ്ട്.

ആധുനിക ചരിത്രത്തിന്റെ രചനാ വേദിയിൽ സ്ത്രീകളുടെ പ്രാധാന്യവും പങ്കും പുരുഷന്മാർക്ക് തുല്യമാണെങ്കിലും സാമൂഹ്യമായ പാരമ്പര്യ ചുമടിന്റെ അവശിഷ്ടം ഇന്നും സമൂഹത്തിൽ പേറി നടക്കുന്നുണ്ട്. പുനരുജ്ജീവന വാദത്തിന്റെ പ്രവണതകൾ പ്രകടിപ്പിക്കുമ്പോഴും പഴമയുടെ സർവ്വനാഡികളിലും പുനരുന്മേഷം കണ്ടെത്താൻ ശ്രമിക്കുമ്പോഴും ഈ അധമ സംസ്കാരവും അതോടൊപ്പം ഉയർത്തിക്കൊണ്ടു വരാൻ നമ്മുടെ സാമൂഹ്യാവസ്ഥയിലും ശ്രമം നടന്നുവരുന്നുണ്ടെന്ന കാര്യം ഭയപ്പാടോടെ കാണേണ്ടതുണ്ട്. മാമൂലുകളുടെ കെട്ടുപാടുകൾക്കുള്ളിൽ സ്ത്രീയെ ദുർബല യാക്കി ഉമ്മറ വാതുക്കലിൽ സ്ത്രീയുടെ സാന്നിദ്ധ്യം അശുഭ സൂചകമായി ചിത്രീകരിച്ചും ചരിത്ര സൃഷ്ടിയിൽ പുരുഷന്റെ സ്വകാര്യതയുടെ ഭാഗമായി സ്ത്രീയെ അവതരിപ്പിക്കുകയും ചെയ്ത പ്രവണതകൾ പൊട്ടിച്ചെറിഞ്ഞ് ഉയർത്തെഴുന്നേൽപ്പിന്റെ ശംഖനാദം അടുത്ത നാളുകളിൽ ഉയർന്നു കേൾക്കുന്നുണ്ട്.

നമ്മുടെ ജനസംഖ്യയിൽ പകുതിയിലേറെയും സ്ത്രീകളായിട്ടും ഇന്നും നിയമനിർമ്മാണ സഭയിൽ സ്ത്രീ പങ്കാളിത്തം മൊത്തം സാമാജികരിൽ പത്തു ശതമാനം മാത്രമാണ്. കേരളത്തിൽ നിന്നും പാർലമെന്റിലേക്ക് സ്ത്രീ പ്രാതിനിധ്യമേയില്ല. രാഷ്ട്രീയ ഭരണ പ്രക്രിയയിൽ ജനാധിപത്യത്തിന്റെ ആന്തരികാർത്ഥം പൂർത്തീകരിക്കണമെങ്കിൽ ജനസംഖ്യയിൽ 53% വരുന്ന സ്ത്രീകളുടെ പങ്കാളിത്തം ന്യായമായും ഉറപ്പാക്കേണ്ടതുണ്ട്. നിയമ നിർമ്മാണത്തിലൂടെ പഞ്ചായത്തുരാജ് സ്ഥാപനങ്ങളുടെ ഗതി നിർണ്ണയിക്കുന്ന ശക്തിയായി സ്ത്രീകൾ മാറിയിട്ടുള്ളത് അവരുടെ സാമൂഹികാന്തസ്സ് ഉയർത്തുവാനും സാമൂഹ്യ നിർമ്മിതിയിൽ പങ്കാളികളാകാനും അതുവഴി സ്ത്രീത്വം അനുഭവിച്ചു വരുന്ന പിന്നോക്കാവസ്ഥയ്ക്ക് അറുതി വരുത്താനും സാധ്യമാകുന്നതാണ്. ഭരണപരമായും ബുദ്ധിപരമായും പുരുഷന്മാരേക്കാൾ പിന്നിലല്ല സ്ത്രീകളെന്ന് തെളിയിച്ചിട്ടും നാളിതുവരെ അനുഭവിച്ച ഇടപെടലിനുള്ള അവസരനിഷേധം സ്ത്രീകളെ ബഹുദൂരം പിന്നിലാക്കിയെന്നുള്ളതാണ് സത്യം. എന്നാൽ കേരളത്തിലെ പഞ്ചായത്തുകളുടെ പ്രധാന സാരഥ്യത്തിലേയ്ക്ക് ഏതാണ്ട് 300ൽ അധികം സ്ത്രീകളുടെ വരവോടു കൂടി രാഷ്ട്ര നിർമ്മിതിയുടെ സർവ്വതലത്തിലും സ്ത്രീത്വത്തിന്റെ ശബ്ദം അവഗണിക്കാൻ വയ്യാത്തതായി തീർന്നിട്ടുണ്ട്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ട് പൊതുരംഗത്ത് വനിതകൾ ഇറങ്ങി പ്രവർത്തിക്കാനുള്ള വിമുഖത ഉപേക്ഷിക്കുകയാണ് വേണ്ടത്.

ഉപഭോഗ സംസ്കാരം സ്ത്രീയെ വിപണി കണ്ടെത്താനുള്ള ഉപാധിയാക്കി മാറ്റുന്ന കാല ഘട്ടമാണിത്. സ്ത്രീയുടെ ബുദ്ധിയേയും കഴിവുക ളേയും തുടച്ചു മാറ്റി ശരീര വടിവുകളുടെ പ്രദർ ശനം മാത്രമാക്കി ഒതുക്കി നിർത്തുന്ന ഗൂഢത വ്യാ പിച്ചിരിക്കുകയാണിപ്പോൾ. സ്ത്രീയെ പ്രദർശന വസ്തുവാക്കുന്ന കമ്പോള സംസ്കാരത്തിനെതിരെ പ്രതിരോധ നിര കെട്ടിപ്പൊക്കുകയെന്നതാണ് സ്ത്രീ യുടെ മുന്നിലുള്ള ഇന്നത്തെ വിഷയം.

നമ്മുടെ പഞ്ചായത്തിൽ ജനസംഖ്യയുടെ 50.46% സ്ത്രീകളാണ്. എന്നിട്ടും പഞ്ചായത്തിലെ പൊതു മുന്നേറ്റത്തിൽ സ്ത്രീകളുടെ പ്രതിബദ്ധത യോടെയുള്ള ഇടപെടലുകൾ വിരളമായി നില് ക്കുന്നു. 1991–ലെ സെൻസസ് പ്രകാരം ചേരാനല്ലൂർ പഞ്ചായത്തിൽ ആകെ ജനസംഖ്യ 21407 ആണ്. അതിൽ 10801 സ്ത്രീകളാണ്. പുരുഷന്മാരുടെ എണ്ണം 10606 ആണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലും പുരുഷന്മാരേക്കാൾ അധികം സ്ത്രീകളാണ്. പഞ്ചാ യത്തിന്റെ പഴമയുടെ നാളുകളിൽ വനിതകളിൽ ആരെങ്കിലും പൊതുരംഗത്തു പ്രവർത്തിച്ചതായി കാണുന്നില്ല. ജാത്യാചാരങ്ങളെ മുറുകെ പിടിച്ചി രുന്ന ഈ ഗ്രാമത്തിലും സാമൂഹ്യപരമായി സ്ത്രീ യുടെ പിന്നോക്കാവസ്ഥ ഭീതിതമായിരുന്നു. എന്നാൽ ഈ പ്രതികൂല സാഹചര്യങ്ങളെ അധി ജീവിച്ചും ഉന്നത നിലയിൽ എത്തിയ വനിതകൾ ഇവിടെ ഉണ്ടായിരുന്നു.

ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവരാണ് പഞ്ചായത്തിലെ സ്ത്രീകളിൽ ഏറിയകൂറും. ഇന്ന് വിദ്യാഭ്യാസ കാര്യത്തിൽ പുരുഷന്മാർക്കും സ്ത്രീ കൾക്കും ഒരുപോലെ പ്രാധാന്യം കൊടുക്കുന്നുണ്ട്. അഭ്യസ്ത വിദ്യരായ സ്ത്രീകളുടെ എണ്ണം പഞ്ചായ ത്തിൽ വളരെ ഉയർന്നിട്ടുണ്ട്. നഗര ജീവിതവുമായി താദാത്മ്യം പ്രാപിക്കാനുള്ള വെമ്പലിൽ തനതു സംസ്കാരങ്ങളേയും മൂല്യങ്ങളേയും കൈമറന്നു കൊണ്ടുള്ള നേരിയ പ്രവണത നമ്മുടെ പെൺകുട്ടി കളിൽ കണ്ടുവരുന്നത് നാം അറിയാതിരുന്നുകൂടാ.

ചേരാനല്ലൂർ പഞ്ചായത്തിലെ വിദ്യാലയങ്ങ ളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ ഭൂരിപക്ഷവും വനിതകളാണ്. പഞ്ചായത്തിലെ സ്കൂളുകളിലെ പ്രാധാന അധ്യാപകർ മുഴുവനും വനിതകളാണ്. അതേപോലെ തന്നെ കൃഷിഓഫീസറും പഞ്ചായത്ത് സെക്രട്ടറിയും ആയുർവേദ ഡിസ പെൻസറിയിലെ ഡോക്ടറും തുടങ്ങി ഉദ്യോഗസ്ഥ തലത്തിൽ പ്രാധാന്യം വഹിക്കുന്ന പദവികളിൽ ഇരിക്കുന്നവർ വനിതകളാണ്.

പട്ടിക 1

സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം

ലോവർ പ്രൈമറി		അപ്പർ പ്രൈമറി		ഹൈസ്കൂൾ	
ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
386	331	434	382	99	109

പട്ടിക 2

പഞ്ചായത്തിലെ സ്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം

ലോവർ പ്രൈമറി		അപ്പർ പ്രൈമറി		ഹൈസ്കൂൾ	
പുരുഷന്മാർ	സ്ത്രീകൾ	പുരുഷന്മാർ	സ്ത്രീകൾ	പുരുഷന്മാർ	സ്ത്രീകൾ
5	23	3	35	4	8

പട്ടിക 3
പഞ്ചായത്തിലെ ജനസംഖ്യ 1991

പുരുഷന്മാർ	സ്ത്രീ	ആകെ
10606	10801	21407

ഉല്പാദന മേഖലകളുമായി ബന്ധപ്പെടാനോ സേവനരംഗങ്ങളിലേക്കിറങ്ങി വരാനോ അഭ്യസ്ത വിദ്യരായ വനിതകൾ പോലും ഉദാസീനത പ്രകടിപ്പിക്കുന്നുണ്ട്. പൊതു പ്രവർത്തനങ്ങളിൽ വനിതകളുടെ പങ്ക് ചേരാനല്ലൂർ പഞ്ചായത്തിൽ നാമമാത്രമാണ്. വിരലിലെണ്ണാവുന്നത്ര വനിതകൾ മാത്രമേ രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്നുള്ളൂ. പഞ്ചായത്തിലെ രാഷ്ട്രീയ കക്ഷികളിൽ ഉന്നത സ്ഥാനം വഹിക്കുന്ന വനിതകൾ വിരളമാണ്. ത്രിതല ഭരണ സംവിധാനം നിലവിൽ വന്നപ്പോൾ സ്ത്രീ സംവരണത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണത്തിന് ഇന്ന് നേതൃത്വം കൊടുക്കുന്നത് ഒരു വനിതയാണെന്നുള്ളത് എടുത്തു പറയേണ്ട സംഗതിയാണ്.

പഞ്ചായത്തിലെ എല്ലാ അംഗനവാടികളിലേയും പ്രവർത്തനം തൃപ്തികരമല്ല. സ്ത്രീകളുടെ മൊത്തം വിഷയത്തിൽ സജീവമായി ഇടപെടാൻ അംഗനവാടികൾക്ക് കഴിയാതെ വരുന്നുണ്ട്. സ്ത്രീകളുടെ പൊതുമുന്നേറ്റത്തിന് നാന്ദിയാകാനും ക്ഷേമപ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാനും പഞ്ചായത്തിലെ അംഗനവാടികൾക്ക് കഴിഞ്ഞിട്ടില്ല.

സ്ത്രീപീഡനങ്ങളുടെ കഥകൾ ചേരാനല്ലൂർ പഞ്ചായത്തിൽ കേൾക്കാറില്ല. എങ്കിലും സ്ത്രീധനത്തിന്റെ വ്യാപകമായ പൈശാചിക ഹസ്തം ഇവിടത്തെ സ്ത്രീ സമൂഹത്തെ ക്രൂരമായി ഗ്രസിക്കുന്നുണ്ട്. പീഢനം ഏല്ക്കുന്ന സ്ത്രീകൾക്ക് നിയമപരമായ രക്ഷനേടാനുതകുന്ന ബോധവത്ക്കരണത്തിന്റെ അഭാവം ഇവിടെ ഉണ്ട്.

1996 ലെ കണക്കുകൾ വച്ച് സ്ത്രീകളെ സംബന്ധിച്ച ചില കാര്യങ്ങൾക്ക് പട്ടിക 4 നോക്കുക.

പട്ടിക 4
സ്ത്രീകളെ സംബന്ധിച്ച ചില വിവരങ്ങൾ

		എണ്ണം
1	വിധവാ പെൻഷൻ (1995-96)	43
2	ഗർഭിണികൾ	321
3	കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ	141

സാഹിത്യ-സാംസ്കാരിക രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം തീരെ ഇല്ല. കലാപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾ പഞ്ചായത്തിൽ എടുത്തു പറയാവുന്നവരായി കാണുന്നില്ല. നൃത്ത പഠനത്തിന് പെൺകുട്ടികൾ താല്പര്യമെടുക്കാറുണ്ടെങ്കിലും ഈ രംഗത്ത് ഉറച്ചു നിന്ന് ഉയർന്നുവരത്തക്ക പ്രകടനം കാഴ്ച വെയ്ക്കാൻ തയ്യാറാവുന്നില്ല. ഒരു കാലത്ത് വായനശാലകളുമായുള്ള സ്ത്രീകളുടെ ബന്ധം സജീവമായിരുന്നു. മാധ്യമങ്ങളുടെ അതിപ്രസരം മൂലം വായനയോടുള്ള അകൽച്ച വ്യാപകമായതിന്റെ ഫലമായി ഈ രംഗത്ത് വനിതകളുടെ സാന്നിദ്ധ്യം നിർജ്ജീവമായിരിക്കയാണ്.

ചേരാനല്ലൂർ പണ്ഡിറ്റ് കറുപ്പൻ സ്മാരക ഗ്രാമീണ വായനശാലയിൽ വനിതകളുടെ അംഗത്വം വളരെ കുറവാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

മഹിളാ സമാജങ്ങളുടെ പ്രവർത്തനം പഞ്ചായത്തിൽ ഉണ്ടെങ്കിലും മഹിളകളുടെ ഒരു സംവാദ വേദിയായി മാറാൻ ഇനിയും സമാജങ്ങൾക്ക് കഴിഞ്ഞിട്ടില്ല. തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ 22.73 ശതമാനം സ്ത്രീകളാണ്. എന്നാൽ ഈ രംഗത്ത് വനിതകൾക്ക് സുരക്ഷിതത്വവും മതിയായ വേതനവും കിട്ടാറില്ല. കാർഷിക രംഗം മുരടിച്ചപ്പോൾ ആ മേഖലയിൽ ജോലി ചെയ്തിരുന്ന സ്ത്രീ തൊഴിലാളികളിൽ ഭൂരിപക്ഷം പേരും കുറഞ്ഞ കൂലിക്ക് പുതിയ മേഖലകളിൽ തൊഴിൽ ചെയ്യാൻ നിർബന്ധിതരായി. കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്ന വനിതകൾ പഞ്ചായത്തിൽ ഏറെയുണ്ട്. അദ്ധ്വാനഭാരം പുരുഷന്റേതിൽ നിന്നും ഏറെ വ്യത്യസ്തമല്ലെങ്കിലും കൂലിനിരക്കിൽ സമാനത വരുത്താൻ ഇനിയും കഴിഞ്ഞിട്ടില്ല.

പട്ടിക 1

വിവിധ തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം

തൊഴിൽ	പുരു.	സ്ത്രീ	പങ്കാളിത്ത ശതമാനം
കൃഷിക്കാർ	120	18	13.04
കർഷകത്തൊഴിലാളികൾ	208	52	20.0
മൃഗസംരക്ഷണം മത്സ്യബന്ധനം	272	19	6.53
ഖനനം/പാറപൊടിക്കൽ	16	–	–
കുടിൽ വ്യവസായം	51	15	22.73
കുടിലേതര വ്യവസായം	1211	144	10.63
നിർമ്മാണ തൊഴിലാളികൾ	999	40	3.85
വ്യാപാരി വ്യവസായികൾ	726	183	20.13
ഗതാഗതം/വാർത്താവിനിമയം	582	24	3.96
മറ്റു സേവന മേഖലകൾ	753	480	63.75
ആകെ തൊഴിലെടുക്കുന്നവർ	4938	975	22.73
ഭാഗികമായി തൊഴിൽ ചെയ്യുന്നവർ	391	115	22.73
പണിയില്ലാത്തവർ	5277	9711	64.79
ആകെ ജനസംഖ്യ	10,606	10,801	50.76


അവലംബം – കാനേഷുമാരി – 1991

മറ്റ് സേവന മേഖലകളിലാണ് സ്ത്രീകൾ കൂടുതൽ തൊഴിൽ ചെയ്യുന്നതെന്ന് പട്ടികയിൽ പറയുന്നുണ്ട്. മൊത്തം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ 63.75 ശതമാനം സ്ത്രീകളാണ്. 64.79 ശതമാനം സ്ത്രീകളും കൃത്യമായ തൊഴിലൊന്നും ചെയ്യാത്തവരാണ്.

സാധ്യതകളും മേഖലകളും

വനിതകൾക്ക് പങ്കാളിത്തവും മേൽകോയ്മയുമുള്ള മേഖല പഞ്ചായത്തിൽ വിരളമാണ്. വിവിധങ്ങളായ മേഖലകളിൽ വനിതകളെ ഉയർത്തിക്കൊണ്ടു വരുന്നതിനും അവർക്ക് സാധ്യതയുള്ള ചില നിർദ്ദേശങ്ങളുമാണ് പരിശോധിക്കുന്നത്.

1. എല്ലാ വാർഡുകളിലും വനിതാസംഘങ്ങൾ രൂപീകരിച്ചു പ്രവർത്തിക്കണം. വനിതകളുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യപരിപാലനത്തിൽ ശാസ്ത്രീയ ബോധവത്ക്കരണം ചെയ്യുക.
2. നിർധന കുടുംബങ്ങളിലെ കുട്ടികൾക്കും മറ്റും ട്യൂഷൻ എടുത്തു കൊടുക്കാൻ വിദ്യാസമ്പന്നരായ വനിതകൾ തയ്യാറാവുക.
3. വനിതാസഹകരണ സംഘങ്ങൾ രൂപീകരിക്കണം. ഈ സംഘത്തിന്റെ കീഴിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കത്തക്ക രീതിയിൽ പരിപാടികൾ തുടങ്ങുകയും ചെയ്യുക. വിവിധ കൈത്തൊഴിലുകൾ അഭ്യസിച്ചവരെ ഈ സംഘത്തിൽ കൊണ്ടു വരിക. ചില തൊഴിലുകൾ താഴെ പറയുന്നു. പായ്ക്കിംഗ്, കയറു നെയ്ത്ത്, പപ്പട യൂണിറ്റ്, പായനെയ്ത്ത്, പേപ്പർ കവർ, പേപ്പർ പ്ലെയിറ്റ്, ആട്, കോഴി വളർത്തൽ, നോട്ടുബുക്ക് തുടങ്ങിയവ.
4. കിന്റർ ഗാർഡൻ ബേബി കെയർ യൂണിറ്റുകൾ സ്ഥാപിക്കണം. ഇതിന് പഞ്ചായത്ത് മുൻകൈയെടുക്കുകയോ മറ്റേതെങ്കിലും സംഘടനകളെ കൊണ്ടോ ചെയ്യിപ്പിക്കുക.
5. വനിതാ സമാജങ്ങളുടെ ആഭിമുഖ്യത്തിൽ ശിശുക്ഷേമ മെഡിക്കൽ ക്യാമ്പ്, ഡോക്ടറുടെ സേവനം സൗജന്യം, പോളിയോ കുത്തിവെയ്പ് മറ്റു രോഗനിവാരണ മാർഗ്ഗങ്ങൾ സംഘടിപ്പിക്കുക. അടുക്കളത്തോട്ടങ്ങളെ പ്രോത്സാഹിപ്പിക്കണം.
6. വാർഡുകൾതോറും വനിതകളുടെ സാർവ്വത്രിക ഉന്നതിക്കും സാംസ്കാരിക നിലവാര ഉയർച്ചയ്ക്കും വേണ്ടി "വനിതാക്ലബ്ബു"കൾ രൂപീകരിക്കുക. വായനാശീലം വളർത്താൻ സഞ്ചരിക്കുന്ന ലൈബ്രറി വനിതകൾക്കു മാത്രമായി നടപ്പാക്കുക.
7. സ്ത്രീപീഢനത്തിനെതിരെയും അവഹേളനങ്ങൾക്കെതിരെയും പഞ്ചായത്തു തലത്തിൽ കൗൺസിലിംഗ് സെന്റർ സ്ഥാപിക്കുക.
8. വനിതാ കൂലിനിരക്ക് പുരുഷന്മാരുടേതിനു തുല്യമാക്കുക.
9. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.
10. കുട്ടികൾക്കും വനിതകൾക്കും ആയി വിനോദ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
11. ടൈപ്പ്റൈറ്റിംഗ് & ഷോർട്ട് ഹാന്റ് തുടങ്ങുക. ഏതെങ്കിലും വനിതാ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ആയിരിക്കണം ഇത്.
12. സമൂഹത്തിലെ നിർധനരേയും ആലംബഹീനരേയും സംരക്ഷിക്കാനും അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും ഒരു അഗതി മന്ദിരം സ്ഥാപിക്കുക. സ്ത്രീകളുടെ മുൻകൈയോടു കൂടി സ്ഥാപിക്കുന്ന ഈ സംഘത്തിൽ ലക്ഷ്യബോധമുള്ള പുരുഷന്മാരേയും പങ്കാളികളാക്കുക.



10. സഹകരണം

ഈ നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ അവസാനവർഷം രൂപം കൊണ്ട ഇന്നത്തെ ചേരാനല്ലൂർ സർവ്വീസ് സഹകരണ ബാങ്കാണ് ചേരാനല്ലൂർ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് ആരംഭം കുറിച്ചത്. സാമൂഹിക പിന്നോക്കാവസ്ഥയിൽ ആണ്ടുകിടന്നിരുന്ന അന്നത്തെ ഗ്രാമീണ ജനങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്താൻ ആദ്യത്തെ രണ്ടുമൂന്നു ദശകങ്ങളിൽ ഈ സംഘത്തിന്റെ പ്രവർത്തനം പര്യാപ്തമായിരുന്നില്ല. അന്നത്തെ സാമൂഹ്യ അവസ്ഥയുടെ സവിശേഷരൂപമായ ഉച്ചനീചാവസ്ഥയും സാമ്പത്തിക രംഗത്ത് ഭൂരിപക്ഷം ജനങ്ങളും അനുഭവിച്ച വ്യാപകമായ പിന്നോക്കാവസ്ഥയും കൊണ്ടാവാം ഇങ്ങനെ സംഭവിച്ചത്. സ്വാതന്ത്ര്യത്തിനു ശേഷമുള്ള സംഘത്തിന്റെ പ്രവർത്തന പന്ഥാവിലാണ് മുന്നേറ്റത്തിന്റെ ആദ്യമുളകൾ പൊട്ടി വളർന്നത്. വായ്പാ സഹകരണ സ്ഥാപനം എന്ന നിലയിൽ സുദീർഘമായ കാലയളവിൽ പ്രശംസനീയമായ രീതിയിൽ പ്രവർത്തിച്ചു വരുന്ന പഞ്ചായത്തിലെ ഏക സ്ഥാപനം ചേരാനല്ലൂർ സർവ്വീസ് സഹകരണ ബാങ്കാണ്.

വ്യവസായ സേവന രംഗങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ സഹകരണ സ്ഥാപനങ്ങൾ രൂപപ്പെട്ടുവെങ്കിലും ആരംഭത്തിൽ തന്നെ പ്രവർത്തനം നിലച്ചുപോയ ചരിത്രമാണ് ഉണ്ടായിട്ടുള്ളത്. വായ്പേതര രംഗത്ത് സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ എടുത്തു പറയാവുന്നതായി ചേരാനല്ലൂർ ഗ്രാമവ്യവസായ സഹകരണസംഘവും, ചിറ്റൂർ വനിതാ വ്യവസായ സഹകരണ സംഘവുമാണ്. ചേരാനല്ലൂർ പഞ്ചായത്തിന്റെ വടക്കേ അറ്റത്തു പ്രവർത്തിച്ചിരുന്ന കളിമൺ വ്യവസായ സഹകരണ സംഘം ഇന്ന് പ്രവർത്തന രഹിതമായിരിക്കുന്നു. മൺപാത്രങ്ങളുടെ വിപണന സാധ്യതകൾ കണ്ടെത്താൻ സാധിക്കാത്തതായിരുന്നു കളിമൺ വ്യവസായ തൊഴിലാളി സഹകരണ സംഘം തകർച്ചയിലേക്ക് വീഴുവാൻ ഇടയാകിയത്.

ചേരാനല്ലൂർ-ചിറ്റൂർ ഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്ന രണ്ടു ക്ഷീരോല്പാദക സഹകരണ സംഘവും അടുത്ത നാളുകളിൽ പ്രവർത്തനാനുമതി ലഭിച്ച ചേരാനല്ലൂർ ഉൾനാടൻ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘവുമാണ് ഇപ്പോൾ പഞ്ചായത്തിൽ കാണാവുന്ന സഹകരണ സ്ഥാപനങ്ങൾ. പഞ്ചായത്തിന്റെ വികസനോന്മുഖ വീഥിയിൽ കാർഷിക വികസന ബാങ്ക് കാര്യമായ പ്രവർത്തനം നടത്തിയിട്ടില്ല. വിവിധ ഇനങ്ങളിലൂടെ ഏതാനും പേർക്ക് തുച്ഛമായ സംഖ്യയാണ് പഞ്ചായത്തു തലത്തിൽ ഈ ബാങ്ക് വായ്പയായി നൽകിയിട്ടുള്ളത്. സർവ്വീസ് സഹകരണ ബാങ്ക് ഒഴിച്ചാൽ മറ്റു സഹകരണ സ്ഥാപനങ്ങൾക്ക് അതിന്റെ പ്രവർത്തന മേഖലകളിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ സാധിച്ചിട്ടില്ല. പഞ്ചായത്തിന്റെ വികസനാധിഷ്ഠിത പദ്ധതികളുടെ രൂപവത്ക്കരണത്തിലും പുരോഗതിയിലും ഉണ്ടായ പിന്നോക്കം പോക്ക് ഒരു പരിധിവരെ സഹകരണ സ്ഥാപനങ്ങളുടേയും അഭാവം കാരണമായിട്ടുണ്ട്. ഒരു മഹാനഗരത്തോടു ചേർന്നു കിടക്കുന്ന പ്രദേശമെന്ന നിലയിൽ പട്ടണത്തിലെ നന്മതിന്മകൾ കൂറെയൊക്കെ സായത്തമാക്കിയ പഞ്ചായത്താണ് നമ്മുടേത്.

സാർവ്വത്രിക തലങ്ങളിലും ഉല്പാദനപരമായ വിചിന്തനങ്ങളിൽ വൈമുഖ്യത പ്രകടിപ്പിക്കുകയും ആഢംബര വസ്തുക്കൾ മുതൽ അവശ്യ സാധന

ങ്ങൾ വരെ പുറമേ നിന്നും വരുത്തി ഉപയോഗിക്കുകയാണ് നാം ചെയ്യുന്നത്. ഒരു തരത്തിൽ ഒരു ''ഉപഭോക്തൃപ്രദേശ''മാണ് ചേരാനല്ലൂർ പഞ്ചായത്ത് എന്നു വിലയിരുത്തുന്നതിൽ തെറ്റില്ല. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ ഏതാണ്ട് 40 ശതമാനത്തോളം ജനങ്ങളും സഹകരണ മേഖലയുമായി ബന്ധപ്പെട്ടിട്ടും വ്യാവസായിക-കാർഷിക മേഖലകളിൽ സഹകരണാത്മകമായ ഒരു മുന്നേറ്റത്തിന് കാര്യമായ നീക്കമൊന്നും നടത്താൻ സാധിച്ചിട്ടില്ല.

ചേരാനല്ലൂർ പഞ്ചായത്തിലെ സർവ്വതലങ്ങളിലേയും വികസന പ്രവർത്തനത്തിന് ഫലപ്രദമായ ഉപകരണമായി വർത്തിക്കാൻ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൊണ്ടേ കഴിയൂ. മുരടിച്ചു നിൽക്കുന്ന കാർഷിക- വ്യാവസായിക മേഖലകളിലും മറ്റ് സേവനതുറകളിലും സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടലുകൾ കൊണ്ട് പുരോഗതി ഉണ്ടാക്കാൻ നമുക്ക് കഴിയണം.

ചേരാനല്ലൂർ സർവ്വീസ് സഹകരണബാങ്ക്

കൊല്ലവർഷം 1094 ധനുമാസം 14-ാം തീയതി 50 പേർ ചേർന്ന് പരസ്പര സഹായസംഘം എന്ന പേരിൽ രൂപീകരിച്ച സംഘമാണ് ചേരാനല്ലൂർ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് അസ്ഥിവാരമിട്ടത്. അതേവർഷം മിഥുനം 19 ന് പ്രവർത്തനം ആരംഭിച്ച ഈ സംഘം സഹകരണ സംഘമായി മാറിയത് AD 1961 ജൂലായ് 13-ാം തീയതിയാണ്. രണ്ടു ദശാബ്ദകാലത്തെ ഊർജ്ജിതമായ പ്രവർത്തനത്തിന്റെ ഫലമായി 1980 ഡിസംബർ 31 ന് സഹകരണ ബാങ്ക് എന്ന നിലയിലേക്ക് ഉയർന്നു. ഈ ബാങ്കിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും ചേരാനല്ലൂർ വില്ലേജിന്റെ പരിധിയിൽ വരുന്ന കൊച്ചി കോർപ്പറേഷന്റെ കുറച്ചു ഭാഗങ്ങളിലുമായി വ്യാപിച്ചിരിക്കുന്നു. ഇന്ന് 18000 ൽ പരം അംഗങ്ങളുള്ള ഈ ബാങ്ക് ജില്ലയിൽ തന്നെ മെച്ചപ്പെട്ട സഹകരണ സംഘമായി ഉയർന്നു കഴിഞ്ഞു. മൊത്തം നിക്ഷേപത്തിന്റെ 64.71 ശതമാനം വിവിധ തരം വായ്പകൾക്ക് ചെലവഴിച്ച് ഈ ബാങ്ക് പഞ്ചായത്തിന്റെ വായ്പാരംഗത്ത് പ്രധാനമായ പങ്ക് വഹിക്കുന്നു.

പട്ടിക 1

ചേരാനല്ലൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ - 62

വായ്പകളെ സംബന്ധിച്ച വിവരങ്ങൾ	
മൊത്തം കൊടുത്തിട്ടുള്ള വായ്പ തുക	4,76,87097.60 രൂപ
മദ്ധ്യകാല വായ്പ	1,45,45,785.00 രൂ
സാധാരണ വായ്പ	1,27,73,250.00 രൂ
സ്വർണ്ണപ്പണയ വായ്പ	86,22,629.00 രൂ
മറ്റു വായ്പകൾ (IRDP, House Loan, OD Etc)	51,06,961.76 രൂ
സ്കീം ലോൺ	66,38,471.82 രൂ

മറ്റു പ്രവർത്തനങ്ങൾ

- ചേരാനല്ലൂർ, ചിറ്റൂർ, വടുതില എന്നിവിടങ്ങളിൽ കൺസ്യൂമർ സ്റ്റോർ നടത്തുന്നു.
- ഓണനാളുകളിൽ ആദായകരമായ നിരക്കിൽ ഓണച്ചന്ത നടത്തുന്നു.
- ബ്രാഞ്ചുകൾ - ചിറ്റൂർ - വടുതല

വായ്പാരംഗത്തുള്ള ഈ ബാങ്കിന്റെ പ്രവർത്തനം കാർഷിക രംഗത്തു കൂടി വ്യാപിപ്പിക്കണം. സുശക്തമായ ജനകീയ പിന്തുണയുള്ള ഈ ബാങ്കിന്റെ സേവനമേഖലയിലുള്ള പ്രവർത്തനം പരിമിതമായ രീതിയിൽ ആണെന്നു കൂടി പറഞ്ഞു കൊള്ളട്ടെ.

പട്ടിക 2

കാർഷിക വികസന ബാങ്ക് പഞ്ചായത്തിൽ ചെയ്ത വായ്പാ വിവരം

ക്രമനമ്പർ	എത്രപേർക്ക്	ഇനം	നൽകിയ തുക
1	8	ഭൂമി നന്നാക്കൽ	1,42,350.00
2	7	ഡയറി, പൗൾട്രി, പിഗറി	1,27,350.00
3	4	ചെമ്മീൻ, മത്സ്യകൃഷി	1,17,000.00
4	9	കാർഷികേതര വായ്പ	30,09,944.00
5	1	ചരക്കു വാഹനം	1,60,000.00
6	4	ഭവന നിർമ്മാണം	4,00,000.00
ആകെ	33		12,55,677.00

വായ്പേതര സഹകരണ സംഘങ്ങൾ

പഞ്ചായത്തിലെ വായ്പേതര സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിലാണെന്ന് പറയുക വയ്യ. ചെറുകിട വ്യാവസായികോല്പന്നത്തിന് ഊന്നൽ നൽകി സ്ഥാപിച്ച ഒരു സ്ഥാപനം ചേരാനല്ലൂർ ഗ്രാമ വ്യവസായ സഹകരണ സംഘമാണ്. 1984 ൽ പ്രവർത്തനം ആരംഭിച്ച അതിന്റെ മുന്നോട്ടുള്ള ഗതി എല്ലാ അർത്ഥത്തിലും ആശാവഹമായ രീതിയിലല്ല. ഉല്പന്നങ്ങൾക്ക് വിപണന സാധ്യതകൾ ഉണ്ടെങ്കിലും ഈ സംഘത്തിൽ സ്വജനപക്ഷപാതവും ജനാധിപത്യപരമായ പ്രവർത്തനത്തിന്റെ അഭാവവും നിഴലിക്കുന്നുണ്ട്. അതു കൊണ്ടുതന്നെ സഹകാരികളെ കണ്ടെത്താനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുള്ള പ്രതിബദ്ധതാപരമായ വീക്ഷണത്തിൽ നിന്ന് ഈ സംഘം വളരെ പിന്നിൽ തന്നെ നിൽക്കുന്നു.

മറ്റൊരു സംഘം ചേരാനല്ലൂർ കളിമൺ വ്യവസായ സഹകരണ സംഘമാണ്. പരമ്പരാഗതമായി തൊഴിലിൽ ഏർപ്പെട്ടുകൊണ്ടിരുന്നവർ മുൻകൈയെടുത്തു സ്ഥാപിച്ച ഈ സംഘത്തിന്റെ പ്രവർത്തനം സാങ്കേതിക നവീകരണത്തിന്റെ അഭാവത്താൽ നിലച്ചുപോയി. മൺപാത്രങ്ങൾ വിപണികളിൽ നിന്ന് പിന്തള്ളപ്പെട്ടതും ഈ സംഘത്തിന്റെ തകർച്ചയ്ക്ക് കാരണ മായിട്ടുണ്ട്.

വനിതകൾക്കു മാത്രമായി മറ്റൊരു വ്യവസായ സഹകരണ സംഘം ചിറ്റൂരിൽ പ്രവർത്തിച്ചു വരുന്നുണ്ട്. 1996 ൽ സ്ഥാപിച്ച വനിതാ വ്യവസായ സഹകരണ സംഘം, തെക്കൻ ചിറ്റൂർ എന്ന ഈ സംഘം റെഡിമെയ്ഡ് വസ്ത്ര നിർമ്മാണത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. വസ്ത്ര വ്യാപാര രംഗത്ത് ഒട്ടനവധി സാധ്യതകൾ ഉള്ള ഇന്നത്തെ സാഹചര്യത്തിൽ സംഘം ഉണ്ടാക്കുന്ന വസ്ത്രങ്ങൾക്ക് വിപണി കണ്ടെത്താനാവുന്നില്ല എന്നുള്ളത് സംഘത്തിന്റെ

പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മാനേജ്മെന്റിനെ കാര്യക്ഷമമാക്കുകയും പുതിയ പ്രവർത്തന മേഖലകളിലേക്ക് കടുന്നു കയറാനുള്ള ആത്മധൈര്യം ഉണ്ടാക്കി യെടുക്കുകയും കൂടുതൽ വനിതകളെ അംഗങ്ങളാക്കാനുള്ള തീരുമാനങ്ങൾ എടുക്കുകയും വിപണി കണ്ടെത്താനുള്ള പ്രത്യേക വിഭാഗത്തെ സജ്ജമാക്കുകയും തൊഴിലവസര ങ്ങൾ വർദ്ധിപ്പിക്കാനുതകുന്ന പ്ലാനിംഗുകൾ തയ്യാ റാക്കുകയുമാണ് സംഘം ഇപ്പോൾ ചെയ്യേണ്ടത്. പഞ്ചായത്തിൽ ഇക്കഴിഞ്ഞ നവംബർ 19 ന് പ്രവർ ത്തനം ആരംഭിച്ച മറ്റൊരു സഹകരണസംഘം ചേരാനല്ലൂർ ഉൾനാടൻ മത്സ്യത്തൊഴിലാളി വിക സന ക്ഷേമ സഹകരണസംഘമാണ്. മത്സ്യബന്ധന മേഖലകളിൽ ഒട്ടനവധി പ്രതിബന്ധങ്ങൾ നേരിടുന്ന ഈ ഘട്ടത്തിൽ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി മുന്നോട്ടു പോകണം.

ചേരാനല്ലൂർ പഞ്ചായത്തിൽ രണ്ടു ക്ഷീരോ ല്പാദക സഹകരണ സംഘങ്ങളാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. രണ്ടു സംഘങ്ങളിലുമായി മൊത്തം 320 അംഗങ്ങൾ ഉണ്ട്. ഈ സംഘങ്ങൾ പ്രതിദിനം ശേഖരിക്കുന്ന പാൽ ഏതാണ്ട് 360 ലിറ്റർ മാത്രമാണ്. പഞ്ചായത്തിൽ പ്രതിദിനം 1000 ലിറ്ററിനു മേൽ ചിലവാകുന്ന സന്ദർഭത്തിൽ സംഘങ്ങൾ വഴി വിൽക്കാൻ കഴിയുന്നത് ഏതാണ്ട് 80 ലിറ്റർ മാത്ര മാണ്. ബാക്കി വരുന്ന പാൽ പുറത്തേക്ക് കൊടു ക്കുകയാണ് ചെയ്തുവരുന്നത്.

അംഗങ്ങളായ കന്നുകാലി വളർത്തുന്ന കർഷ കർക്ക് സാമ്പത്തിക സഹായം ചെയ്യുകയും കാലി ത്തീറ്റ വിതരണം ചെയ്യുവാനുമുള്ള നീക്കങ്ങൾ നടത്തുകയും ചെയ്യണം. സംഘത്തിന്റെ പ്രവർത്ത നോദ്ദേശത്തെ സംബന്ധിച്ച് കർഷകരെ ബോധവ ത്കരിക്കുകയും ചെയ്യണം.

പട്ടിക 3

സ്ഥാപനത്തിന്റെ പേര്	ഓഹരി വില	മൊത്തം അംഗങ്ങൾ	പ്രവർത്തനം ആരംഭിച്ച വർഷം
ഗ്രാമ വ്യവസായ സഹകരണ സംഘം ചേരാനല്ലൂർ	10 രൂപ	31	1984
വനിതാ വ്യവസായ സഹകരണ സംഘം ചിറ്റൂർ	1000 രൂപ	20	1996
ചേരാനല്ലൂർ ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന സഹകരണ സംഘം	10 രൂപ	38	1996

പട്ടിക 3

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

	വർഷം	ഓഹരി വില	മൊത്തം അംഗങ്ങൾ	സ്റ്റാഫിന്റെ എണ്ണം
1. ഇടയക്കുന്നം ക്ഷീരോല്പാദക സഹകരണ സംഘം	1992	10 രൂപ	166	2
2. ചേരാനല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘം	1992	9 രൂപ	154	2

പ്രശ്നങ്ങൾ

1. മാനേജ്മെന്റ് കാര്യക്ഷമത ഇല്ലായ്മ.
2. ജനാധിപത്യപരമായ പ്രവർത്തനത്തിന്റെ അഭാവം.
3. തൊഴിലാളികളുടെ പങ്കാളിത്തക്കുറവ്.
4. അഴിമതി, സ്വജനപക്ഷപാതം.
5. പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നു കയറാനുള്ള ആത്മധൈര്യമില്ലായ്മ.

സാധ്യതകൾ, മേഖലകൾ

പഞ്ചായത്തിന്റെ മൊത്തം വികസന പദ്ധതിയിൽ നേരിട്ട് മുഖ്യപങ്കാളിത്തം വഹിക്കാൻ സഹകരണ സംഘങ്ങൾക്ക് കഴിയുമെങ്കിലും നമ്മുടെ പഞ്ചായത്തിൽ വിവിധങ്ങളായ മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങളുടെ അഭാവം നിഴലിക്കുന്നുണ്ട്. ഇത് വികസന രംഗത്തെ നാളിതുവരെയുള്ള ചരിത്രത്തെ ബാധിച്ചിട്ടുണ്ടെന്നുള്ളതാണ് സത്യം. പഞ്ചായത്തിനെ സംബന്ധിച്ച് ഈ പോരായ്മ മനസ്സിലാക്കി വിവിധ മേഖലകളിൽ സാധ്യതയുള്ള സഹകരണ സംഘങ്ങൾ ഏതു തരത്തിൽ രൂപീകരിക്കാമെന്നുള്ളതും നിലവിലുള്ള സംഘങ്ങൾക്ക് ഇനിയും എന്തു ചെയ്യുവാൻ സാധിക്കുമെന്നുള്ളതുമാണ് ഇവിടെ പരിശോധിക്കുന്നത്.

1.(a) ചേരാനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് കാർഷിക വായ്പകൾ ഉദാരമാക്കുകയും അവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്യണം.

(b) മെഡിക്കൽ സ്റ്റോറുകൾ വിവിധ ഭാഗങ്ങളിൽ തുറന്നു പ്രവർത്തിക്കുകയും സിമന്റ്, കമ്പി തുടങ്ങിയ കെട്ടിട നിർമ്മാണാവശ്യങ്ങൾക്കുള്ള സാമഗ്രികൾ വില്ക്കുന്നതിനുള്ള കേന്ദ്രം തുറക്കുകയും ചെയ്യുക.

(c) പട്ടയഭൂമിക്ക് വായ്പാതോത് ഉയർത്തണം.

(d) സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് വിസയുടെ ഉറപ്പിന്മേലും വായ്പ നൽകുകയും ചെയ്യണം.

(e) ജനങ്ങളുടെ മിച്ചസമ്പാദ്യം ദൈനംദിനം സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നതിന് ബോധവത്ക്കരണം നടത്തിയും വിദേശത്ത് ജോലി ചെയ്യുന്നവരുടെ സമ്പാദ്യം ബാങ്കിൽ നിക്ഷേപിക്കാനുള്ള പ്രോത്സാഹനവും നൽകണം.

(f) ആഴ്ച ഡിപ്പോസിറ്റ് ദിവസ ഡിപ്പോസിറ്റ് എന്നിവയ്ക്ക് അംഗങ്ങളെ കാണാനും പണം പിരിച്ചെടുക്കുവാനും സംവിധാനമുണ്ടാക്കുക. ഇതുവഴി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്യണം.

(g) ഇടയക്കുന്നം കപ്പേളയ്ക്കും ഇടയക്കുന്നം പാലത്തിനുമിടയിൽ കൺസ്യൂമർ സ്റ്റോർ തുറന്നു പ്രവർത്തിക്കണം. പച്ചക്കറി വിതരണസ്റ്റോർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തുറന്നു പ്രവർത്തിക്കുകയും ചെയ്യണം.

2.വനിതാ വ്യവസായ സഹകരണ സംഘം

പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശമാണ് വനിതകൾക്കായിട്ട് വനിതാ വ്യവസായ സഹകരണ സംഘം രൂപീകരിക്കുക എന്നത്. വസ്ത്ര നിർമ്മാണം, കറി പൗഡർ, വിവിധയിനം ഭക്ഷ്യധാന്യപ്പൊടികൾ, മെഴുകുതിരി നിർമ്മാണം, കായവറുക്കൽ, ഓർക്കിഡ്, ആന്തോറിയം, കുറ്റിമുല്ല തുടങ്ങി വിവിധയിനം ചെറുകിട സംരംഭങ്ങളാണ് ഈ യൂണിറ്റുകളിൽ വരേണ്ടത്. പഞ്ചായത്തിലെ മൂന്നോ നാലോ വാർഡുകൾ കേന്ദ്രീകരിച്ച് സംഘങ്ങൾ രൂപീകരിക്കുന്നതാണ് ഉചിതം.

3. ഭവന നിർമ്മാണ സഹകരണസംഘം

സാമ്പത്തിക സമാഹരണം നടത്തിയും പഞ്ചായത്തിലെ മുഴുവൻ ആളുകളുടേയും സഹകരണവും പങ്കാളിത്തവും തേടിയും പഞ്ചായത്തിലെ ഭവന രഹിതരുടെ ക്ലേശങ്ങൾ പരിഹരിക്കാനും ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം. 6-ാ ം വാർഡിൽ പഞ്ചായത്ത് വക സ്ഥലം

ഇതിന്റെ പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

4. വിവിധോദ്ദേശ സഹകരണ സംഘം

പഞ്ചായത്തിലെ തൊഴിലില്ലാത്ത യുവജനങ്ങളെ ഉദ്ദേശിച്ചുകൊണ്ട് കൂടുതൽ തൊഴിൽ സാധ്യതകൾ ഉള്ളതും വിവിധതരം കൈത്തൊഴിലുകൾ അറിയാവുന്നവരെ ഉൾക്കൊള്ളിച്ചു കൊണ്ടും ഒരു വിവിധോദ്ദേശ സഹകരണ സംഘം രൂപീകരിക്കണം. കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ തൊഴിൽ സാധ്യതയും ലാഭവും പ്രതീക്ഷിക്കുന്ന കരകൗശല വസ്തു നിർമ്മാണം, ഹോളോ ബ്രിക്സ് നിർമ്മാണം, ഫർണീച്ചർ മുതലായ വിവിധങ്ങളായ തൊഴിലുകൾ ഇതിന്റെ പരിധിയിൽ വരുത്തേണ്ടതാണ്. ചെറുകിട ഹോട്ടൽ നടത്തിപ്പും ഈ സംഘത്തിന്റെ പ്രവർത്തനങ്ങളിൽ കൊണ്ടു വരേണ്ടതാണ്.

5. ലേബർ കോൺട്രാക്ട് സൊസൈറ്റി

വികസനോന്മുഖ നിർമ്മാണ പ്രവർത്തനങ്ങളിൽ യുവതീയുവാക്കളെ പങ്കാളികളാക്കാനും അതുവഴി തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുവാനും ഉതകുന്ന രീതിയിൽ ആയിരിക്കണം ലേബർ കോൺട്രാക്ട് സൊസൈറ്റി. പഞ്ചായത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സൊസൈറ്റിക്ക് വിട്ടു കൊടുക്കണം.

6. കന്നുകാലി വളർത്തുകേന്ദ്ര സഹകരണ സംഘം

പഞ്ചായത്തിലെ മൊത്തം കന്നുകാലി കർഷകരേയും വിദഗ്ധരേയും അഭിരുചിയുള്ളവരേയും ഉൾപ്പെടുത്തി സമഗ്രമായ കന്നുകാലി വളർത്തു കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം. പാൽ ശേഖരിക്കുകയും ശീതീകരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന വ്യാവസായിക അടിസ്ഥാനത്തിലുള്ള യൂണിറ്റായിരിക്കണം ഈ പ്രോജക്ട്. നമ്മുടെ പഞ്ചായത്തിൽ ശരാശരി 1000 ലിറ്റർ പാൽ പ്രതിദിനം വിവിധ ഏജൻസികളാൽ വിതരണം ചെയ്യുന്നുണ്ട്. നമുക്കാവശ്യമുള്ള പാൽ ഇവിടെതന്നെ ഉല്പാദിപ്പിച്ച് ഇവിടെതന്നെ വിതരണം നടത്താനാകുന്ന വിധത്തിലായിരിക്കണം സംഘത്തിന്റെ പ്രവർത്തനം. കർഷകർക്ക് വായ്പ നൽകുകയും ഈ രംഗത്തേയ്ക്ക് പുതിയവരെ ആകർഷിക്കുകയും ചെയ്യുന്ന പ്രവർത്തനം കൂടി ഈ സംഘത്തിന്റെ കീഴിൽ കൊണ്ടു വരണം.

7. നാളീകേര വികസന സഹകരണ സംഘം

നാളീകേര വികസന സഹകരണ സംഘം രൂപീകരിച്ച് പഞ്ചായത്തിലെ നാളീകേരത്തിന്റെ ഉല്പാദനത്തിലും ഉല്പന്ന സാധ്യതകളിലും സാഹചര്യമുണ്ടാക്കണം. വിത്തും വളവും ഈ സംഘത്തിനു കീഴിൽ വിതരണം നടത്തുകയും വേണം. നാളീകേര സംഭരണവും എണ്ണയാട്ട് യന്ത്രവും തുടങ്ങണം. കയറും കയറുല്പന്നങ്ങളും, നാളീകേരോല്പന്നങ്ങളും നാളീകേരത്തിൽ നിന്ന് ശീതളപാനിയവും ഉല്പാദിപ്പിച്ച് വിപണി കണ്ടെത്തണം (ഇതിന്റെ സാങ്കേതിക ജ്ഞാനം നേടിയവരെ കണ്ടെത്തണം) ഇതോടനുബന്ധിച്ച് നാളീകേര കൃഷിക്കാരുടെ സഹകരണത്തോടു കൂടി തന്നെ ഇടവിളയായി പച്ചക്കറി കൃഷി നടത്താൻ സംഘം തന്നെ മുൻകൈയെടുക്കണം. നമ്മുടെ പഞ്ചായത്തിൽ മൊത്തം പ്രതിദിനം 1000 Kg നു മേൽ പച്ചക്കറികൾ വിറ്റഴിയുന്നുണ്ട്. അന്യനാടുകളിൽ നിന്നും വരുന്നവയാണ് ഏറിയതും. ഇത് പരിഹരിക്കാനും സ്വയം പര്യാപ്തത ഈ രംഗത്ത് നേടാനും ഇതുമൂലം സാധിക്കണം.

8. മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന്റെ കീഴിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മത്സ്യമാർക്കറ്റുകൾ തുടങ്ങണം. പഞ്ചായത്തിന്റെ പൊതുമാർക്കറ്റുകൾ ഇതിനുവേണ്ടി തുറന്നു കൊടുക്കണം.

9. പഞ്ചായത്തിൽ ഒരു പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം.

ഇങ്ങനെ വിവിധ മേഖലകളിലൂടെ സഹകരണ പ്രസ്ഥാനങ്ങളെ വളർത്തിക്കൊണ്ടു വന്ന് പഞ്ചായത്തിന്റെ വികസന രംഗത്ത് പുത്തനുണർവേകാൻ കഴിയണം.



11. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

വളരെ പിന്നോക്കാവസ്ഥയിൽ കഴിയുന്ന ഒരു ജന വിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗം. ചേരാനല്ലൂർ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 8.39% ഈ വിഭാഗക്കാരാണ്. കുടികിടപ്പ് അവകാശം ലഭിച്ചതിലൂടെയും മിച്ചഭൂമി വിതരണത്തിലൂടെയും സർക്കാർ നടത്തിവന്ന സാമൂഹ്യക്ഷേമ പദ്ധതികളിലൂടെയും മറ്റുമാണ് ഈ വിഭാഗക്കാർക്ക് സ്വന്തം ഭൂമി എന്ന സ്വപ്നം കൈവരിക്കുവാൻ സാധിച്ചത്. സാമ്പത്തിക രംഗത്ത് ഇന്നും വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിക്കാത്ത ഒരു ജനവിഭാഗമാണ് ഇവർ. ജാതിപരമായ ഉച്ചനീചത്വങ്ങൾ ഒരു പരിധിവരെ ഇല്ലാതായിട്ടുണ്ടെങ്കിലും ചില അസമത്വങ്ങൾ ഇന്നും നിലനിൽക്കുന്നു.

കാർഷിക മേഖല നേരിട്ട മാന്ദ്യംമൂലം ഈ മേഖലയിൽ തൊഴിൽ ചെയ്തിരുന്ന ഈ വിഭാഗത്തിലെ കുറെയേറെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. വൻതോതിൽ പാടശേഖരങ്ങൾ നികത്തുന്നതുമൂലവും സമീപപ്രദേശത്തെ വ്യവസായ ശാലകളിൽ നിന്നുള്ള മലിനീകരണം മൂലവും ഈ തൊഴിൽ തീർത്തും ഇല്ലാതാവുകയും ചെയ്തു. ഇപ്പോൾ മറ്റു തൊഴിൽ മേഖലകളിൽ ഈ വിഭാഗത്തിൽപ്പെട്ടവർ തൊഴിൽ ചെയ്തു വരുന്നു. വ്യവസായ മേഖലകളിൽ ഇവരുടെ പങ്കാളിത്തം തുലോം തുച്ഛമായിട്ടേയുള്ളു.

സാക്ഷരതാ പ്രവർത്തനങ്ങൾ വഴി ഈ വിഭാഗത്തിലെ കുറെ പേർക്ക് ഗുണകരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അതു കൊണ്ടു തന്നെ സാക്ഷരതാ പ്രവർത്തനങ്ങൾ ഇനിയും ഊർജ്ജിതപ്പെടുത്തുന്നത് നന്നായിരിക്കും.

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ ആകെ 1797 ആളുകളുണ്ട്. വിശദമായ കണക്ക് പട്ടിക I ൽ ചേർത്തിരിക്കുന്നു.

പട്ടിക 1

പട്ടികജാതി		പട്ടികവർഗ്ഗം	
പുരുഷന്മാർ	സ്ത്രീകൾ	പുരുഷന്മാർ	സ്ത്രീകൾ
888	905	2	2

പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളും അവയിൽ അധിവസിക്കുന്ന കുടുംബങ്ങളുടേയും വിവരങ്ങൾ പട്ടിക 2 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങൾ
59	റോട്ടറി സെറ്റിൽമെന്റ്	28
60	സൗത്ത് ചിറ്റൂർ	13
61	ഇടയക്കുന്നം കോളനി	14
62	അംബേദ്ക്കർ ഗ്രാമം (കുറുംകോട്ട)	48
555	പുൽ (പച്ചാൽ കോളനി)	32
659	മംഗലശ്ശേരി പട്ടികജാതി-പട്ടികവർഗ്ഗ കോളനി	10
700	ഇടയക്കുന്നം നാല് സെന്റ് കോളനി	12
701	ഇടയക്കുന്നം സെറ്റിൽമെന്റ്	13
612	കരിമ്പാടം കോളനി	13
974	വാടത്തോട് കോളനി	24
985	സൗത്ത് ചിറ്റൂർ (3-ാം വാർഡ് നോർത്ത്)	10
1036	ചേരാനല്ലൂർ പട്ടികജാതി-പട്ടികവർഗ്ഗ കോളനി	14
686	മുണ്ടകപ്പാടം കോളനി	14
	അമ്പലക്കടവ് രണ്ടര സെന്റ് കോളനി	25

ഈ കോളനികൾക്ക് പുറമേ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഈ വിഭാഗത്തിലുള്ള ജനങ്ങൾ അധിവസിക്കുന്നു.

പട്ടിക 3

ക്ലാസ്സുകൾ	വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ എണ്ണം	തോറ്റു പഠിക്കുന്നവർ	പഠനം നിർത്തിയവർ
1	21	ഇല്ല	1
2	18	2	1
3	19	ഇല്ല	ഇല്ല
4	21	6	ഇല്ല
5	8	5	1
6	16	24	1
7	11	18	2
8	7	11	2
9	9	4	1
10	4	കണക്ക് ലഭ്യമല്ല	കണക്ക് ലഭ്യമല്ല
ആകെ	34	72	9

പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ സ്ഥിതിവിവരങ്ങൾ പട്ടിക 3 ൽ സൂചിപ്പിച്ചിട്ടുണ്ട്.

IRDP സർവ്വെപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഈ പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ സ്ഥിതി വിവരങ്ങൾ പട്ടിക 4 ൽ ചേർത്തിട്ടുണ്ട്.

പട്ടിക 4

വാർഡ്	കുടുംബങ്ങൾ	സഹായം ലഭിച്ച കുടുംബങ്ങൾ
1	10	2
2	5	2
3	5	5
4	23	19
5	5	3
6	3	2
7	10	3
8	3	3
9	10	8
10	വാർഡ് വിഭജനത്തിനു ശേഷമുള്ള കണക്കുകൾ ലഭ്യമല്ല	–
ആകെ	74	47

ഈ സർവ്വെയിൽ ഉൾപ്പെടാത്ത അനേകം കുടുംബങ്ങൾ പഞ്ചായത്തിൽ താമസിക്കുന്നുണ്ട്. ഇവരെ കണ്ടെത്തുന്നതിനും ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ,സാധ്യതകൾ

1. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ പ്രാഥമിക സൗകര്യത്തിനുള്ള കക്കൂസുകളുടെ എണ്ണം വളരെ കുറവാണ്. കോളനിക്കു പുറമെ പഞ്ചായത്തിൽ അങ്ങിങ്ങായി താമസിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിൽ സ്വന്തമായി കക്കൂസുകൾ ഇല്ലാത്തവരെകണ്ടെത്തുകയും അവർക്ക് സൗജന്യമായി കക്കൂസുകൾ നിർമ്മിച്ച് കൊടുക്കേണ്ടതുമാണ്. കോളനികളിൽ നിലവിലുള്ള കക്കൂസുകളുടെ എണ്ണവും വർദ്ധിപ്പിക്കേണ്ടതുണ്ട്.
2. ഭാഗികമായി ജലവിതരണ സൗകര്യമുള്ള കോളനികളിൽ ആവശ്യത്തിന് പൊതുടാപ്പുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുക.
3. ഭാഗികമായി വൈദ്യുതീകരിച്ചതും ഒട്ടുംതന്നെ വൈദ്യുതീകരിക്കാത്തതുമായ ഈ വിഭാഗത്തിൽപ്പെട്ട ആളുകളുടെ വീടുകൾ പൂർണ്ണമായി വൈദ്യുതീകരിക്കുകയും കോളനികളിലെ വഴിവിളക്കുകൾ തെളിയിക്കുവാൻ വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
4. കോളനികളിലെ നടപ്പുവഴികളിലെ വെള്ളക്കെട്ട് ഒഴിവാക്കുവാൻ കാനകൾ നിർമ്മിക്കുകയും വീടുകളിലെ മലിനജലം ഒഴുകിപ്പോകുവാൻ കാനകളുമായി ചാലുകൾ നിർമ്മിച്ച് ബന്ധിപ്പിക്കുക.

5. പഞ്ചായത്തിലെ കോളനികളിലും മറ്റു സ്ഥലങ്ങളിലും ഉള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വീടുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുവേണ്ട സാമ്പത്തിക സഹായം അനുവദിക്കുക.

6. മത്സ്യബന്ധനത്തിലും കൃഷിയിലും കൃഷിപ്പണിയിലും ഏർപ്പെട്ടിരിക്കുന്ന ഈ വിഭാഗത്തിലെ തൊഴിലാളികൾക്ക് അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിന് ഇപ്പോൾ കൃഷിഭൂമി നികത്തുന്നത് അടിയന്തിരമായി നിർത്തലാക്കുകയും തരിശിട്ടിരിക്കുന്ന കൃഷിഭൂമികൾ പഞ്ചായത്ത് ഏറ്റെടുത്ത് ഈ വിഭാഗക്കാർക്ക് പാട്ടത്തിന് നൽകുക.

7. ഈ വിഭാഗത്തിലെ സ്ഥിരം ജോലി യില്ലാത്തവർക്ക് പുതിയ തൊഴിൽ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് അനുയോജ്യമായ തൊഴിൽ പരിശീലനം സൗജന്യമായി നൽകുക.

8. തൊഴിലില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ സ്ത്രീകളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും അവരുടെ ഉല്പന്നങ്ങൾ ഈ പഞ്ചായത്തിലേയും സമീപ പഞ്ചായത്തുകളിലേയും, കൊച്ചിൻ കോർപ്പറേഷനുകളിലേയും മാവേലി സ്റ്റോറുകൾ വഴിയും, കൺസ്യൂമർ സ്റ്റോറുകൾ വഴിയും വിറ്റഴിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

9. പഠന നിലവാരത്തിൽ ഇന്നു വളരെ പിന്നോക്കമാണ് ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ അവസ്ഥ. ഇവരെ കണ്ടെത്തി പഠന പുരോഗതിക്കാവശ്യമായ സംവിധാനങ്ങൾ (സ്വകാര്യ ട്യൂഷൻ) സൗജന്യമായി നൽകുക.

10. സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളും ക്ഷേമസൗകര്യങ്ങളും അതാതു സമയങ്ങളിൽ ഇവരെ അറിയിക്കുന്നതിനും ഇവർക്ക് എത്തിച്ചു കൊടുക്കുന്നതിനും ഉത്തരവാദിത്വമുള്ള ഒരു സംഘം ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തുകയും ഒരു ഇൻഫർമേഷൻ സെന്റർ പഞ്ചായത്തിൽ ആരംഭിക്കുകയും ചെയ്യുക.

11. 59-ാം നമ്പർ റോട്ടറി സെറ്റിൽമെന്റിന്റെ ഭൂമി സംരക്ഷണത്തിന് കോളനിയുടെ അതിരുകളിൽ സംരക്ഷണഭിത്തി നിർമ്മിക്കുക.

12. 59-ാം നമ്പർ കോളനിയിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

13. എല്ലാ കോളനികളിലും ദൃശ്യശ്രവണ മാധ്യമങ്ങൾ (ടി.വി., റേഡിയോ) സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

14. എല്ലാ മേഖലകളിലേയും പട്ടികജാതി- പട്ടികവർഗ്ഗക്കാരെയും ഉൾപ്പെടുത്തി ഒരു സഹകരണ സംഘം (ഹൗസിങ്ങ് സൊസൈറ്റി) രൂപീകരിച്ച് സ്വന്തമായി വീടില്ലാത്തവർക്ക് വീടു നിർമ്മിച്ചു നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

15. സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ ദുർവിനിയോഗം ചെയ്യാതെ നല്ല രീതിയിൽ ഉപയോഗപ്പെടുത്തുവാൻ വേണ്ട ബോധവൽക്കരണം നടത്തുക.

16. പത്തിൽ കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്ന മേഖല കോളനിയായി അംഗീകരിക്കുകയും അതിന്റെ വികസനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാകുന്നു.

17. വിദേശ നാണ്യത്തിന്റെ വരവ് ഇല്ലാതാക്കുമ്പോൾ നിലച്ചേക്കാവുന്ന നിർമ്മാണ തൊഴിൽ മേഖലയിലുള്ള ഈ വിഭാഗത്തിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരവും മറ്റു തൊഴിൽ സാധ്യതകളും സൃഷ്ടിക്കുക.

18. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി-പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ട വായ്പാ നിയമങ്ങൾ ലഘൂകരിക്കുകയും ഇതിന്റെ നടത്തിപ്പുകൾ പഞ്ചായത്ത് ഏറ്റെടുക്കുകയും ചെയ്യുക.

19. കോളനികളിൽ കൊതുകു ശല്യമില്ലാതാക്കുന്നതിന് നിർബന്ധമായും മാസത്തിൽ ഒരിക്കൽ മരുന്നു തളിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

20. കോളനി നിവാസികൾക്കും അവരുടെ കുട്ടികൾക്കും വ്യക്തി ശുചിത്വത്തിനും പരിസര ശുചീകരണത്തിനും അതുവഴി രോഗങ്ങൾ തടയുന്നതിനും വേണ്ട ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക. ഇതോടൊപ്പം ഈ വിഭാഗത്തിലെ യുവജനങ്ങളിൽ മദ്യത്തിനും മയക്കു മരുന്നിനും എതിരെ ബോധവൽക്കരണം നടത്തുക.





12. വിഭവസമാഹരണം

പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ സഹായിക്കുന്ന സുപ്രധാന മാനദണ്ഡങ്ങളിൽ ഒന്നാണ് പഞ്ചായത്തിന്റെ വരവു-ചെലവ് കണക്കുകൾ. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും അത് എങ്ങിനെ ചെലവഴിക്കപ്പെടുന്നുവെന്നും മനസ്സിലാക്കുന്നത് പ്രയോജനകരമാണ്. ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത് ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്. പഞ്ചായത്തിന്റെ വരുമാന സ്രോതസ്സ് വളരെ പരിമിതമാണ്. കെട്ടിട നികുതി തൊഴിൽ നികുതി, വസ്തു കൈമാറ്റ നികുതി, സർക്കാർ ഗ്രാന്റുകൾ എന്നിവയാണ് പ്രധാന ധനാഗമ മാർഗ്ഗങ്ങൾ.

പഞ്ചായത്തിന്റെ വരവ്

1. 1995-96 സാമ്പത്തിക വർഷത്തിലെ പഞ്ചായത്തിന്റെ വരവ് സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.


പട്ടിക 1


ഇനങ്ങൾ	വരവ് 1995-96	ശതമാനം
കെട്ടിടനികുതി	3,29,398.65	15.57%
സർവ്വീസ് ചാർജ്ജ്	56,047.70	2.65%
തൊഴിൽനികുതി	1,60,276.00	7.57%
വാഹന നികുതി	-	-
വിനോദ നികുതി	28,807.34	1.36%
അഡീഷണൽ വിനോദ നികുതി	17,874.87	0.85 %
പ്രദർശന നികുതി	3,027.00	0.14%
പ്രദർശന നികുതി സർചാർജ്ജ്	-	-
ചന്തവരവ്	-	-
ലാന്റ് സെസ്സ്	-	-
ലൈസൻസ് ഫീസ്	13,415.50	0.64 %
കെട്ടിട നികുതി സർചാർജ്	-	-
വസ്തു കൈമാറ്റ നികുതി 75%	2,86,301.00	13.53%
വസ്തുകൈമാറ്റ നികുതി 25%	3,50,000.00	16.54%
സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള വരവ്	-	-
സംഭാവന	-	-
ഡെപ്പോസിറ്റ്	15,750.00	0.74 %
മറ്റുള്ളവ	8,55,123.29	40.41%
ആകെ	21,16,021.35	100%

പ്രധാന വരുമാന സ്രോതസ്സ് മറ്റുള്ള ഇനങ്ങളിലുള്ള വരവാണ്. പഞ്ചായത്തിന്റെ ഭജനാവിലേക്ക് ഏറ്റവും തുച്ഛമായ സംഭാവന നല്കുന്ന ഇനം പ്രദർശന നികുതിയാണ്.

വരവിന്റെ വിവരങ്ങൾ ചിത്രരൂപത്തിൽ താഴെ ചേർക്കുന്നു.

ചിത്രം 1





1959-60 ലെ പഞ്ചായത്തിന്റെ വരുമാനം പരിശോധിക്കുന്നത് ഈയവസരത്തിൽ നന്നായിരിക്കും. 12,652/- രൂപയാണ് 35 വർഷങ്ങൾക്ക് മുമ്പുള്ള പഞ്ചായത്തിന്റെ വരവ് ചെലവ് ഒട്ടും കുറവല്ല; 11,157/- രൂപ

ചെലവ്

1995-96 സാമ്പത്തിക വർഷത്തെ ചെലവ് സംബന്ധിച്ച വിവരങ്ങൾ പട്ടിക 2 ൽ നൽകിയിരിക്കുന്നു.


പട്ടിക 2

ഇനങ്ങൾ	ചെലവുകൾ (1995-96)	ശതമാനം
ഭരണചെലവ്	4,98,043	26.8 %
പൊതുമരാമത്ത്	8,33,940-10	44.9 %
പൊതുജനാരോഗ്യം, ജലവിതരണം, ഓടകൾ	39,520	2.13%
തെരുവു വിളക്കുകൾ കത്തിക്കുന്നത്	2,23,824	12.05%
വിദ്യാഭ്യാസം	42,284	2.28%
മറ്റു ചെലവുകൾ	2,20,326-25	11.84%
ആകെ	18,57,937-35	100%

ഭരണപരമായ ചെലവ് പഞ്ചായത്തിന്റെ വരുമാനത്തിന്റെ 26.8 ശതമാനമാണ്. മൊത്തം ചെലവിന്റെ സിംഹഭാഗവും അതായത്, 44.9% പൊതുമരാമത്തിനായാണ് ഉപയോഗിച്ചിരിക്കുന്നത്. ചെലവിന്റെ വിവരങ്ങൾ ചിത്ര രൂപത്തിൽ താഴെ കൊടുക്കുന്നു.

ചിത്രം 2

മൊത്തം ചെലവ് ശതമാനത്തിൽ



1995-96 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും ഗ്രാന്റിനത്തിൽ 11 ,45,642/- രൂപ ലഭിച്ചിട്ടുണ്ട്. ഗ്രാന്റ് സംബന്ധിച്ച വിവരങ്ങൾ പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3
ഗ്രാന്റ് വിവരങ്ങൾ

VRM രൂ.	MI രൂ.	VTC രൂ.	അടിസ്ഥാന നികുതി		SPI ഗ്രാന്റ് രൂ.	JRY രൂ.	അൺഎടെഡ് ഫണ്ട് രൂ	ആകെ
			25%	75%				
9706/-	NII	87,951/-	Basic Tax Rs. 20834/- 3,50,000/- (വസ്തു നികുതി)	2,86,301/- കൈമാറ്റ	-	1,41,150/-	2,76,700/-	11,45,642/-

ഏറ്റെടുത്ത ജെ.ആർ.വൈ. പദ്ധതികളെക്കുറിച്ച് പട്ടിക 4 ൽ വിവരിച്ചിട്ടുണ്ട്.

പട്ടിക 4
ഏറ്റെടുത്ത JRY പണികൾ സംബന്ധിച്ച വിവരങ്ങൾ

പണിയുടെ വിവരം	ജനറൽ		പട്ടികജാതി-പട്ടികവർഗ്ഗം	
	എസ്റ്റിമേറ്റ് തുക	നൽകിയത്	എസ്റ്റിമേറ്റ് തുക	നൽകിയത്
ഭവനനിർമ്മാണം	-	-	25,500 6000	21,000 6000
വീട് വൈദ്യുതീകരിക്കുന്നതിന്	69,000	69,000	-	-
റോഡുപണിക്ക്	1,41,605	88,001	-	-

കഴിഞ്ഞ 10 വർഷങ്ങളിലെ പഞ്ചായത്തിന്റെ വരവ്-ചെലവ് കണക്ക് മൊത്തം പരിശോധിക്കുന്നത് നന്നായിരിക്കും. പട്ടിക 5 കാണുക.

പട്ടിക 5

1986 മുതൽ 1996 വരെയുള്ള മൊത്തം വരവ് ചെലവ് കണക്കുകളുടെ വിവരം

വർഷം	മൊത്തം വരവ്	വർധന നിരക്ക്	മൊത്തം ചെലവ്	വർധന നിരക്ക്
1986–87	527077.41		556084.98	
1987–88	549404.93	4.24	421205.67	(–)24.26
1988–89	670920.95	22.12	582922.95	38.39
1989–90	732295.13	9.15	876847.60	50.42
1990–91	88703980	21.13	902520.70	2.93
1991–92	904001.03	1.91	82335910	(–)8.77
1992–93	1704274.80	88.53	1213605.50	47.40
1993–94	1642723.80	(–)3.61	1418175.80	16.86
1994–95	2154807.95	31.17	1381566.95	(–).01
1995–96	2116021.35	(–) 4.8	1857937.35	34.48
ആകെ		172.84		157.44

വരവിന്റെ ശരാശരി വർധനവ് 19.20% ആയപ്പോൾ ചെലവ് ശരാശരി 17.49 ആണ്.

ചേരാനല്ലൂർ പഞ്ചായത്തിന്റെ കഴിഞ്ഞ 10 വർഷത്തെ നികുതി വരുമാനത്തിന്റെ കണക്കുകൾ പട്ടിക 6(1) ൽ സൂചിപ്പിക്കുന്നു.

പട്ടിക 6 (1)

വർഷം	നികുതി വരവ്	വർദ്ധന നിരക്ക്
1986–87	95091.22	
1987–88	94363.28	–7.6
1988–89	117199.65	24.2
1989–90	181851.52	55.16
1990–91	153060.70	–15.83
1991–92	200007.16	30.67
1992–93	185492.90	–7.26
1993–94	264342.85	42.5
1994–95	241547.95	10.29
1995–96	329398.65	12.98

ശരാശരി വർദ്ധനനിരക്ക് 16.12% ആണ്

പട്ടിക 6 (2)
10 വർഷത്തെ തൊഴിൽ നികുതി വരവ്

വർഷം	നികുതി വരവ്	വർദ്ധന നിരക്ക്
1986-87	29138	-
1987-88	30843	5.85
1988-89	38106	23.55
1989-90	39739	4.29
1990-91	45317	14.04
1991-92	58673	29.47
1992-93	84900	44.7
1993-94	90740	6.88
1994-95	127535	40.55
1995-96	160276	33.51

ശരാശരി വർദ്ധന നിരക്ക് 22.54% ആണ്

പട്ടിക 6 (3)
10 വർഷത്തെ ലൈസൻസ് ഫീസ് വരവ്

വർഷം	വരവ്	വാർഷിക വർധന നിരക്ക്
1986-87	3550.15	-
1987-88	3249	8.48
1988-89	4303.50	32.46
1989-90	5797.65	34.72
1990-91	6610.50	14.01
1991-92	8872	34.2
1992-93	9231.50	4.05
1993-94	7155	22.49
1994-95	9197	28.54
1995-96	13415.50	45.87

ശരാശരി വർധന നിരക്ക് 23.1 % ആണ്

പട്ടിക 6 (4)
10 വർഷത്തെ വസ്തു കൈമാറ്റ നികുതി വരവ് (75% + 25%)

വർഷം	നികുതി വരവ്	വാർഷിക വർദ്ധന നിരക്ക്
1986-87	183668.75	
1987-88	218784	19.12
1988-89	109134	50.12
1989-90	242513	-122.22
1990-91	222007	-8.46
1991-92	77903	-19.87
1992-93	315131	304.52
1993-94	487254	54.62
1994-95	434257	-10.88
1995-96	636301	46.53

ശരാശരി വർദ്ധനനിരക്ക് 50.85% ആണ്.

പട്ടിക 6 (5)
10 വർഷത്തെ മറ്റുള്ള വരവിന്റെ കണക്ക്

വർഷം	മറ്റുള്ള വരവുകൾ	വാർഷിക വർദ്ധന നിരക്ക്
1986-87	159425.27	-
1987-88	106053.13	(-)33.48
1988-89	265541.20	150.39
1989-90	131805.07	(-)50.36
1990-91	351608.54	166.76
1991-92	454696	29.32
1992-93	1017349.34	123.74
1993-94	670856.71	(-)34.06
1994-95	1118245.37	66.69
1995-96	855123.29	23.53

ശരാശരി വർദ്ധന നിരക്ക് 43.99% ആണ്.

പഞ്ചായത്തിന്റെ തനതായ വരുമാനങ്ങൾ അല്ലാത്ത വരവുകളിൽ ഏറ്റക്കുറച്ചിലുകൾ കാണാവുന്നതാണ്. പല നികുതികളും സർക്കാർ പിരിച്ച് പഞ്ചായത്തിന് കൈമാറുന്നതാണ് വർഷംതോറും നല്കിവരാറുള്ള ഗ്രാന്റുകളിലും വ്യതിയാനം ഉണ്ടാകാറുണ്ട്. ഇതെല്ലാം പഞ്ചായത്തിന്റെ വരുമാനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതിന് ഇടയാക്കുന്നു.

പഞ്ചായത്തിന്റെ കഴിഞ്ഞ 10 വർഷങ്ങളിലെ ചെലവ് വിവരങ്ങൾ പട്ടിക 7 ൽ ചേർക്കുന്നു.

പട്ടിക 7 (1)

രേണചെലവ്

വർഷം	ചെലവ്	മൊത്തം ചെലവിന്റെ ശതമാനം	വാർഷിക വർദ്ധന നിരക്ക്
1986-87	1,87,632.09	33.7%	
1987-88	2,35,300.99	55.9%	25.4
1988-89	2,41,516.05	41.45%	2.6
1989-90	2,84,607	32.5%	17.8
1990-91	3,57,867.25	39.7%	25.7
1991-92	3,72,840.75	45.3%	4.18
1992-93	3,98,854	32.9%	6.97
1993-94	4,57,795	32.3%	14.7
1994-95	5,04,244	36.5%	10.1
1995-96	4,96,043	26.8%	1.2

ശരാശരി വർദ്ധന നിരക്ക് 12.07 % ആണ്

പട്ടിക 7 (2)

പൊതുമരാമത്ത് ചെലവ്

വർഷം	ചെലവ്	മൊത്തം ചെലവിന്റെ ശതമാനം	വാർഷിക വർദ്ധന നിരക്ക്
1986-87	1,34,247	24.20%	
1987-88	33916	8.10%	(-)74.7
1988-89	1,60,349/95	27.50%	372.7
1989-90	2,51,568	28.60%	56.8%
1990-91	2,38,801	26.45%	36.2
1991-92	1,15,227	14%	51.7
1992-93	3,35,710	27.64%	191.3
1993-94	5,46,795	38.54%	62.8
1994-95	5,03,810	36.46%	7.8
1995-96	8,33,940.10	44.9%	65.5

ശരാശരി വർദ്ധന നിരക്ക് 65.57% ആണ്.

പട്ടിക 7 (3)

തെരുവു വിളക്ക് - വൈദ്യുതി ചാർജ്ജ്

വർഷം	ചെലവ്	മൊത്തം ചെലവിന്റെ ശതമാനം	വാർഷിക വർദ്ധന നിരക്ക്
1986-87	1,13,877.85	20.5%	
1987-88	1,24,426.75	29.5%	7.8
1988-89	1,35,144.50	23.18%	8.6
1989-90	1,79,649	20.40%	32.9
1990-91	1,90,086	21.05%	5.8
1991-92	1,31,541	15.95%	30.7
1992-93	2,09,259	17.24%	59.1
1993-94	306409	21.61%	46.4
1994-95	2,49,344	18.04%	(-)18.6
1995-96	2,23,824	12.05%	(-) 10.2

ശരാശരി വർദ്ധന നിരക്ക് 11.23 % ആണ്.

പട്ടിക 7 (4)

ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം - ചെലവ്

വർഷം	ചെലവ്	മൊത്തം ചെലവിന്റെ ശതമാനം	വാർഷിക വർദ്ധന നിരക്ക്
1986-87	1,04,079.80	18.77%	
1987-88	-	-	-
1988-89	1790	0.31%	1.7
1989-90	49034.95	5.8%	2639.3
1990-91	8814	0.98%	(-) 82.0
1991-92	16239	1.95%	15.2
1992-93	27079	2.23%	66.7
1993-94	28,627	2.02%	5.7
1994-95	13711	0.99%	(-)52.1
1995-96	39520	2.13%	188.2

ശരാശരി വർദ്ധന നിരക്ക് 309.19% ആണ്.

പട്ടിക 7 (6)
വിദ്യാഭ്യാസം

വർഷം	ചെലവ്	മൊത്തം ചെലവിന്റെ ശതമാനം	വാർഷിക വർദ്ധന നിരക്ക്
1986-87	-	-	-
1987-88	-	-	-
1988-89	122.00	0.02%	(-)41.9
1989-90	-	-	-
1990-91	5631.60	0.6%	4516
1991-92	5466.80	0.7%	(-)2.9
1992-93	12095	0.99%	121.2
1993-94	631.70	0.04%	(-) 94.7
1994-95	9186.75	0.68%	1355.7
1995-96	42284	2.28%	360.3

ശരാശരി വർദ്ധന നിരക്ക് 690.41 % ആണ്.

പട്ടിക 7 (6)
മറ്റു ചെലവുകൾ

വർഷം	ചെലവ്	മൊത്തം ചെലവിന്റെ ശതമാനം	വാർഷിക വർദ്ധന നിരക്ക്
1986-87	16248.24	2.9%	-
1987-88	27561.93	6.5%	58.9
1988-89	44000.45	7.54%	59.6
1989-90	111988.65	12.7%	154.5
1990-91	101320.85	11.22%	(-)9.5
1991-92	182044.55	22.1%	80.6
1992-93	230608.50	19%	26.6
1993-94	77918.10	5.49%	(-)22.8
1994-95	101271.20	7.33%	29.9
1995-96	220326.25	11.84%	117.5

ശരാശരി വർദ്ധന നിരക്ക് 55.03% ആണ്.

പ്രശ്നങ്ങൾ, സാധ്യതകൾ

വളരെ പരിമിതമായ വരുമാന സ്രോതസ്സാണ് പഞ്ചായത്തിനുള്ളത്. കെട്ടിട നികുതിയും തൊഴിൽ നികുതിയുമാണ് ഇതിൽ പ്രധാനം. പക്ഷേ, ഈ വരുമാനങ്ങൾ വലിയ തോതിൽ വർദ്ധിക്കുന്നവയല്ല. എങ്കിലും തൊഴിൽ നികുതിയുടെ കാര്യത്തിൽ കുറേക്കൂടി ശ്രദ്ധിച്ചാൽ വരുമാനം ചെറിയ തോതിലെങ്കിലും ഉയർത്താവുന്നതാണ്. 60 ദിവസത്തിൽ കൂടുതലായി താമസിച്ചു പണിയെടുക്കുന്ന എല്ലാവരിൽ നിന്നും നികുതിയടയ്ക്കാവുന്നതാണ്.

എല്ലാ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതും ഇത് കാലോചിതമായി പരിഷ്കരിക്കേണ്ടതുമാണ്. നികുതി ചുമത്താവുന്ന മറ്റൊരു വസ്തുവാണ് കേബിൾ ടി.വി.

വസ്തുകൈമാറ്റ നികുതിയുടെ 25% സർക്കാർ സമയകൃത്യത പാലിക്കാതെയാണ് നൽകുന്നത്. ഇത് ഒഴിവാക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഫണ്ടിൽ സിംഹഭാഗവും ചെലവഴിക്കുന്നത് പൊതുമരാമത്ത് പണികൾക്കു വേണ്ടിയാണ്. റോഡിന്റെ അറ്റകുറ്റ പണികൾക്കായി ഒട്ടേറെ പണമാണ് ഓരോ വർഷവും പഞ്ചായത്ത് ചെലവഴിക്കുന്നത്. വഴിവിളക്കിനായുള്ള വൈദ്യുതി ചാർജ്ജും കുടിവെള്ള ചെലവും വർഷം തോറും വർദ്ധിക്കാനാണ് സാധ്യത.

വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്ത് ചെലവഴിക്കുന്ന തുക ഒട്ടും തന്നെ പര്യാപ്തമല്ല. ഗ്രന്ഥശാലകൾക്കായും അധികം പണം വിനിയോഗിച്ചതായി കാണുന്നില്ല.

ചിറ്റൂർ-മൂലമ്പിള്ളിക്കടത്ത് പഞ്ചായത്തിന്റെ വരുമാന സ്രോതസ്സുകളിൽ ഒന്നാണ്. പക്ഷേ വളരെ നിസ്സാര തുകയ്ക്കാണ് ഈ കടത്ത് കരാർ ചെയ്യപ്പെട്ടിരിക്കുന്നത്. കടത്ത് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുകയാണെങ്കിൽ കുറേക്കൂടി വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും.

വഴിവിളക്ക് കത്തിക്കുന്നതിനായി ഒട്ടേറെ പണം ചെലവഴിക്കുന്നുണ്ടെങ്കിലും കത്താതെയുള്ള വഴിവിളക്കുകൾക്കു കൂടി പണം നല്കേണ്ടി വരുന്നു. ഇതിലൂടെ ഒട്ടേറെ പണം ചോരുന്നുമുണ്ട്.

പഞ്ചായത്തതിർത്തിയിൽ നടക്കുന്ന സ്ഥലം വിൽപ്പനയിൽ സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് നടത്താതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പഞ്ചായത്തതിർത്തിയിലെ പരസ്യ ബോർഡുകൾക്കും ചുമരെഴുത്തുകൾക്കും മതിയായ ഫീസ് ഈടാക്കേണ്ടതാണ്.

വിനോദ നികുതിയിലെ വെട്ടിപ്പ് തടയാനായി ഒരു നിശ്ചിത ഫീസ് ഈടാക്കേണ്ടതാണ്.

ആറാം വാർഡിൽ ഇപ്പോഴും പൊതുശ്മശാനം വൈദ്യുതീകരിച്ചാൽ അതു വഴി അല്പം ധനം സ്വരൂപിക്കാവുന്നതാണ്. കൂടാതെ ബാക്കി വരുന്ന സ്ഥലത്ത് ഒരു പൊതുമാർക്കറ്റും ഷോപ്പിങ്ങ് കോംപ്ലക്സും നിർമ്മിച്ചാൽ അതൊരു നല്ല ധനാഗമമാർഗ്ഗമായിമാറും ഇതിനാവശ്യമായ തുക സഹകരണ ബാങ്കിൽ നിന്നും വായ്പയായി സംഘടിപ്പിക്കാവുന്നതും ഷോപ്പിങ്ങ് കോംപ്ലക്സിൽ നിന്നുള്ളവരുമാനം വഴി വായ്പ തിരിച്ചടയ്ക്കാവുന്നതുമാണ്.

പഞ്ചായത്തിലെ പൊതുസ്ഥലങ്ങൾ വികസനപരമായ പദ്ധതികളിലൂടെ പ്രത്യുൽപ്പാദന മേഖലയായി മാറുന്നു. നിലവിലുള്ള നികുതികളുടെ സമാഹരണം ത്വരിതപ്പെടുത്തി കാര്യക്ഷമമാക്കുക കെട്ടിട നികുതിയിലുള്ള അശാസ്ത്രീയത ഒഴിവാക്കുക. പഞ്ചായത്തിന്റെ കീഴിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളിൽ കരാറുകാരനെ ഒഴിവാക്കുകയും സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തി ഒരു സമിതിയുണ്ടാക്കി അത്തരം പ്രവർത്തനങ്ങളെല്ലാം ആ സമിതിക്കു നല്കുകയും വേണം.

അത്യാഡംബര പൂർണ്ണമായ വീടുകളുടെ നികുതി നിശ്ചയിക്കുമ്പോൾ ആഡംബര നികുതി എന്ന പേരിൽ അധിക നികുതി ഈടാക്കാവുന്നതാണ്.

ഭരണപരമായ ചെലവുകൾ കുറയ്ക്കാൻ കഴിഞ്ഞില്ലെങ്കിലും ചെലവ് വർദ്ധിക്കാതിരിക്കാനുള്ള പ്രത്യേക ശ്രദ്ധ എടുക്കേണ്ടതാണ്.

നന്ദിയോടെ,

ആദരവോടെ.....

വികസനത്തിന്റെ പുതിയ നാളുകളിൽ ശിരോലിഖിതം മാറ്റിയെഴുതുന്ന ശില്പിയിതം പോലെ. നിഷ്കളങ്ക ഗ്രാമഹൃദയങ്ങളിൽ നിന്ന് എണ്ണമറ്റ ആവശ്യങ്ങൾ അടങ്ങിയ ഈ രേഖ സാക്ഷാത്കാരത്തിന്റെ സാഫല്യത്തിനായി സമർപ്പിക്കുകയാണ്.

ഇനിയുള്ള നാളുകളിൽ...

നമ്മുടെ സ്വപ്നത്തിലെ അളവിനൊത്ത നാടിന്റെ

സൃഷ്ടി കർമ്മത്തിൽ ഇടപെടുകയായി. നമ്മൾ....!

ഇതുവരെയുള്ള വ്യാജസങ്കല്പങ്ങളെ മാറ്റി.

ഓരോന്നിന്റെയും ഇന്നലത്തേയും ഇന്നത്തേയും

ചരിത്രവും പരിണാമവും നോക്കി.

നാളത്തെ വികസന ചരിതം ഇവിടെ കുറിച്ചു വച്ചിരിക്കുകയാണ് !

ഇത് ഒരു നാടിന്റെ പൂർണ്ണവികസന ചരിത്രമാണെന്ന് പറയുന്നില്ല.

ഇതിൽ അപൂർണ്ണതയുണ്ടെന്ന് കുറ്റസമ്മതം നടത്തുന്നുമില്ല.

പക്ഷേ. നാളെ നാടിന്റെ ചരിത്രം തേടിയെത്തുന്നവർക്ക്

ഇതൊരു താങ്ങായിരിക്കും.

ഇതിന്റെ വാക്കിലും നോക്കിലും ആധികാരികത പുലർത്താൻ പരമാവധി ശ്രമം നടന്നിട്ടുണ്ട്.

ഈ രേഖയുടെ പൂർത്തീകരണത്തിനായി അഹോരാത്രം പണിപ്പെട്ടവർക്ക്.....

നാടിന്റെ ഗതകാലങ്ങൾ വെളിപ്പെടുത്തിയ മഹാവ്യക്തികൾക്ക്...

ഓരോ പദത്തിലും സർവ്വാത്മനാ പരിശോധന നടത്തിയ ചേരാനല്ലൂർ പഞ്ചായത്ത് ഭൂനകീയാസൂത്രണ സമിതി കൺവീനർ ശ്രീ.ഷാജുവിന്.....

മുഖചിത്രത്തിനുവേണ്ടി പ്രകൃതിയെ മനോഹരമായി ഒപ്പിയെടുത്ത കെ.വി. ദയാലുവിന്.....

സമയപരിധിക്കുള്ളിൽ DTP എടുത്ത കിപ്സിലെ ഫ്രാൻസിസിനും. ആന്റണിക്കും. ഉദയകുമാറിനും....

കടലാസുകളിലേക്ക് വളരെവേഗം ഈ വികസന പരിപ്രേക്ഷ്യം പകർത്തിയ പ്രിന്റിൽ ഹൗസ് പ്രസ്സിലെ ഫാ. പോൾ പെരേരയ്ക്കും. ജീവനക്കാർക്കും.....

നന്ദി പറയേണ്ടവരുടെ പട്ടിക നീളുകയാണ് !

വിശ്രമരഹിതമായ അദ്ധ്വാനത്തിന്റെ രാപകലുകൾക്കു ശേഷം

കടന്നെത്തിയ സംതൃപ്തിയുടെ തിരുമുറ്റത്തുനിന്ന് ആത്മാർത്ഥമായി പറയട്ടെ.

നന്ദി. ഒരായിരം നന്ദി....!

നാളിതുവരെ അറിയാത്ത പുതിയൊരറിവായി നാടിന്റെ വികസന സംരംഭത്തിന്റെ വിജയ പൂർത്തീകരണത്തിനായി ഈ രേഖ ഒരു ചൂണ്ടുപലകയായി തീരട്ടെ എന്നുമാത്രം കുറിയ്ക്കാൻ അനുവദിക്കുക.

സ്നേഹാദരങ്ങളോടെ.

ഒ.എസ്. സുബ്രഹ്മണ്യൻ

എഡിറ്റർ

വികസന റിപ്പോർട്ട് തയ്യാറാക്കിയ ഗ്രൂപ്പ്

- കെ.എം. ജോസഫ്,
- എം. രാമചന്ദ്രൻ
- വി.കെ. ഭാസ്ക്കരൻ
- കെ.ഡി. ഡയനീഷ്യസ്
- പി.ഇസഡ്. സുൾഫി
- വി.ജെ. ജെയ്സൺ
- പി. മുരളീധരൻ
- വി.ജെ. ജൂഡ്
- പി.എസ്. മുരളീധരൻ
- റാഫേൽ ഇമ്മാനുവൽ
- കെ.എ. റാഫേൽ
- സ്റ്റീഫൻ ആന്റണി
- ടി.ജെ. ജിജോ
- ഒ.എസ്. സുബ്രമണ്യൻ
- ഷാജു പള്ളൻ

ദ്വിതീയ വിവര ശേഖരണ ഗ്രൂപ്പ്

- പി.എസ്. മുരളീധരൻ
- എം.ഡി. ആലീസ്
- എം.എൻ. വിജയൻ
- ഹംസ മാസ്റ്റർ
- എം. രാമചന്ദ്രൻ
- വി.കെ. ഭാസ്ക്കരൻ
- വി.ജെ. ജെയ്സൻ
- വി.സി. സുബ്രഹ്മണ്യൻ
- കെ.ഡി. ദയാനന്ദൻ
- റാഫേൽ ഇമ്മാനുവൽ
- പി. മുരളീധരൻ
- പി.ഇസഡ്. സുൾഫി
- വി.എസ്. മജീദ്
- കെ.ഡി. ഡയനീഷ്യസ്
- സി.കെ. ജോയ്
- ഡോ. ശക്തികുമാർ പൈ
- ബെന്നി ഫ്രാൻസിസ്
- വിജയലക്ഷ്മി രാമചന്ദ്രൻ
- കല്ല്യാണി ദേവദാസ്
- വി.ജെ. ജൂഡ്
- ഒ.എസ്. സുബ്രഹ്മണ്യൻ
- ഷാജു പള്ളൻ

ചരിത്രപഠനം: മുഖാമുഖം

പരിപാടിയിൽ പങ്കെടുത്തവർ .

1. ശ്രീ. വി.വി.കെ. വാലത്ത്
2. ശ്രീ. കെ. ഭാസ്ക്കര മേനോൻ
3. ശ്രീമതി. തങ്ക ടീച്ചർ
4. ശ്രീമതി. സാവിത്രി
5. ശ്രീ. കൃഷ്ണൻ കർത്താവ്
6. ശ്രീ. ടി.എസ്. അനന്തൻ പിള്ള
7. ശ്രീ. സി. ദിവാകരൻ കർത്ത
8. ശ്രീമതി. ജാനകിയമ്മ ടീച്ചർ
9. ശ്രീ. കെ.ജെ. ഔസോ

bibliography

1. കേരളത്തിന്റെ സ്ഥലനാമ ചരിത്രം : വി.വി.കെ. വാലത്ത്
2. ഐതിഹ്യമാല : കൊട്ടാരത്തിൽ ശങ്കുണ്ണി
3. Land Resources of Kerala State Kerala State land use Board Trivandrum.
4. Kerala Municipal and Panchayat directory 1960
5. സ്വാതന്ത്ര്യ സമരസേനാനികൾ

Printed & Published by Smt. Vijaya Lakshmi Sadhanandhan, Chief Editor
(President, Cheranelloor Grama Panchayat) on behalf of Cheranelloor Panchayat Janakeeyasoothrana Samithi

Editor O.S. Subramanian

